കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2015 ആഗസ്റ്റ്
വില ₹15

**കുഞ്ഞുമോഹം**
ഒ എൻ വി കുറുപ്പ്

**മാളവികയുടെ അമ്മ**
സി രാധാകൃഷ്ണൻ



പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ആഗസ്റ്റ് 2015**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

# ഉള്ളടക്കം

**സ്നേഹപൂർവ്വം**......4
കെ സി ജോസഫ്

**മുൻമൊഴി**......5
സുഗതകുമാരി

**കേരളഗാനം**......6
ബോധേശ്വരൻ

**എങ്ങനെ പൊന്നോണം പുലരും?**......15
എൻ വി കൃഷ്ണവാരിയർ

**കാർട്ടൂൺ**......26
പി വി കൃഷ്ണൻ

**നെതർലണ്ടിലൂടെ ഒരു യാത്ര**......28
സെബാസ്റ്റ്യൻ പള്ളിത്തോട്

**ഇതു ദേശിങ്ങനാടിന്റെ തീരുമാനം**......40
ഏഴാച്ചേരി രാമചന്ദ്രൻ

**എനിക്കു വാമനനാകേണ്ട**......42
കെ എൽ മോഹനവർമ്മ

**ആനക്കാര്യം**......44
രാജീവ് എൻ ടി

**ഓണം ഓണമാകാനുള്ള വിദ്യ**......46
പ്രൊഫ. എസ് ശിവദാസ്

**കാട്ടിലെ ടൂറിസം മേള**......48
സിപ്പി പള്ളിപ്പുറം

**ഓണക്കോടിയുടുത്തു മാനം**......52
റോസ്മേരി

**അതൊക്കെ ഓർക്കുകയാണിപ്പോൾ**......57
അൻവർ അലി

**തണ്ണീർത്തടങ്ങൾ**......58
തകഴി ശങ്കരനാരായണൻ

**എലിപ്പെട്ടി**......60
ഡോ. കെ ശ്രീകുമാർ

16

## കുഞ്ഞുമോഹം

**ഒ എൻ വി കുറുപ്പ്**

"ഇവിടെ മുത്തച്ഛനെപ്പോലിരുന്ന്
കവിതയും പാട്ടുമെഴുതേണം!"
കെട്ടിപ്പിടിച്ചുഞാനുമ്മവയ്ക്കേ,
പൊട്ടിച്ചിരിച്ചവളോടിപ്പോയി.





8

## മാളവികയുടെ അമ്മ

**സി രാധാകൃഷ്ണൻ**


കുട്ടികളുടെ മനസ്സ് ഏറെ ഹൃദ്യമാണെപ്പോഴും. സഹജീവികളോട് കുട്ടികൾക്കുള്ള ആർദ്രതയും കരുതലും അവരിലേക്കിറങ്ങിച്ചെന്നാൽ മുതിർന്നവർക്കും മനസ്സിലാകും.

35

## എന്നും തളിരായിരുന്നെങ്കിൽ!

**ചെമ്മനം ചാക്കോ**

വയസ്സാകുകയെന്ന പ്രകൃതിയുടെ
നിയമത്തെ തളിരിലയിലൂടെ
നോക്കിക്കാണുന്ന കവിത.



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേ ഔട്ട്
**വിഷ്ണു പി എസ്**

കവർ
**ഭാഗ്യനാഥൻ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# തളിര്

18

## മീൻകോർമ്പലുമായി ഒരു ചെക്കൻ

**എം ആർ രേണുകുമാർ**

''ദേ ചെക്കാ... ഞാനീ പിച്ചാത്തി കൊണ്ട് ഒന്നുതന്നാലുണ്ടല്ലോ.'' അമ്മ എന്റെനേരെ തിരിഞ്ഞു. ഞാൻ പെട്ടെന്നു പുറകോട്ട് ഒഴിഞ്ഞു മാറിയതാണ്. ദാ കിടക്കുന്നു പൊത്തോന്നു താഴെ. ചാമ്പയുടെ തടിയൻ വേരാണ് പണി പറ്റിച്ചത്. ഞാൻ കിടന്നിടത്തു കിടന്നു ചിരിച്ചു.





17

## ഓണമാകുന്നുവോ?

**വി മധുസൂദനൻ നായർ**

ഓണമാകുന്നുവോ,
കാണാത്ത കുന്നിന്റെ
യോരത്തൊരോമനപ്പൂ
ചിരിക്കുന്നുവോ!
കുന്നിടിച്ചും കുളംതോണ്ടിയും
തീർത്തൊരീ
മണ്ണിന്റെയുള്ളിലും
പൂവിത്തുണർന്നുവോ!

51

## അർച്ചന

**സുഗതകുമാരി**

ദേശീയപതാക ഏതൊരാളുടെയും ആവേശമാണ്. പതാകയെ മനസ്സിലേറ്റുന്നവർക്കായി ഒരു കവിത.





36

## ഒരു വസന്തഗാനം

**മുണ്ടൂർ സേതുമാധവൻ**

രണ്ടുകുട്ടികളുടെ സ്നേഹം ഫ്ളാറ്റുജീവിതത്തിന്റെയും ഓണത്തിന്റെയും പശ്ചാത്തലത്തിൽ...


**കണ്ടുപിടുത്തം**......................62
എം കൃഷ്ണദാസ്

**തലതൊട്ടപ്പൻ**......................64
ജോൺ സാമുവൽ

**നഗര പിച്ചകം**......................67
ഇ ജിനൻ

**എനിക്ക് കണ്ടക്ടറാകണം**.......68
ഡോ. എഴുമറ്റൂർ രാജരാജവർമ്മ

**വയലേലയുടെ വിരുന്ന്**..........70
പി കെ ഗോപി

**കുട്ടികളെ കളിപഠിപ്പിച്ച അപ്പൂപ്പൻ**......................71
ബി മുരളി

**കൂടങ്കുളം**......................72
ജി ആർ ഇന്ദുഗോപൻ

**മാഞ്ചോട്ടിൽ**......................76
റഫീക്ക് അഹമ്മദ്

**അമ്മിണി എന്ന പോർച്ചുഗീസുകാരി**..............77
വി എം ഗിരിജ

**താളങ്ങളുടെ നാട്**..................78
മനോജ് കുറൂർ

**സിനിമ** ......................82
തനൂജ ഭട്ടതിരി

**സ്വപ്നം കാണുക കുട്ടികളേ**......................85
ഗിരീഷ് പുലിയൂർ

**കളികൾക്കിടയിൽ**................86
ചന്ദ്രമതി

**സൗന്ദര്യലഹരി**......................91
ഡോ. നെടുമുടി ഹരികുമാർ

**ഒരോർമ്മ**......................92
സുഗതകുമാരി

**ശ്രാവണസ്മൃതി**....................93
സുമേഷ്കൃഷ്ണൻ എൻ എസ്

**സ്കൂൾ ഡെയ്സ്**..................94
രാജീവ് എൻ ടി

## സ്നേഹപൂർവ്വം

പ്രിയപ്പെട്ട കുട്ടികളേ,

കഴിഞ്ഞ മാസമാണ് സിവിൽസർവീസ് പരീക്ഷയുടെ ഫലം വന്നത്. സർക്കാർ മേഖലയിൽ ഇന്ത്യയിലെ ഏറ്റവും വലിയ ഉദ്യോഗസ്ഥപദവികളിലേക്കുള്ള പരീക്ഷയാണ് സിവിൽ സർവീസ് പരീക്ഷകൾ. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്, ഇന്ത്യൻ പോലീസ് സർവീസ്, ഫോറിൻ സർവീസ്, റവന്യൂ സർവീസ് എന്നു തുടങ്ങി 24 വ്യത്യസ്ത സേവനമേഖലകളിലേക്കുള്ള പ്രഗത്ഭമതികളെ കണ്ടെത്താനുള്ള പരീക്ഷ.

ഇത്തവണ ഒന്നാംറാങ്ക് കരസ്ഥമാക്കിയതാരാണ് എന്നറിയുമോ? ഡൽഹി സ്വദേശിയായ ഇറാ സിംഗാൾ. ഏറെ പ്രത്യേകതകളുണ്ട് ഇറായുടെ വിജയത്തിന്. ഭിന്നശേഷിയുള്ള കുട്ടിയായിരുന്നു ഇറാ. പക്ഷേ തന്റെ ദൃഢനിശ്ചയം കൊണ്ട് രാജ്യത്തെ ഏറ്റവും വലിയ പരീക്ഷയിൽ ഒന്നാംസ്ഥാനത്തെത്താനായി ഇറാ സിംഗാളിന്. ശാരീരികമായ അവശതകളൊന്നും ലക്ഷ്യം നേടാൻ തടസ്സമല്ല എന്നാണ് ഇറാ സിംഗാൾ തെളിയിക്കുന്നത്. 2013ലെ പരീക്ഷയിൽ ഇന്ത്യൻ റവന്യൂ സർവീസ് നേടിയ സിംഗാൾ ജോലിക്കിടയിലാണ് ഇത്തവണത്തെ പരീക്ഷയെഴുതിയതും നേട്ടം കൈവരിച്ചതും. സ്വന്തം കഴിവുകൾ എന്തെന്നു കണ്ടെത്താനും വികസിപ്പിക്കാനും ശ്രമിക്കുക മാത്രമാണ് ഇറാ സിംഗാൾ ചെയ്തത്. നിങ്ങളിലോരോരുത്തരിലും ഉണ്ട് പലതരം കഴിവുകൾ. അത്തരം കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനുമാണ് ഓരോരുത്തരും ശ്രമിക്കേണ്ടത്.

രണ്ടാംറാങ്ക് നേടിയ രേണു രാജൻ ഉൾപ്പടെ നിരവധി മലയാളികൾ ഇത്തവണയും മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. ഏറെ സന്തോഷകരമായ ഒരു കാര്യം മലയാളം പ്രധാനവിഷയമായെടുത്താണ് പലരും മുൻനിരയിൽ എത്തിയതെന്നാണ്. മലയാളം പഠിക്കേണ്ടതില്ല എന്നു പറയുന്ന ഒട്ടേറെപ്പേർ ഇന്നു നമുക്കിടയിലുണ്ട്. ഇംഗ്ലീഷ് മാത്രം മതി എന്നാണ് അവരുടെ ധാരണ. പക്ഷേ ഈ വിജയങ്ങൾ ഇത്തരം ധാരണകളെ തിരുത്തിക്കുറിക്കുന്നു. കേരളത്തിൽ ജീവിക്കുന്ന ഓരോരുത്തരും മലയാളം നന്നായി പഠിക്കുക തന്നെ വേണം. നന്നായി മലയാളം അറിയാമെങ്കിൽ ഏതു ഭാഷയും നിങ്ങൾക്കു സ്വായത്തമാക്കാൻ കഴിയും. സിവിൽ സർവീസ് പോലുള്ള പരീക്ഷകളിലും മറ്റു മേഖലകളിലും ഉന്നതവിജയം നേടാൻ മാതൃഭാഷ സഹായിക്കുക തന്നെ ചെയ്യും.

സ്വാതന്ത്ര്യദിനവും ഓണവും നിങ്ങളുടെ തൊട്ടടുത്തുണ്ട്. 'മാനുഷരെല്ലാരുമൊന്നുപോലെ' എന്ന ആശയത്തെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തോടു ചേർത്തുവച്ചു സംരക്ഷിക്കാൻ ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്. ഇറാ സിംഗാളിനെപ്പോലെ പരിമിതികളെ മറികടന്ന് സ്വന്തം കഴിവുകളെ കണ്ടെത്തി അതു സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്താൻ നിങ്ങൾക്കു കഴിയട്ടെ.

സ്വാതന്ത്ര്യദിനത്തിന്റെയും ഓണത്തിന്റെയും ആശംസകളോടെ,

സ്നേഹപൂർവ്വം



**കെ സി ജോസഫ്**
(സാംസ്കാരികവകുപ്പു മന്ത്രി)



വര:സുധീർ പി വൈ

# ഓണം

ഓണം ഐശ്വര്യത്തിന്റെയും ആഹ്ലാദത്തിന്റെയും കാലമാണ്. പണ്ടു കൊയ്ത്തുകഴിഞ്ഞ ഉത്സവവേളയായിരുന്നു ഓണം. പുതുനെല്ലിന്റെ മണം, പുത്തരിച്ചോറിന്റെ രുചി, ഇടവപ്പാതിയും കർക്കടകക്കോളും കഴിഞ്ഞു കുളിച്ചു കയറി ഓണക്കോടിയുടുത്ത്, പൂക്കളണിഞ്ഞു ചമഞ്ഞു വിളങ്ങി നിൽക്കുന്ന ശ്രീദേവിയായി മാറുകയാണ് അന്നു മലയാളനാട്. ഓണക്കോടിയും പൂക്കളവും സദ്യമേളങ്ങളും പാട്ടും കളിയും ഊഞ്ഞാലാട്ടവുമെല്ലാമായി തിമർക്കുന്നൊരു കാലം. കുട്ടികൾക്കു അവധിക്കാലം, കളിക്കാലം. ആ ദിവസങ്ങളിലെങ്കിലും ട്യൂഷനില്ലെന്ന് ആശ്വസിക്കാം.

ഇന്നത്തെ ഓണം തികച്ചും വിഭിന്നമാണെങ്കിലും അന്നും ഇന്നും ഏതുദുഃഖത്തിലും അതെല്ലാം മറന്ന് ആഹ്ലാദിക്കാൻ ആളുകൾ ഒരുങ്ങുന്നു. എത്ര ദാരിദ്ര്യമാണെങ്കിലും ഓണക്കോടി വാങ്ങുന്നു. പായസം കൂട്ടി ഊണു കഴിക്കുന്നു. ഞാൻ വൻപണക്കാരെപ്പറ്റിയല്ല പറയുന്നത്. സാധാരണക്കാരെ, പാവപ്പെട്ടവരെപ്പറ്റിയാണ്. പുരുഷന്മാർ കൂടുതൽ മദ്യപിച്ചു രസിക്കുമെന്നും സ്ത്രീകൾ കോടിവാങ്ങാനും സിനിമകാണാനും തിരക്കിടുമെന്നുമൊക്കെ അറിയാമെങ്കിലും ഓണം നമുക്കു പ്രിയപ്പെട്ടൊരു വേളയാണ്. പാട്ടും കളികളും ഉപ്പേരിയും പായസമധുരവും അഴകും നിറഞ്ഞൊരു വേളയാണ്. ആ ദിവസങ്ങൾ വീണ്ടും വരുമ്പോൾ 'സന്തോഷിക്കൂ' എന്നു മാത്രമേ എനിക്കു നിങ്ങളോടു പറയാനുള്ളൂ.

ധാരാളം കളിക്കാനും ചിരിക്കാനും പാടാനും തിമർക്കാനുമൊക്കെ നിങ്ങൾക്കു സാധിക്കട്ടെ. അതോടൊപ്പം അയൽപ്പക്കത്തെ കൂട്ടുകാരനോ കൂട്ടുകാരിക്കോ ഓണമുണ്ടോ എന്നുകൂടി അന്വേഷിക്കുക. ഇല്ലെന്നാണെങ്കിൽ അതെന്തുകൊണ്ടാണെന്നു മനസ്സിലാക്കുക. നിങ്ങളുടെ ഓണത്തിൽ അവരെക്കൂടി പങ്കാളികളാക്കുക. ഇതൊക്കെയാണ് ഓണാശംസയായി എനിക്കു പറയാനുള്ളത്. നന്നായിവരട്ടെ. മിടുമിടുക്കരായി വളർന്നുവരട്ടെ. നിങ്ങൾ വളരുമ്പോഴേക്ക് ഈ നാട്ടിൽ നല്ലൊരു പുതിയ പൊന്നോണക്കാലവും പുലരുമാറാകട്ടെ...

സ്നേഹപൂർവ്വം
**സുഗതകുമാരി**



# കേരളഗാനം

ബോധേശ്വരൻ

ജയ ജയ കോമള കേരള ധരണീ
ജയ ജയ മാമക പൂജിത ജനനീ
ജയ ജയ പാവന ഭാരത ഹരിണീ
ജയ ജയ ധർമ്മ സമന്വയ രമണീ
ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരള ധരണീ

പ്രേമദമാകും പ്രമദവനം താൻ
ശ്യാമള സുന്ദരമെന്നുടെ രാജ്യം
മലയജ സുരഭില മാരുതനേൽക്കും
മലയാളം ഹാ! മാമക രാജ്യം
മരിച മനോഹര ലതികാശ്ലേഷിത
തരുനിരതിങ്ങും മാമക രാജ്യം
കളകളമോതിയിണങ്ങി വരുന്നൊരു
സലിലസമൃദ്ധം മാമക രാജ്യം

ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരള ധരണീ

മാധവമാസം ഞങ്ങൾക്കെന്നും
വാസന്ത ശ്രീയനുദിനമിവിടെ
മോഹന ഖഗഗണ കൂജന രാജിത
മോഹദവാടികയെന്നുടെ രാജ്യം
ജാതിമതാന്ധ്യം അതാന്തമെതിർക്കും
ബോധവിഭാവിതം എന്നുടെ രാജ്യം

ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരള ധരണീ

വര:സജി വി



പാലൊളിതൂകും പൂന്തുകിൽ ചാർത്തും
ലോലകൾ വിലസും മലയാളത്തിൽ
കല്പക തരുനികരങ്ങൾ നിരക്കും
കല്പിതഭൂവാം മലയാളത്തിൽ
തുഞ്ചശുകി കളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമക ഗേഹം
മാമക നാകം മാമക വിലയം
ജയ ജയ കോമള കേരള ധരണീ
ജയ ജയ മാമക പൂജിത ജനനീ.

*(രചിച്ചത് 1938 ൽ)*

*(കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ ഔദ്യോഗിക ഗാനമായി 2014 ൽ അംഗീകരിച്ചത്.*

*കേരളപ്പിറവി 1956 ൽ ആയിരുന്നു. അന്നോളം മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നു മൂന്നായി പിരിഞ്ഞു കിടന്ന നാടുകളാണ് കേരളമെന്നപേരിൽ ഒന്നായിത്തീർന്നത്. എന്നാൽ അതിന് എത്രയോ മുമ്പുതന്നെ ഐക്യകേരളം സ്വപ്നംകണ്ടു നടന്ന കുറെ ദേശസ്നേഹികൾ ഇവിടെയുണ്ടായിരുന്നു. അവരിലൊരാളായിരുന്ന ബോധേശ്വരൻ എന്ന കവി സ്വാതന്ത്ര്യസമരകാലത്തു രചിച്ച ഗാനത്തിന്റെ ഏതാനും ഭാഗങ്ങളാണിത്. എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസമെങ്കിലും അസംബ്ലിയിൽ ഈ ഗാനം കേൾപ്പിക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. നിങ്ങളുടെ സ്കൂളിലും എം ജയചന്ദ്രൻ സംവിധാനം ചെയ്ത ഈ ഗാനം ചിത്രയുടെയും കൂട്ടരുടെയും മധുരശബ്ദത്തിൽ ഒഴുകിയെത്തും.)*



# മാളവികയുടെ അമ്മ

## സി രാധാകൃഷ്ണൻ

കോരിച്ചൊരിയുന്ന മഴ. നിരത്തിലെ വെള്ളക്കുഴികളിൽ ചപ്ളികൊട്ടി മാളവിക രസിച്ചു നടന്നു. കർക്കിടകം കഴിയുവോളം ഷൂ ധരിക്കേണ്ട എന്ന് സ്കൂളിൽ ഇളവുണ്ട്. കാറ്റു പിടിക്കാതെ ഒതുക്കിച്ചൂടിയ കുഞ്ഞിക്കുടപ്പുറത്ത് തോരാമാരിയുടെ തായമ്പക കനത്തു. പുത്തൻ ശീലയുടെ മണമുള്ള കുട ചുമലിലെ പുസ്തകസഞ്ചിയുടെ മുതുകത്തു ചായ്ച്ചാണു വെച്ചത്. മഴയുടെ മസ്ലിൻതിരശ്ശീലയ്ക്കപ്പുറം തെങ്ങിൻ തലപ്പുകൾ മുടിയാട്ടം അവതരിപ്പിക്കുന്നു.

കുറച്ചേ നടക്കാനുള്ളൂ, ഒരു വയൽപ്പാടുദൂരം. നിരത്തിനിരുവശവും വീടുകളില്ല. അക്കേഷിയ മരങ്ങളുടെ തോരാപ്പന്തലിന്നടിയിലെ കുട്ടിപ്പുരലോകം. അതു കഴിഞ്ഞാൽ ചെറിയ ഒരു അങ്ങാടി. പിന്നെ ഒരു ഓവുപാലം. അതിന്റെ അടിയിലൂടെ കുത്തൊഴുക്കാണ്. വീണ്ടും ഒരു വയൽപ്പരപ്പുകൂടി പോയാൽ സ്കൂളായി. സ്കൂളിന്റെ പിന്നിൽ പുഴയാണ്. അമർത്തിപ്പിടിച്ച അലർച്ചയോടെ നിറഞ്ഞൊഴുകുന്ന പുഴ. ക്ലാസ്സിൽ ഇരുന്നാൽ അതിന്റെ ഒഴുക്കു കാണാം. ചുഴികളും മുഴപ്പുകളും കലക്കിൽ ഒഴുകിപ്പോകുന്ന ഉരുപ്പടികളും നോക്കിയിരിക്കാൻ നല്ല രസം.

തനിച്ചാണ് എന്നും യാത്ര. നിരത്തിന്റെ ഓരത്തൂടെ ഒതുങ്ങി നടക്കണം. സൂക്ഷിക്കണം എന്ന് അമ്മയും മുത്തശ്ശിയും വീണ്ടുംവീണ്ടും പറയും. മാളവിക തല കുലുക്കും. ദൂരം ഏറെ ഇല്ലെങ്കിലും ഉച്ചയ്ക്കു വീട്ടിലേക്കു പോകാറില്ല. കഴിക്കാനു



വര: ബാബുരാജൻ

ള്ളതു പാത്രത്തിലാക്കി അമ്മ സഞ്ചിയിൽ വെക്കും. അമ്മയ്ക്കു ജോലിക്കു പോകാനുണ്ട്. മുത്തശ്ശി ഒരു വശം തളർന്നു കിടപ്പുമാണ്. ഗൾഫിലുള്ള അച്ഛൻ ആഴ്ചയിൽ ഒരിക്കൽ വിളിക്കും. ആണ്ടിലൊരിക്കൽ വരും. അയൽവക്കത്തെ മെമ്പർമാമനാണ് ആപൽക്കാലസഹായി. ദേഷ്യക്കാരനായ മാമന് എന്നുമെപ്പോഴും തിരക്കാണ്. നൂറുകൂട്ടം ആളുകളുടെ കാര്യം. അതിനിടയിൽ ഇതും.

ഓവുപാലം കഴിഞ്ഞ ഉടനെ ഒരു നാലുകാലോലപ്പുരയുണ്ട്. ബസ്സ് കാത്തു നിൽക്കുന്നവരുടെ സൗകര്യത്തിനായി യുവജന വായനശാല കെട്ടിയതാണ്. ആണ്ടു കഴിഞ്ഞിട്ടും പക്ഷേ, പുതുക്കി മേഞ്ഞിട്ടില്ല. ചോരാത്ത ഒരിടവും അതിനകത്തില്ല. അലഞ്ഞു മേയുന്ന കന്നുകാലികൾ അതിൽ കയറിക്കിടക്കും. അല്പം മണ്ണിട്ടുയർത്തിയ തറയിൽ ചാണകവും മൂത്രവും കൂടിക്കുഴഞ്ഞ അഴുക്കാണ്. അതിലാണ് ആ അമ്മയും കുഞ്ഞുംഇരുന്നത്. ഇപ്പോൾ അവിടെ ഒരു ആൾക്കൂട്ടമാണ് ഉള്ളതെന്നു പാലം കയറിത്തുടങ്ങിയപ്പോഴേ മാളവികയ്ക്കു മനസ്സിലായി. പാലത്തിന്റെ മുതുക് മറവായതിനാൽ അടുത്തെത്തിയാലേ കാണൂ.

രണ്ടാഴ്ചയായി ആ അമ്മയും കുട്ടിയും അവിടെ ഉണ്ടായിരുന്നു. എങ്ങുനിന്ന് വന്നെന്ന് അറിയില്ല. ആരും അന്വേഷിക്കുന്നത് മാളവിക കണ്ടില്ല. നനഞ്ഞുകുതിർന്നും ചൂളിവിറച്ചും അവരവിടെ കൂനിക്കൂടി ഇരുന്നു. നനയാതെ ബാക്കിയുള്ള ഇത്തിരിയിടത്താണ് ഇരുന്നത്. രണ്ടുവയസ്സു തികയാത്ത കുട്ടിയുടെ മുഖത്തു പേടിയും പരവശതയും. ചെറുപ്പക്കാരിയായ അമ്മയുടെ ദേഹം മെലിഞ്ഞ് ഈർക്കിൽ പോലെ. എണ്ണമയമില്ലാത്ത മുടി നനഞ്ഞൊട്ടി വയ്ക്കോൽത്തുരുമ്പ് ചീഞ്ഞ മാതിരി. പിഞ്ഞിയ ബ്ലൗസ്സും കീറിത്തൂങ്ങുന്ന ചേലയും. തോളത്തെ പീറമാറാപ്പിൽ നിന്ന് ഒരു അലുമിനിയപ്പാത്രം അതിന്റെ കോടിയ മുഖംപാതി പുറത്തു കാണിക്കുന്നു.

കഴിഞ്ഞ തിങ്കളാഴ്ച സ്കൂളിൽ പോകുമ്പോഴാണ് മാളവിക അവരെ ആദ്യം കണ്ടത്. പുലരുംവരെ പെയ്ത മഴ ശമിച്ചിരുന്നു. വൈകിയ കാനൽത്തുള്ളികൾ മുന്നറിയിപ്പില്ലാതെ വീണുകൊണ്ടിരുന്നു. നിരത്തിലൂടെ പോകുന്ന ആരും അവരെ നോക്കുന്നേ ഇല്ലായിരുന്നു.

ഓവുപാലത്തിനടിയിലെ ഒഴുക്കിൽനിന്നു ചൂണ്ടയിട്ട് ചെറുമീൻ പിടിക്കാൻ പാടുപെടുന്നവർ തൊട്ടരികിലുണ്ട്. അവരും അപ്പുറത്തേക്ക് തിരിഞ്ഞുനോക്കുന്നില്ല.

മാളവിക സ്വയമറിയാതെ അവരുടെ മുന്നിൽ നിന്നുപോയി. അമ്മയുടെയും ഉടുപ്പൊന്നും ഇടാത്ത കുട്ടിയുടെയും നോട്ടം ഒരുമിച്ച് മാളവികയിലേക്കു നീണ്ടു. കട്ടിക്കാറിനിടയിലൂടെ വരുന്ന സൂര്യപ്രകാശം പോലെ കുട്ടിയുടെ കൺമണികളിൽ മാളവികയുടെ നേർക്കു ഒരു തിളക്കമുണ്ടായി. ഒപ്പം, അവന്റെ കുഞ്ഞിക്കൈ മാളവികയുടെ നേരെ നീണ്ടു. ചുണ്ടു പിളർത്തി അവൻ കരഞ്ഞു. അവനെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നതിനുപകരം അവന്റെ അമ്മ നെടുതായി നിശ്വസിച്ചു മുഖം കുനിച്ചതേയുള്ളൂ. കുട്ടിക്കു വിശക്കുന്നുണ്ടാകുമെന്ന് മാളവികയ്ക്കു തോന്നി. നോക്കി നിൽക്കുന്തോറും ആ തോന്നൽ ഉറച്ചു. മടക്കിയ കുടയും പിന്നെ ചുമലിലെ ബാഗും ഓവുപാലത്തിന്റെ കൽക്കെട്ടിൽവെച്ച് മാളവിക ബാഗുതുറന്നു. അതിലെ ടിഫിൻബോക്സ് പുറത്തെടുത്തു. മൂന്ന് ഇഡ്ഢലിയും ഒരു ചെറിയ അളുക്കിൽ തേനും രണ്ട് ലഡുവുമാണ് അമ്മ അതിൽ വച്ചിട്ടുള്ളത്.

മാളവിക ഒരു ലഡു അവനു നീട്ടി. അവന്റെ അമ്മ ആലസ്യത്തിൽ നിന്നുണർന്നു വേണ്ട എന്ന്

**കഴിഞ്ഞ തിങ്കളാഴ്ച സ്കൂളിൽ പോകുമ്പോഴാണ് മാളവിക അവരെ ആദ്യം കണ്ടത്. പുലരുംവരെ പെയ്ത മഴ ശമിച്ചിരുന്നു. വൈകിയ കാനൽത്തുള്ളികൾ മുന്നറിയിപ്പില്ലാതെ വീണുകൊണ്ടിരുന്നു. നിരത്തിലൂടെ പോകുന്ന ആരും അവരെ നോക്കുന്നേ ഇല്ലായിരുന്നു.**

ആംഗ്യം കാണിക്കു ന്നതിനകം അവൻ അതു വാങ്ങി തിന്നുതുടങ്ങി. മാളവികയ്ക്കു വലിയ സന്തോഷം തോന്നി. അവന്റെ ആ നുണഞ്ഞു തീറ്റ മാളവിക നോക്കി നിന്നു. ഒരു ലഡുകൂടി അതേപോലെ അവൻ തിന്നു. അതു നീട്ടിയ പ്പോൾ അമ്മ വേണ്ടെന്ന് ആംഗ്യം കാണിച്ചില്ല. കാരണം അവരതു കാണുന്നില്ലായിരുന്നു. അവരുടെ കണ്ണുകൾ ഏതോ പ്രാർത്ഥനയിൽ എന്നപോലെ കൂമ്പിയാണിരുന്നത്.

**പാതി ഇഡ്ഡലി കൈയിലുമായി ആ അമ്മ മാളവികയെ ദൈവത്തെയെന്നപോലെ നോക്കി. വളരെ ഇഷ്ടമുള്ള ഒരാളുടെ വാരിപ്പുണരുന്ന നോട്ടം. തന്നെ ആരും അന്നേവരെ അങ്ങനെ നോക്കിയിട്ടില്ലെന്നു മാത്രം മാളവികയ്ക്കു മനസ്സിലായി. അച്ഛൻ ഓർക്കാപ്പുറത്തു വന്നുകിട്ടിയാലുള്ള സന്തോഷം അപ്പോൾ മാളവികയ്ക്കു തോന്നി.**

മുകളിൽ ചീഞ്ഞടർന്നു തൂങ്ങി നിൽക്കുന്ന മേച്ചിലിലെ ഓലക്കൊടി കളിൽ നിന്ന് വെള്ളത്തു ള്ളികൾ തലയിൽ ഊർന്നുവീണിട്ടും അവർ കണ്ണു തുറന്നില്ല.

പിന്നെ മാളവിക അവന് ഒരു ഇഡ്ഡലി കൊടുത്തു. തേനോ ചട്ണിയോ കൂടാതെ അവനതു തിന്നു. രണ്ടാമത്തെ ഇഡ്ഡലി കൊടുക്കാൻ പുറപ്പെട്ട പ്പോൾ അവന്റെ അമ്മ വീണ്ടും തടഞ്ഞു. 'മതി, ഇനിയുള്ളത് മോള് കഴിച്ചോ.'

മാളവിക പറഞ്ഞു. 'എനിക്ക് ഒന്നു മതി.'

രണ്ടാമത്തേതിന്റെ പകുതികൂടി അവൻ തിന്നു. അവനു മതിയായി. വെള്ളം കുടിക്കാഞ്ഞ് എക്കിളെടുത്തു. വാട്ടർ ബോട്ടിൽ തുറന്ന് മാളവിക അവന്റെ വായിൽ വെള്ള മൊഴിച്ചു കൊടുത്തു. അതു കുറെ കുടിച്ചതോടെ എക്കിളടങ്ങിയതോടൊപ്പം അവന്റെ കണ്ണുകൾ താനേ അടഞ്ഞു.

പാതി ഇഡ്ഡലി കൈയിലുമായി ആ അമ്മ മാളവികയെ ദൈവത്തെ യെന്നപോലെ നോക്കി. വളരെ ഇഷ്ടമുള്ള ഒരാളുടെ വാരിപ്പുണരുന്ന നോട്ടം. തന്നെ ആരും അന്നേവരെ അങ്ങനെ നോക്കിയിട്ടില്ലെന്നു മാത്രം മാളവികയ്ക്കു മനസ്സി ലായി. അച്ഛൻ ഓർക്കാപ്പു റത്തു വന്നുകിട്ടിയാലുള്ള സന്തോഷം അപ്പോൾ മാളവികയ്ക്കു തോന്നി. കണ്ണു നിറഞ്ഞു.

ഓവുപാലത്തിലിരുന്ന് ചൂണ്ടയിടുന്ന ചെറുപ്പ ക്കാരും തൊട്ടപ്പുറത്തെ ചായക്കടയിൽ ഉള്ളവരും ഇതൊക്കെ കാണുന്നു ണ്ടായിരുന്നു. ആരോ ഉറക്കെ പറഞ്ഞു. 'ആ അസത്ത് ആ കുട്ടിയുടെ ഉച്ചച്ചോറൊക്കെ വാങ്ങി തിന്നു. ഇതിനെക്കൊണ്ട് വലിയ ശല്യമായല്ലോ!'

മാളവിക സ്കൂളിൽ നിന്ന് തിരികെ പോരു മ്പോഴും അമ്മയും കുഞ്ഞും അവിടെ ഉണ്ടായിരുന്നു. മഴ പൊടിയുന്നുമുണ്ടായിരുന്നു. അവർക്ക് കൂട്ടുണ്ടായിരു ന്നത് രണ്ട് ആടുകൾ മാത്രം. ക്രയോൺപെട്ടി യിൽ കിടന്ന രണ്ടുറുപ്പിക നാണയം മാളവിക നേരത്തേ എടുത്ത് കൈയിൽ വെച്ചിരുന്നു. പക്ഷേ, മുഖം കുനിച്ച് ഇരിക്കുന്ന ആ അമ്മ അതു കണ്ടതേ ഇല്ല. കൈ പിൻവലിച്ച് നടന്നകന്ന് മാളവിക തിരിഞ്ഞു നോക്കുമ്പോഴും അവർ അതേ ഇരിപ്പാണ്.

വീട്ടിൽ എത്തിയിട്ട് മാളവികയ്ക്ക് ഒന്നിനും ഉൽസാഹം തോന്നിയില്ല. വിചാരം മുഴുക്കെ ആ അമ്മയെയും കുട്ടിയെയും കുറിച്ച് ആയി. അവർ എന്ത് ആഹാരം കഴിക്കും? വല്ലാതെ മഴ വന്നാൽ എവിടെ പോകും? അവർക്കു വീടില്ലേ, ആളില്ലേ? പാട്ടു പഠിപ്പി ക്കാൻ പതിവുപോലെ വന്ന മാഷ് മാളവികയോടു പിണങ്ങിയാണു പോയത്. താളവും സ്വരവും ശരിയാ യില്ല. നാമം ചൊല്ലുമ്പോഴും ഹോംവർക്കു ചെയ്യാനിരു ന്നിട്ടും ആലോചിച്ചത് ആ അമ്മയേയും കുട്ടിയേയും പറ്റിത്തന്നെ. അവരെ വീട്ടി ലേക്കു വിളിച്ചു നോക്കാമാ യിരുന്നുവെന്നു സങ്കടപ്പെട്ടു. അമ്മയോടു ചോദിച്ച് നാളെ വിളിക്കാം എന്നു നിശ്ചയിച്ചു. ചോദിച്ചു കഴിഞ്ഞപ്പോഴോ, ചോദിക്കേണ്ടിയിരുന്നില്ല എന്നു തോന്നി.

'വല്ലാതെ കൊഞ്ചണ്ട! നീ തൽക്കാലം നിന്റെ കാര്യം നോക്കിയാൽ മതി!' എന്നു കയർക്കുകയാണ് അമ്മ ചെയ്തത്. ''ഉള്ള ഒന്നിനെ പുലർത്താനുള്ള പാട് എനിക്കല്ലേ അറിയൂ!''

മുത്തശ്ശിയോടു ചെന്ന്

സങ്കടം പറഞ്ഞിട്ടും ഫലമുണ്ടായില്ല. ''ഈ ലോകത്ത് അങ്ങനെ എത്രയോ ആളുകളില്ലെ കുട്ട്യേ. അവരയൊക്കെ ചെല്ലും ചെലവും കൊടുത്തു സംരക്ഷിക്കാൻ നമുക്കു കഴിയ്യോ?'' എന്നു മുത്തശ്ശി കൈമലർത്തി. എന്നിട്ടു പിറുപിറുത്തു. ''സുകൃതക്ഷയം! അല്ലാതെന്താ!'' തുടർന്ന് ഇങ്ങനെയും, ''ഈശ്വരാ എന്റെ മക്കൾക്ക് ഈ ഗതി വരുത്തല്ലേ...''

പിറ്റേന്നാളും മാളവിക തന്റെ ഭക്ഷണത്തിൽ മുക്കാലോഹരിയും അവർക്കു കൊടുത്തു. അന്നു വൈകുന്നേരം വീട്ടിലെത്തിയപ്പോഴേക്ക് പക്ഷേ ആ വിവരം അവിടെകിട്ടിയിരുന്നു. ആരാണത് മുത്തശ്ശിയോടു ചെന്നുപറഞ്ഞത് എന്നറിയില്ല. അമ്മ ഓഫീസിൽ നിന്നു വന്നയുടൻ മുത്തശ്ശി അമ്മയോടു പറയുന്നതു കേട്ടു. ''നീയാ കുട്ടിക്ക് വേഗം വല്ലതും കഴിക്കാൻ കൊടുക്ക്. കൊണ്ടുപോയതൊക്കെ രാവിലെത്തന്നെ അവളു ദാനം ചെയ്തൂത്രേ.''

അമ്മ വിചാരണ തുടങ്ങുമ്പോഴേ മാളവിക നേരുപറഞ്ഞു. അതുകൊണ്ട് അന്ന് കർശനമായ ശാസനയേ ഉണ്ടായുള്ളൂ. അമ്മ മൂക്കു പിഴിഞ്ഞു. ''മറ്റുള്ളോര് കഷ്ടപ്പെട്ട് ഉണ്ടാക്കി പാത്രത്തിലാക്കി തരണത് വഴിയിൽ കണ്ടവരെ ഊട്ടാനല്ല! ഇനി ഇങ്ങനെ ചെയ്താൽ...!''

എന്നിട്ടും മാളവിക പിറ്റേന്നാളും അതിന്റെ പിറ്റേന്നും അതുതന്നെ ചെയ്തു. അമ്മയെ ധിക്കരിച്ചു സങ്കടപ്പെടുത്തണമെന്നു കരുതിയിട്ടല്ല. അതിലേ കടന്നുപോകെ ആ കുട്ടിക്ക് അന്നം കൊടുക്കാതെ പോകാൻ മാളവികയ്ക്കു മനസ്സു വന്നില്ല. കൊടുക്കുന്നത് ആരും കാണാതിരിക്കാൻ ശ്രദ്ധിച്ചു. എങ്കിലും പെരുവഴിയല്ലെ. എങ്ങനെ മറച്ചു പിടിക്കാൻ.



വിവരമറിഞ്ഞ് അമ്മയുടെ വക ശിക്ഷയുമുണ്ടായി. ചൂലിൽനിന്നൂർന്ന ഒരുപിടി ഈർക്കിൽ കൊണ്ടു തുടയിൽ പൊതിരെ അടി. നന്നായി നൊന്തപ്പോൾ മാളവിക കരഞ്ഞു. അപ്പോഴും മനസ്സിൽ ഉറപ്പിച്ചു. നാളെയും കൊടുക്കും. വാശിയോടെ അമ്മയോട് അതു പറയുകയും ചെയ്തു. അപ്പോഴാണ് അമ്മ അച്ഛനെ ഫോണിൽ വിളിച്ചു കരഞ്ഞത്. അമ്മയെ അനുസരിക്കണം. കരയിക്കരുത് എന്നു ഫോണിൽ അച്ഛൻ മാളവികയോടു പറഞ്ഞപ്പോഴും മാളവിക ശഠിച്ചു. ''ആ കുട്ടിക്ക് വിശന്നിട്ടാണ്. വിശക്കുന്നവർക്കു വല്ലതും കൊടുക്കണമെന്ന് അച്ഛൻ പറയാറില്ലേ. ഞാൻ കൊടുക്കും!''

മാളവികയുടെ പിറന്നാളിന് എല്ലാ വർഷവും അച്ഛൻ ഉണ്ടാകാറുണ്ട്. ടൗണിലെ

അനാഥാലയത്തിലെ കുട്ടികളുടെ കൂടെയാണു പിറന്നാളൂണ്. അവരുടെ വിശപ്പടക്കലാണ് ഈശ്വരപൂജ എന്ന് അച്ഛൻ പറയാറുണ്ട്. അവർ തന്റെ കൂടെ ഉണ്ണുന്നതു കാണുന്ന സന്തോഷമാണ് മാളവിക യ്ക്ക് ഈ ഉണ്ണിയെ ഊട്ടു മ്പോഴുള്ളത്.

അമ്മ ഫോൺ വാങ്ങി അച്ഛനോടു പിന്നെയും കുറെ കരഞ്ഞു. കുറച്ചു കഴിഞ്ഞ് മെമ്പർമാമൻ വന്നു. മാമനെ അച്ഛൻ വിളിച്ചു പറഞ്ഞു വീട്ടി ലേക്ക് അയച്ചതായിരുന്നു. അമ്മ മാമനോടും കരയാൻ തുടങ്ങിയപ്പോൾ മാമൻ പറഞ്ഞു. ''ഞാൻ എല്ലാം അറിഞ്ഞു. കരയാതിരക്കൂ. വഴി ഉണ്ടാക്കാം.''

ഇതൊരു വെള്ളിയാഴ്ചയായിരുന്നു. പിന്നെ രണ്ടുദിവസം മാളവികയ്ക്ക് ആ അമ്മ യെയും കുട്ടിയെയും കാണാൻ കഴിഞ്ഞില്ല. ഒന്നുപോയി നോക്കാൻ



അനുവാദം ചോദിച്ചിട്ട് അമ്മ സമ്മതിച്ചില്ല. പുറത്തിറങ്ങാൻ പുറപ്പെട്ടാൽമുറിയിലിട്ട് അടയ്ക്കുമെന്നു മുന്നറിയിപ്പു വന്നു.

ശനിയും ഞായറും അമ്മയെ വീട്ടുപണിക്ക് സഹായിക്കാൻ വരുന്ന അമ്മുച്ചേച്ചി അമ്മയോടു പറയുന്നതു കേട്ടാണ് മാളവിക കൂടുതൽ വിവര ങ്ങൾ അറിഞ്ഞത്. വഴിയാ ധാരമായ ആ അമ്മയും കുട്ടിയും അയൽദേശക്കാ രാണ്. സുഖമായി കഴിഞ്ഞ കൂട്ടരാണ്. ഭർത്താവിനു ദുബായിലായിരുന്നു ജോലി. ഒരു കൊല്ലം മുമ്പ് അവിടെ എന്തോ ഒരു അപകടത്തിൽ മരിച്ചു. നഷ്ടപരിഹാരമൊ ന്നും ഇതുവരെയും കിട്ടി യില്ല. ഈയിടെ അവരുടെ പുറമ്പോക്കിലെ ഓലവീട് ഹൈവേ വീതി കൂട്ടാൻ ഒഴിപ്പിച്ചു. കേറിക്കിടക്കാൻ ഇടമില്ല. ഉണ്ടായിരുന്ന മിന്നിയൊക്കെ വിറ്റു തീർന്നു. ഉടുതുണിക്കു മറു തുണി ഇല്ല. ജാതി മാറി കെട്ടിയതാണ്. ഇരുവശ ത്തെയും ആൾക്കാർ തുണ യ്ക്ക് ഇല്ല. അമ്മുച്ചേച്ചി പറഞ്ഞവസാനിപ്പിച്ചത് ഇങ്ങനെ. ''ആ പെണ്ണൊ രുത്തി വല്ല കടുങ്കൈയും ചെയ്താലോ എന്നാ എന്റെ പേടി!''

അപ്പറഞ്ഞതിന്റെ അർത്ഥം മാളവികയ്ക്കു മനസ്സിലായില്ല. അവരെ സഹായിക്കണം എന്നു മോഹിച്ച് മാളവിക അമ്മ യോടു കെഞ്ചി. ''ഇവിടെ വന്ന് നിന്നോട്ടേ അമ്മേ?''

''പെണ്ണേ, വേണ്ട!'' എന്ന് അമ്മ അമർത്തിച്ച വിട്ടി കണ്ണുരുട്ടിക്കാട്ടി. പിന്നെ കരച്ചിലായി. ''ഇവളെക്കൊണ്ടു ഞാൻ

തോറ്റു!'' ആ കരച്ചിൽ നെടുവീർപ്പുകളായി നീണ്ടുനിന്നു.

മാളവിക ചിണുങ്ങിയും ചീറിയും കരഞ്ഞിട്ടും അത്താഴം കഴിക്കാതെ കിടന്നിട്ടും അമ്മയുടെ സമ്മതം കിട്ടിയില്ല. ഓരോ തവണ വിസമ്മതിക്കുമ്പോഴും അമ്മയുടെ നെടുവീർപ്പിന് ആഴം കൂടി.

എപ്പോഴോ തളർന്നുറങ്ങിയ മാളവിക വൈകി ഉണർന്നതു സ്കൂളിലേക്കു പോകാൻ ധൃതിപ്പെട്ടുകൊണ്ടാണ്. വഴിയിൽ അവരെ കാണാം. കുട്ടിക്ക് ഭക്ഷണം കൊടുക്കാം.

അമ്മയും ഒരുങ്ങിയാണിരുന്നത്. അവധിയെടുത്ത് അമ്മ മാളവികയുടെ കൂടെ സ്കൂളിലേക്കു പുറപ്പെട്ടു. വഴിയിൽ മെമ്പർമാമനെ കണ്ടു. മാമൻ അമ്മയോടു പറഞ്ഞു. ''ആകെ കുഴപ്പം.''

''അതെന്താ?'' എന്ന് അമ്മ.

''ചെന്നു നോക്കൂ..'' മാമന്റെ മുഖത്തു പരിഭ്രമം. ''കാണാൻ പോണ പൂരം പറഞ്ഞറിയേണ്ട!''

ഓവുപാലത്തിനപ്പുറത്ത് ചെറുതല്ലാത്ത ആൾക്കൂട്ടം നിൽപ്പുള്ളത് അമ്മ മാളവികയേക്കാൾ മുമ്പേ കണ്ടു. അമ്മയുടെ അടിവെപ്പ് വേഗത്തിലായി. ഒപ്പമെത്താൻ ഓടിനടന്നു. പാലം കയറിത്തുടങ്ങിയപ്പോൾ മാളവികയും ആൾക്കൂട്ടം കണ്ടു. ബസ്സ്ഷെഡ്ഡ് കാണാനാവാത്ത വിധം അതിനെ ആളുകൾ പൊതിഞ്ഞിരിക്കുന്നു.

**ഓവുപാലത്തിനപ്പുറത്ത് ചെറുതല്ലാത്ത ആൾക്കൂട്ടം നിൽപ്പുള്ളത് അമ്മ മാളവികയേക്കാൾ മുമ്പേ കണ്ടു. അമ്മയുടെ അടിവെപ്പ് വേഗത്തിലായി. ഒപ്പമെത്താൻ ഓടി നടന്നു. പാലം കയറിത്തുടങ്ങിയപ്പോൾ മാളവികയും ആൾക്കൂട്ടം കണ്ടു. ബസ്സ് ഷെഡ്ഡ് കാണാനാവാത്ത വിധം അതിനെ ആളുകൾ പൊതിഞ്ഞിരിക്കുന്നു.**

അടുത്തുചെന്നപ്പോൾ മുതിർന്നവരുടെ കാലുകൾക്കിടയിലൂടെ മാളവികയ്ക്ക് അകത്തേക്കു കാണാൻ കഴിഞ്ഞു. ചേറിൽ കുളിച്ച കുട്ടി മലർന്നു കിടന്നു തേങ്ങിത്തേങ്ങി കരയുന്നു. കുട്ടിയുടെ കാലിൽ തുണിത്തുണ്ടു കെട്ടി അവനെ ഷെഡ്ഡിന്റെ മുളന്തൂണിൽ ആട്ടിൻകുട്ടിയെ കെട്ടിയ പോലെ തളച്ചിരിക്കുന്നു. അവന്റെ അമ്മയെ അവിടെങ്ങും കാണാനുമില്ല.

കണ്ടുനിൽക്കുന്ന ആരും ഒന്നും ചെയ്യുന്നില്ല. മാളവികയുടെ അമ്മ ആരോടെന്നില്ലാതെ ആരാഞ്ഞു.

''എന്തുണ്ടായി?''

ആരോ പറഞ്ഞു.

''ഇവിടെ കഴിയാൻ പറ്റില്ലെന്ന് ഇന്നലെ പഞ്ചായത്തിൽനിന്ന് അവരെ അറിയിച്ചിരുന്നു. എന്നിട്ടും അവർ അന്തിയോളം ഇവിടെത്തന്നെ ഉണ്ടായിരുന്നു. ഇപ്പോൾ കാണാനില്ല. കുട്ടിയെ കെട്ടിയിട്ടത് അവർ തന്നെയാണോ എന്തോ?''

''ആവും.''

വേറൊരാൾ ഊഹിച്ചു.

''കുട്ടി ആ തോട്ടിലെ വെള്ളത്തിലെങ്ങും പോയി വീഴരുതല്ലോ. കുട്ടിയെ കെട്ടിയിട്ടിട്ട് ആ പാവം പുഴയിലെങ്ങാൻ പോയി ചാടി ജീവനൊടുക്കിയതാവും.''

ഈ ദുരന്തത്തിന് ഉത്തരവാദി പഞ്ചായത്താണ് എന്ന് ഒരുകൂട്ടം ആളുകൾ പറയാൻ തുടങ്ങി. ''അവരിവിടെ കഴിഞ്ഞാൽ ആർക്കെന്താണൊരു ചേതം?'' എന്ന ചോദ്യത്തോടൊപ്പം പഞ്ചായത്തിനെതിരെ കൊലക്കുറ്റത്തിനു കേസെടുക്കണം എന്ന് ആ വാദം നീണ്ടു. പുറമ്പോക്കിലെ വീട്ടിൽ നിന്ന് അവരെ ഇറക്കിവിട്ട സർക്കാരിന്റെ പാർട്ടിക്ക് ഇത് പറയാൻ അവകാശമില്ലെന്നും ദുരന്തത്തിന് ഉത്തരവാദികൾ അവരാണെന്നും മറുപക്ഷവും താളം മുറുക്കി. ഒരു അടിപിടി നടക്കുമെന്ന സ്ഥിതിയായി.

മാളവികയെ ചൂണ്ടി ഒരാൾ പറഞ്ഞു. ''ഈ കുട്ടിയാണ് ഇതിനൊക്കെ കാരണക്കാരി. ഇവളുടെ ഉച്ചഭക്ഷണം വാങ്ങി തിന്നതിനാണ് പഞ്ചായത്തു മെമ്പർ അവരെ ഇവിടന്നു കുടിയിറക്കാൻ നടപടി എടുത്തത്.''

മാളവിക പേടിച്ചരണ്ട് അമ്മയോട് ഒട്ടി.

''എന്തിന് വെറുതെ ഓരോന്നു പറേണു?'' മാളവികയുടെ അമ്മയ്ക്കു ദേഷ്യവും സങ്കടവും വന്നു.

''തന്റെ ആഹാരം ഒരു വിശക്കുന്ന കുട്ടിക്കു കൊടുത്തതാണോ ഇവൾ ചെയ്ത തെറ്റ്?''

പിഞ്ചുകുഞ്ഞിനെ ഉപേക്ഷിച്ചു പോയി കാണാതായ അമ്മയെപ്പറ്റി പോലീസിൽ അറിയിക്കാൻപോയ മെമ്പർമാമൻ അപ്പോഴേക്കും തിരികെ വന്നു. മാമനെ ആൾക്കൂട്ടം പൊതിഞ്ഞു. മാമന്റെ കക്ഷിക്കാർ മാമനെ രക്ഷിക്കാനും മുതിർന്നു.

ആ അമ്മയെ തിരഞ്ഞ് മാളവിക ചുറ്റും വെറുതെ നോക്കി. അന്നാദ്യമായി പുഴയുടെ അടക്കിപ്പിടിച്ച മുരൾച്ച മാളവികയെ പേടിപ്പെടുത്തി. കരയുന്ന കുട്ടിയെ വിട്ട് ആളുകൾ തർക്കവുമായി അപ്പുറത്തേക്കു മാറി. മൂക്കിലും വായിലും ചളി കയറി ശ്വാസംമുട്ടി കുട്ടി വെപ്രാളപ്പെട്ടു. മാളവിക അവന്റെ അരികിലേക്കു നീങ്ങി. നാട്ടുകാരിലാരോ മാളവികയെ പിന്നിൽനിന്നു പിടിച്ചു.

“തൊടണ്ട. പുലിവാലാവും! പോലീസ്കേസാണ്.”

“വിടൂ.” മാളവിക കുതറി. അപ്പുറത്ത് ഊറിക്കൂടുന്ന ബഹളം നോക്കി നിന്ന അമ്മ അപ്പോഴേ കുട്ടിയെ ശ്രദ്ധിച്ചുള്ളൂ. മാളവികയുടെ അമ്മ മാളവികയെ പിന്നിലാക്കി കുട്ടിയെ വാരി എടുത്ത് മാറത്തടക്കി കൊണ്ടുപോയി. തോട്ടിലെ വെള്ളം കോരി അവന്റെ മുഖവും വായും കഴുകി. അവന്റെ മൂക്ക് പിഴിഞ്ഞെടുത്തു കുടഞ്ഞു കളഞ്ഞു. സാരിത്തലപ്പു കൊണ്ട് അവന്റെ മുഖം തുടച്ചു.

ആൾക്കൂട്ടത്തിൽനിന്നു ഭീഷണിയുമായി ചിലർ വന്നു. “കുട്ടിയെ അവിടെ വെച്ചേക്കൂ. കൊലക്കേസാണു സംഗതി. വകുപ്പു വേറെയാണ്. പറഞ്ഞേക്കാം!”

അതു കേൾക്കാത്ത മട്ടിൽ അമ്മ മാളവികയോടു പറഞ്ഞു:

“മോളു സ്കൂളിലേക്കു പോ. അമ്മ ഇവനെ വീട്ടിലേക്കു കൊണ്ടുപോണൂ.”

“ആരാന്റെ കുട്ടിയെ എവിടെ കൊണ്ടുപോണു?” ഒരു പ്രമാണി വഴിതടയാൻ പുറപ്പെട്ടു.

മാളവികയുടെ അമ്മ ചോദിച്ചു.

“നിങ്ങളുടെ കുട്ടിയാണോ?”

“മാറൂ..”

ഉത്തരം മുട്ടിയ അയാളോട് അമ്മ പറഞ്ഞു:

“ഈ കുട്ടി ഇപ്പോൾ എന്റെയാണ്.”





കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ • തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ • മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ

# എങ്ങനെ പൊന്നോണം പുലരും?

എൻ വി കൃഷ്ണവാരിയർ



“ഒരു ചെടിയും നട്ടുവളർത്തീ;-
ഓലോണപ്പൂവെങ്ങനെ നുള്ളാൻ?
ഒരുവയലും പൂട്ടി വിതച്ചീ;-
ലോണച്ചോറെങ്ങനെയുണ്ണാൻ?
ഒരു വാഴക്കന്നും നട്ടീ;-
ലോണപ്പഴമെങ്ങനെ തിന്നാൻ?
ഒരു കഴിനൂൽപോലും നൂറ്റി;-
ലോണത്തുണിയെങ്ങനെയണിയാൻ?
ഒരു രാഗം മൂളിപ്പഴകീ;-
ലോണപ്പാട്ടെങ്ങനെ പാടാൻ?
ഒരു കരളിൽ സ്നേഹം പാകീ;-
ലോണക്കളിയെന്തു കളിക്കാൻ?
ഉള്ളത്തിൽ കള്ളക്കർക്കടം;
എങ്ങനെ പൊന്നോണം പുലരാൻ?”

*(1987ൽ രചിച്ചതാണ് ഈ കവിത.)*

വര: ആശ ആർ


കവിത

# കുഞ്ഞുമോഹം

**ഒ എൻ വി കുറുപ്പ്**

മധുരമിഠായിയെക്കാളുമെൻ ചെറുമകൾ-
ക്കിതിഹാസകഥകളാണേറെയിഷ്ടം!
മടിയിൽ ചാഞ്ഞുകിടന്നവൾ മുത്തച്ഛൻ
പറയും കഥകളിൽ മുഴുകുന്നു.

കാന്തനോടൊന്നിച്ചു കാന്താരംപൂകിയ
കാമിനിതൻ കഥയായാലും,
പൂഞ്ചേലയാരോവലിച്ചഴിക്കേ, കേഴും
പാഞ്ചാലിതൻ കഥയായാലും,
പാൽക്കുടമേന്തുന്ന പാവം ഗോകുല-
ബാലയാം രാധതൻ കഥയായാലും,
എങ്ങോ വളരും തന്നുണ്ണിയെയോർത്തോർത്തു
കണ്ണീർക്കണമൊന്നുറഞ്ഞപോലാം
പാവം ദേവകിതൻകഥയായാലും,
തായ യശോദതൻ കഥയായാലും,
അരയന്നദൂതുകേട്ടകതാരിൽ കുളിർകോരും
ദമയന്തിതൻ കഥയായാലും,
യമധർമ്മനിൽനിന്നു പ്രിയതമൻതന്നുടെ
ഉയിർവീണ്ടെടുത്തോൾതൻ കഥയായാലും,
ചക്കരമാമ്പഴച്ചാറാണവൾക്കത്,
പച്ചക്കരിമ്പിന്റെ നീരാണ്!
''വലുതാവുമ്പോൾ നിനക്കവരിലാരാവണം?''
ഒരുനാളീ മുത്തച്ഛൻ ചോദിച്ചു;
''സീതയായ്ത്തീരണോ?'' – ''വേണ്ടവേണ്ട, വേഷം
മാറിയൊരാൾ വന്നു കട്ടുപോവും!''
''പാഞ്ചാലിയായാലോ?'' ''വേണ്ടവേണ്ടെന്റെ ചേ-
ലാഞ്ചല മാരാൻ വലിച്ചഴിക്കും!''
''രാധയായ്ത്തീർന്നാലോ?'' ''വേണ്ടവേണ്ടെൻ നാഥൻ
രാജാവാകാനെന്നെ കൈവെടിയും!''
അവരിലാരാകുവാൻ മോഹമെന്ന്
അവളോടാ ചോദ്യം ഞാനാവർത്തിക്കെ,
അവരാരുമാകേണ്ടെന്നവൾ പറഞ്ഞു;
അവളെൻ മടിയിലമർന്നിരുന്നു!
ഇത്തിരിനേരം കഴിഞ്ഞവാറേ,
മുത്തച്ഛൻ തൻ മുഖത്തുറ്റുനോക്കി,
വാക്കുകളോരോന്നും നിർത്തിനിർത്തി
അക്കൊച്ചുപെൺകിടാവോതുകയായ്:
''ഇവിടെ മുത്തച്ഛനെപ്പോലിരുന്ന്
കവിതയും പാട്ടുമെഴുതേണം!''
കെട്ടിപ്പിടിച്ചുമ്മവയ്ക്കേ,
പൊട്ടിച്ചിരിച്ചവളോടിപ്പോയി.




വര: സജി വി



# ഓണമാകുന്നുവോ?

വി മധുസൂദനൻ നായർ

ഓണമാകുന്നുവോ, കാണാത്ത കുന്നിന്റെ
യോരത്തൊരോമനപ്പൂ ചിരിക്കുന്നുവോ!
കുന്നിടിച്ചും കുളംതോണ്ടിയും തീർത്തൊരീ
മണ്ണിന്റെയുള്ളിലും പൂവിത്തുണർന്നുവോ!
വേരുകൾപോലും ദ്രവിച്ചൊരീയോർമ്മയിൽ-
ച്ചാരിയിരുന്നു മയങ്ങുകയാണു ഞാൻ

ആരോ വരും വരും മുറ്റത്തു പൂവിടും
ആവോളമാഗോള സദ്യ കൂട്ടിത്തരും
കോടികൾ കോടികൾ കൊണ്ടു മൂടിത്തരും
ഓടിവള്ളം പോൽ വിമാനങ്ങളും തരും
മേടയുണ്ടാക്കുവാനോടയുണ്ടാക്കുവാൻ
പാതയുണ്ടാക്കുവാൻ പാലമുണ്ടാക്കുവാൻ
മുറ്റമടിക്കാൻ കിടപ്പറ തീർക്കുവാൻ
മറ്റുദേശത്തെപ്പണിയാളരും വരും

ഉണ്ടു സുഖിച്ചു മദിച്ചുറങ്ങാനാണു
പണ്ടു മഹാബലി കല്പന നൽകിപോൽ
ഉണ്ടു തീർത്തു ഞാ, നിനിയുമിപ്പൊങ്ങച്ച-
വണ്ടിയിൽക്കേറിയിട്ടൊന്നുറങ്ങട്ടെ ഞാൻ.

വര:ബോബി എം പ്രഭ

കഥ

# മീൻകോർമ്പലുമായി ഒരു ചെക്കൻ

എം ആർ രേണുകുമാർ

കട്ടിലിനു മീതേ കയറിനിന്ന് ജനലിനു മുകളിലെ ഒഴിഞ്ഞ ചുവരിൽ ഞാൻ വരച്ചുകൊണ്ടിരുന്നു. സീനറിയാണ് വരയ്ക്കുന്നത്. കളർ ചോക്കുകൾ കൊണ്ടാണു വരപ്പ്. കറുത്ത നിറത്തിനു കരിക്കട്ടയാണ് ഉപയോഗിക്കുന്നത്. കറുത്ത നിറമുള്ള ചോക്ക് എന്തു കൊണ്ടോ വാങ്ങാൻ കിട്ടാറില്ല. ഇനി അങ്ങനെയൊന്നില്ലേ? കാണക്കാണെ ചുവരിൽ നീലാകാശം തെളിഞ്ഞുവന്നു. മേഘങ്ങൾ പാറിപ്പറന്നു. സീനറിയുടെ താഴെ ഇടതുമൂലയിൽ നിന്നു തുടങ്ങി അകലെയുള്ള ഒരു മരത്തിന്റെ മറവിലേക്കു വളഞ്ഞകലുന്ന ചെമ്മണ്ണു നിറമുള്ള ഒരു പാത പിറന്നു. അകലുന്തോറും അതിന്റെ വീതികുറഞ്ഞുകുറഞ്ഞുവന്നു. അതിലൂടെ നടത്തക്കാർ, കാളവണ്ടി, സൈക്കിൾ എന്നിവ നീങ്ങിത്തുടങ്ങി.

പാതയോടു ചേർന്നൊരു പുഴയൊഴുകാൻ തുടങ്ങി. പുഴയ്ക്കു കുറുകെ ഉയരമുള്ള ഒരു തടിപ്പാലം, കൈവരികൾ എന്നിവയും തെളിഞ്ഞുവന്നു. പുഴയിലൂടെ ഒരു ബോട്ടു പോകാൻ തുടങ്ങി. ഒന്നുരണ്ടു കെട്ടുവള്ളങ്ങളും കൊതുമ്പു വള്ളങ്ങളും പ്രത്യക്ഷപ്പെട്ടു. ഒരു പ്രായംചെന്ന മനുഷ്യൻ പുഴവക്കിലിരുന്ന് ചൂണ്ടയിടുന്നുണ്ട്. അയാളുടെ അടുത്തായി ഒരു പട്ടി അലസനായി കിടപ്പുണ്ട്. പുഴയിൽ ഒന്നുരണ്ട് ആമ്പൽപ്പൂക്കൾ വിടർന്നു. പാതയുടെ തുടക്കത്തിൽ ഒരു മൈൽക്കുറ്റി പൊട്ടിമുളച്ചു. അതിൽ കോട്ടയം 6 കി. മീ. എന്നു തെളിഞ്ഞുവന്നു. അതിന്റെ ഇടതുവശം ഒരു വെളിമ്പറമ്പാണ്. അവിടെ കുട്ടികൾ കളിക്കുന്നുണ്ട്. ദൂരെയായി കുറെ വീടുകൾ പണിതുവെച്ചു. മുറ്റത്തു കുറെ



വര:ഗോപു പട്ടിത്തറ

തെങ്ങുകൾ നട്ടുപിടിപ്പിച്ചു. ഒരാളെ തെങ്ങിൽ കയറുന്ന തായും വരച്ചു. തെങ്ങോല കൾക്കു മീതേ ആകാശത്തു പറക്കുന്ന കാക്കകളെ വരച്ചു. കുറച്ചുയരത്തിലായി മഞ്ഞ ച്ചോക്കുകൊണ്ടൊരു വട്ടം വരച്ചു ചന്ദ്രനാക്കി. ചില വൈകുന്നേരങ്ങളിൽ മാനത്ത് അങ്ങേരെ കാണാറുണ്ടല്ലോ എന്ന് ഓർത്തു. ഇങ്ങനെ വരയ്ക്കുന്ന ചന്ദ്രൻ സീനറിക്ക് എപ്പോഴും ഒരു പ്രത്യേക ചേലു നൽകാറുള്ളതും ഓർത്തു. വെള്ളച്ചോക്കു കൊണ്ട് മരങ്ങൾക്കും പാല ത്തിന്റെ കൈവരികൾക്കും പുഴയിലെ ഓളങ്ങൾക്കും ചില്ലറ മിനുക്കുകൾ നടത്തി. നീലാകാശത്തിലും കൊടുത്തു അതുകൊണ്ട് മൂന്നാലുപോറ ലുകൾ. വഴിനടത്തക്കാർക്കും കളിക്കുന്ന കുട്ടികൾക്കും കരിക്കട്ട അധികം അമർ ത്താതെ നിഴലുകൾ വരച്ചു ചേർത്തു. പടം ഏതാണ്ടു തീർന്നെന്നു തോന്നുന്നു.

കട്ടിലിൽ നിന്നിറങ്ങി കുറച്ചകലത്തുമാറി ഞാൻ ചുവരിലേക്കു ചാഞ്ഞും ചെരിഞ്ഞും നോക്കി. മൊത്ത ത്തിൽ ഒരു രസമൊക്കെയുണ്ടു കാണാൻ. എങ്കിലുമെവി ടെയോ ചില കുറവുകൾ. വീണ്ടും കട്ടിലിൽ കയറി അങ്ങിങ്ങായി നിറങ്ങൾക്കു കുറച്ചുകൂടെ കടുപ്പം കൊടുത്തു. ആളുകളുടെയും മറ്റും രൂപങ്ങൾക്ക് ഇത്തിരി കൂടി മിഴിവു കൊടുത്തു. ഇപ്പോ തരക്കേടില്ല. ഇനി സ്കെയിലുപയോഗിച്ച് കറുത്ത ബോർഡർ വരയ് ക്കണം. എന്നാലേ പടത്തി നൊരു എടുപ്പ് വരികയുള്ളൂ. മുഴുത്ത കരിക്കട്ട ഉപയോ ഗിച്ച് ഒരിഞ്ചുവീതിയിൽ തെറ്റാതെയും പുളയാതെയും ബോർഡർ വരച്ചു കട്ടിലിൽ നിന്നിറങ്ങിയപ്പോൾ ഞാൻ ശരിക്കും ക്ഷീണിച്ചിരുന്നു. 'ഹോ... ഇങ്ങനെ നിന്നു കൊണ്ടുള്ള വര ഒരു പണി തന്നെ. ചുവരുകളിലും വലിയ ബോർഡുകളിലുമൊക്കെ എഴുതുകയും വരയ്ക്കുകയും ചെയ്യുന്ന ചേട്ടന്മാരെ സമ്മതി ക്കണം' എന്നു വിചാരിച്ച്, താനുമത്ര മോശക്കാരന

> 'ഹോ... ഇങ്ങനെ നിന്നുകൊണ്ടുള്ള വര ഒരു പണി തന്നെ. ചുവരുകളിലും വലിയ ബോർഡുകളിലുമൊക്കെ എഴുതുകയും വരയ്ക്കുകയും ചെയ്യുന്ന ചേട്ടന്മാരെ സമ്മതിക്കണം' എന്നു വിചാരിച്ച്, താനുമത്ര മോശക്കാരന ല്ലല്ലോ എന്നോർത്ത് കട്ടിലിൽ തളർന്നിരിക്കെയാണ് ജന ലിനു പുറത്തു മുറ്റത്ത് ഒരാളനക്കം തോന്നിയത്.

ല്ലല്ലോ എന്നോർത്ത് കട്ടിലിൽ തളർന്നിരിക്കെയാണ് ജനലിനു പുറത്തു മുറ്റത്ത് ഒരാളനക്കം തോന്നിയത്. ഞാൻ തലതിരിച്ചുനോക്കി. ഏതാണ്ട് എന്റെ പ്രായത്തിൽ ഇതുവരെ കാണാത്ത ഒരു ചെക്കൻ. സത്യം പറഞ്ഞാൽ ചെറുതായൊന്നു ഞെട്ടി. എങ്കിലും അതു പുറത്തു കാട്ടാതെ ഞാൻ തിരക്കി.

''ആരാ?''

''അമ്മയുണ്ടോ?'' മറുപടി പറയാതെ ആ ചെക്കൻ മറ്റൊരു ചോദ്യമുയർത്തി. ഇത്രയും നേരം ആ ചെക്കൻ താൻ വരയ്ക്കുന്നതും നോക്കി നിൽക്കുകയായിരുന്നോ? ഞാൻ തെല്ലു നാണിച്ചു. ചെക്കൻ പടത്തിലേക്ക് ഒന്നു കൂടെ ഇരുത്തിനോക്കിയിട്ടു ചൂണ്ടുവിരലും തള്ളവിരലും ചേർത്തുവെച്ച് ഉഗ്രൻ എന്നൊ രാംഗ്യം എന്നെക്കാട്ടി. നേർത്ത നാണം മാറി എന്റെ മുഖത്തു ചിരി കലർന്നു. ഉള്ളിൽ സന്തോഷം പതഞ്ഞുപൊങ്ങി.

''അമ്മയില്ലേ... അമ്പുക്കുട്ടാ...'' കൈയിലെ മീൻകോർമ്പൽ എനിക്കു കാണാവുന്നതുപോലെ ഉയർത്തിപ്പിടിച്ചുകൊണ്ട് ചെക്കൻ വീണ്ടും ചോദിച്ചു.

''അമ്മേ... ദേ മുറ്റത്തൊരു ചെക്കൻ മീനുമായി വന്നു നീക്കണ്...'' ഞാൻ അകമുറി യിലേക്കുനോക്കി ഉറക്കെ വിളിച്ചുപറഞ്ഞു. അപ്പോ ത്തന്നെ എന്റെ മനസ്സിലേക്ക് ഒരത്ഭുതം കൂടി ഇരച്ചുകയറി. ഈ ചെക്കനെങ്ങനാ എന്റെ പേര് പിടികിട്ടിയത്? അതും വിളിച്ചതുകേട്ടില്ലേ, അമ്പുക്കുട്ടാന്ന്...

## രണ്ട്

''ആ ചെക്കനെന്ത്യേ....മ്മേ'' അലക്കുകല്ലിന്റെ കുറച്ചുമാറി പനിനീർചാമ്പയുടെ ചുവട്ടിൽ കൊരണ്ടിയിലിരുന്ന് മീൻ വെട്ടുന്ന അമ്മയോടു ഞാൻ തിരക്കി. വരച്ചപടത്തിന്റെ ചേലുനോക്കി കട്ടിലിൽ കുത്തിയിരുന്ന് കുറെനേരം പോയതു ഞാനറിഞ്ഞിരുന്നില്ല.

''അവൻ മീൻ തന്നപാടേ പോയല്ലോ... നീ കണ്ടില്ലേ'' അമ്മ കൈത്തണ്ട കൊണ്ടു നെറ്റിയിലേക്കു വീണ നര പടർന്ന മുടിയൊതുക്കി ക്കൊണ്ടു പറഞ്ഞു.

''ആ ചെക്കനേതാ...മ്മേ'' ഞാൻ അലക്കുകല്ലിന്റെ മുക ളിൽ കയറി ഒരു ചാമ്പങ്ങ കൈയെത്തിച്ച് പറിച്ച് കല്ലി ന്മേൽ ഇരുന്ന് തിന്നുമ്പോൾ ചോദിച്ചു.

''വാ... എനിക്കെങ്ങനെ യറിയാം. നിന്റെയച്ചന്റെ ഓരോ കാര്യം... എവിടുന്നേലും

കറങ്ങിത്തിരിഞ്ഞു വന്ന ചെക്കനാവും... ചെലപ്പോ രാത്രിയവനേം കൂട്ടിയാവും വരവ്.'' അമ്മ മീനിന്റെ ചെതുമ്പലു കളയുന്നതിനിടയിൽ പറഞ്ഞു.

''വരുവോ... വരുവോ...?'' എനിക്ക് അത്ഭുതവും സന്തോഷവും അടക്കാൻ കഴിഞ്ഞില്ല. അലക്കുകല്ലിൽ നിന്നും ചാടിയിറങ്ങിച്ചെന്ന് ഞാൻ അമ്മയുടെ തലയിൽപ്പിടിച്ചു രണ്ടിളക്ക് ഇളക്കി..

''ദേ ചെക്കാ... ഞാനീ പിച്ചാത്തികൊണ്ട് ഒന്നുതന്നാലുണ്ടല്ലോ.'' അമ്മ എന്റെ നേരെ തിരിഞ്ഞു. ഞാൻ പെട്ടെന്നു പുറകോട്ട് ഒഴിഞ്ഞു മാറിയതാണ്. ദാ കിടക്കുന്നു പൊത്തോന്നു താഴെ. ചാമ്പയുടെ തടിയൻ വേരാണ് പണി പറ്റിച്ചത്. ഞാൻ കിടന്നിടത്തു കിടന്നു ചിരിച്ചു.

''കണക്കായിപ്പോയി... അങ്ങനെയിരിക്കും കുരുത്തക്കേട് കാണിച്ചാൽ.'' അമ്മയുടെ ദേഷ്യം മെല്ലെ ചിരിയായി മാറി. താമസിയാതെ വാത്സല്യവും ആകാംക്ഷയുമായി.

''വല്ലതും പറ്റിയോ ചെക്കാ?'' അമ്മ മീൻവെട്ടു നിർത്തി ചോദിച്ചു.

''ഹേയ്... ഒന്നും പറ്റീല്ല...'' ചമ്മൽ മറയ്ക്കാൻ പാടുപെടുന്നതിനിടയിൽ ചന്തിലെ മണ്ണുതൂത്തു കൊണ്ടു ഞാൻ പറഞ്ഞു.

''ങ്ഹും...ഹും... പൊക്കോന്റെ കണ്ണും വെട്ടത്തൂന്നും...ദാ...ദ് കൊണ്ടോരു കുത്തൂടെ വെച്ചുതരും ഞാൻ.'' പിച്ചാത്തി എന്റെ നേരെ കളിയായി ഓങ്ങിക്കൊണ്ട് അമ്മ പറഞ്ഞു.

''പിന്നെ... പിന്നെ...'' അങ്ങനെ പറഞ്ഞോണ്ട് ഞാൻ അമ്മയുടെ അടുത്തേക്കു ചെന്നു ചേർന്നുനിന്നു. അമ്മ കൈയിലെ മീൻ നനവ് എന്റെ ദേഹത്തു പറ്റാതെ എന്റെ വയറുഭാഗത്ത് ഒരുമ്മ തന്നു ചേർത്തുപിടിച്ചു.

''ന്നെ മണക്കൂട്ടോ...'' ഞാൻ കുതറിമാറി. അമ്മ ചിരിച്ചു. ചാമ്പയുടെ വേരിൽ കാലുതട്ടാതെ ശ്രദ്ധയോടെ നടന്നു തിണ്ണയിലേക്കുള്ള നട കയറുമ്പോൾ ഞാൻ കൈ ഉടുപ്പിൽ തൂത്തു മൂക്കത്തു വെച്ചുനോക്കി. ഒരിത്തിരി മീൻ മണമുണ്ടോ? അതോ അങ്ങനെ തോന്നുന്നതാണോ.

തിണ്ണയിലെ അരപ്രെസിൽ കാലുകൾ തൂക്കിയിട്ട് ഞാൻ വെറുതെയിരുന്നു. ജനലിനു പുറത്തു മീൻ കോർമ്പല്ലുമായി നിൽക്കുന്ന ചെക്കന്റെ ചിത്രം മനസ്സിൽ തെളിഞ്ഞു. കഷ്ടം... അവന്റെ പേരുപോലും ചോദിക്കാൻ മറന്നു. ആ പടം കാരണമാണ് അങ്ങനെ സംഭവിച്ചത്. ഇനി പറഞ്ഞിട്ടെന്താ. എന്റെ മനസ്സിലേക്ക് ചെറുതായി നിരാശ പടർന്നു. ചാമ്പയുടെ ചില്ലകളിലേക്ക് രണ്ടുമൂന്ന് അണ്ണാന്മാർ ഓലത്തുമ്പിൽ നിന്ന് ഊർന്നിറങ്ങി ഛിൽ... ഛിൽ... എന്നു ചിലച്ചുകൊണ്ട് കൊമ്പുകൾതോറും പായാൻ തുടങ്ങി. കടുത്ത റോസുനിറമുള്ള കുറെ ചാമ്പപ്പൂക്കൾ മുറ്റത്തേക്ക് അടർന്നുവീണു. ഞാനവയുടെ ഓട്ടപ്പിടുത്തം കൗതുകത്തോടെ നോക്കിയിരുന്നു. അമ്മ മീൻവെട്ടി എഴുന്നേറ്റു. അമ്മയ്ക്കു നടുവേദനയുണ്ടെന്നു തോന്നുന്നു. ദേഹം നിവരുമ്പോൾ അമ്മയുടെ മുഖം വേദനയാൽ അല്പം ചുളിഞ്ഞുവോ? അലക്കുകല്ലിന്റെ താഴെ പാടയിറമ്പിലെ കൈതക്കൂട്ടങ്ങൾക്കടുത്ത് അതുവരെ മിണ്ടുമിണ്ടാന്ന് നിന്നിരുന്ന പൂച്ചകളുടെ സംഘത്തിൽ മുരളിച്ച ഉച്ചത്തിലായി. അമ്മ അവയ്ക്കു നേരെ മീന്തലയും കൊടലുമടങ്ങിയ വെള്ളം ചുഴറ്റിയൊഴിച്ചു. കൂട്ടക്കടിപിടി... കരച്ചിൽ... മുഖത്തടി... മാന്തലുകൾ... ആകെ ബഹളം.

''ശ്ശോ... ശ്ശോ... ഇങ്ങനുണ്ടോ... കൊറേ പൂച്ചകള്...''

അമ്മ പൂച്ചകളുടെ നേരെ ഒരു ചൂടൻനോട്ടം പായിക്കുകയും 'പൊക്കോണ'മെന്നു പറഞ്ഞ് കൈയോങ്ങുകയും ചെയ്തു. പൂച്ചകൾ നിശബ്ദരായി. അവർ നിശ്ശബ്ദരായത് അമ്മയെ ഭയന്നിട്ടോ... അതോ മീന്തലയെല്ലാം തീർന്നിട്ടോ എന്തോ... ചാമ്പയുടെ ചുവട്ടിൽ മൂടിവെച്ചിരിക്കുന്ന മൺകലത്തിൽ നിന്നു കുറച്ചു വെള്ളമെടുത്ത് മീൻ പിന്നെയും കഴുകി വൃത്തിയാക്കിയിട്ട് അമ്മ മുറ്റത്തൂടെ നടന്ന് അടുക്കളവശത്തേക്കു പോയി. പോകുമ്പോൾ അമ്മയെന്നെ നോക്കാതെ പോയത് എനിക്കിഷ്ടമായില്ല. ഞാൻ ചുണ്ട് കൂർപ്പിച്ച് അമ്മയെ നോക്കി. അപ്പോൾ തെങ്ങിൽ

"ദേ ചെക്കാ... ഞാനീ പിച്ചാത്തികൊണ്ട് ഒന്നുതന്നാലുണ്ടല്ലോ." അമ്മ എന്റെനേരെ തിരിഞ്ഞു. ഞാൻ പെട്ടെന്നു പുറകോട്ട് ഒഴിഞ്ഞു മാറിയതാണ്. ദാ കിടക്കുന്നു പൊത്തോന്നു താഴെ. ചാമ്പയുടെ തടിയൻ വേരാണ് പണി പറ്റിച്ചത്. ഞാൻ കിടന്നിടത്തു കിടന്നു ചിരിച്ചു. "കണക്കായിപ്പോയി... അങ്ങനെയിരിക്കും കുരുത്തക്കേട് കാണിച്ചാൽ." അമ്മയുടെ ദേഷ്യം മെല്ലെചിരിയായി മാറി.

നിന്നൊരു മുഴുത്ത വെള്ളയ്ക്ക അമ്മയുടെ അരികിലായി അടർന്നു വീണു. അമ്മ പേടിച്ചുപോയി. കൈയിലിരുന്ന പിച്ചാത്തി പിടിവിട്ടു താഴെപ്പോവുകയും ചെയ്തു. ഏതായാലും മീൻച്ചട്ടി പോകാതിരുന്നതു നന്നായി.

''ഹ...ഹഹ..ഹ..'' ഞാൻ ഉച്ചത്തിൽ ചിരിച്ചു.

''പോടാ.. ഊളാപ്പി...'' എന്നു പറഞ്ഞ് പിച്ചാത്തി കുനിഞ്ഞെടുത്തോണ്ട് അമ്മ അടുക്കളയിലേക്കു കയറിപ്പോയി. ആ രംഗമോർത്ത് ഒന്നുകൂടെ ചിരിച്ചിട്ട് ഞാൻ വീണ്ടും അതേ ഇരിപ്പു തുടർന്നു. പിന്നെ അരപ്രെസിൽ കിടപ്പായി. അരപ്രെസിനൊരു തണുപ്പുണ്ട്. അതിലങ്ങനെ ചരിഞ്ഞു കൊടുംകൈ കുത്തി കിടക്കാൻ രസമാണ്. പാടത്തിനക്കരെയുള്ള ചിറയിൽ വരിവരിയായി നിൽക്കുന്ന തെങ്ങിന്റെ ഓലകളെ കാറ്റ് ചീകിയൊതുക്കുന്നുണ്ട്. ഉയരം കുറഞ്ഞ മാവിൽ നിന്നു തോട്ടികൊണ്ടു മാങ്ങാപറിക്കാൻ രണ്ടു പെൺകുട്ടികൾ ശ്രമിക്കുന്നുണ്ട്. ഒരു പട്ടിക്കുട്ടി അവർക്കുചുറ്റും ഓടി നടക്കുകയും കുരയ്ക്കുകയും ചെയ്യുന്നുണ്ട്. കാറ്റിൽ അവരുടെ ചിലമ്പിച്ച ഒച്ചകൾ ഓടിവരുകയും ഓടിപ്പോവുകയും ചെയ്യുന്നുണ്ട്. ഒരുറക്കത്തിന്റെ ചുഴിയിലേക്കു ഞാൻ ആണ്ടു പൊക്കോണ്ടിരുന്നു.



## മൂന്ന്

അമ്മയുടെയും അച്ഛന്റെയും കല്യാണം കഴിഞ്ഞ് കുറെ നാളുകഴിഞ്ഞായിരുന്നു ഞാനുണ്ടായത്. എനിക്കു മുമ്പും എനിക്കുശേഷവും അമ്മയ്ക്കു കുട്ടികളുണ്ടായെങ്കിലും ഉണ്ടായ ഉടനെ ഏതോ കാരണത്താൽ മേലാകെ നീലനിറമായി അവരു മരിച്ചുപോവുകയായിരുന്നു. ചിലപ്പോഴൊക്കെ അമ്മ സങ്കടപ്പെട്ടിരിക്കുന്നത് അതുകൊണ്ടാവാം.
വീട്ടിലെ പണിയൊക്കെ ഒതുങ്ങിയ നേരങ്ങളിൽ ഞാറമരത്തിന്റെ കീഴിൽ നിലത്തുവീണുകിടക്കുന്ന ഉണങ്ങിയ ഇലകളെല്ലാം തൂത്തുവാരി പാടയിറമ്പിലേക്കിട്ട് മൂക്കുപിഴിയുന്ന അമ്മയെ ഞാൻ പലതവണ കണ്ടിട്ടുണ്ട്. അതിന്റെ ചുവട്ടിലായിരുന്നു ആ കുഞ്ഞുങ്ങളെ അടക്കിയത്. അമ്മ ഞാറയുടെ ചുവട്ടിലിരിക്കുന്നതും ചിലപ്പോഴൊക്കെ അതിന്റെ തടിയോടു ചെവിചേർത്തുവെക്കുന്നതും, ഞാറപ്പഴങ്ങൾ രുചിച്ചുനോക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. അന്നേരമൊന്നും ഞാൻ അമ്മയുടെ അടുത്തേക്കു പോവുകയില്ല. ജനലിലൂടെ നോക്കിനിൽക്കും. പെയ്യാറായ മാനംപോലെ താഴ്ന്ന മുഖവുമായി അമ്മ പറമ്പിലൂടെ





നടന്ന് പാവലിന്റെയും പടവല ത്തിന്റെയും ഇലകളിൽ നിന്നു പുഴുക്കളെയെടുത്തു കളയു കയോ, ചാണകവെള്ളത്തിന്റെ തെളി അവയുടെ ചുവട്ടിലൊഴി ക്കുകയോ ചെയ്യുന്നതു കണ്ടു നിൽക്കും. അങ്ങനെയുള്ള ദിവസങ്ങളിൽ അമ്മയ്ക്ക് എന്നോട് ഒരു പ്രത്യേക സ്നേ ഹമാണ്. മടിയിൽ കിടത്തി മുടിയൊക്കെ കോതിയൊ തുക്കി പഴയ കഥകളൊക്കെ പറഞ്ഞുതരും. നാലാം ക്ലാസ്സിൽ വച്ച് അമ്മയ്ക്കു പഠിത്തം നിർത്തേണ്ടിവന്നതും പന്ത്രണ്ടു വയസ്സുമുതൽ പാടത്തു പണിക്കിറങ്ങിയതും അന്നു കുട്ടികൾക്കു അരക്കൂലി യായിരുന്നുവെന്നും വലിയ പണിയൊന്നും ചെയ്യാതെ കുട്ടികൾ മുങ്ങാംകുഴിയിട്ടും, ആമ്പലിന്റെ വിത്തു പറിച്ചു തിന്നും നടന്ന കഥകളൊക്കെ പിന്നെയും പിന്നെയും പറയും. കൂട്ടത്തിൽ അച്ഛനെ പ്പറ്റിയുള്ള കഥകളും ഇടയ്ക്കു കയറിവരും.

അച്ഛനെയൊരിക്കൽ പള്ളിക്കൂടത്തിൽ താമസിച്ചു ചെന്നതിന് സാറു തല്ലി യത്രേ. വൈകിയതിന്റെ കാരണമൊന്നും കേൾക്കാൻ നിൽക്കാതെ തല്ലങ്ങു തുടങ്ങുകയായിരുന്നു. തല്ലെന്നുവെച്ചാൽ പൂര ത്തല്ല്. തുടപൊട്ടി ചോര ചാടി കച്ചത്തോർ ത്തുപോലും നനഞ്ഞു. വേദനകടിച്ചമർത്തി ഒരുവിധം ഉച്ചവരെ അച്ഛൻ പള്ളിക്കൂടത്തിൽ കഴിച്ചുകൂട്ടി. ഉച്ചകഴിഞ്ഞ് ചാണത്തലയനായ സാറിന് ഒരു മയക്കമുണ്ട്. ചൂരലും കൈയിൽ പിടിച്ച് മേശപ്പുറ ത്തേക്കു കാലുപൊക്കിവെച്ച് ജനലിന്റെ പടിയിലേക്കു തല ചായ്ചുവെച്ചാണ് കിടപ്പ്. അച്ഛൻ അതിനായി കാത്തിരിക്കുകയായിരുന്നു. അച്ഛൻ അടുത്ത പറമ്പിലെ മാവിന്റെ കൊമ്പ് ഒടിച്ചു കൊണ്ടുവന്ന് ജനലുവഴി സാറിന്റെ തലയിലേക്കു വീശിയെറിഞ്ഞു. ആ മാവിൻ കൊമ്പ് അപ്പിടി നീറുങ്കൂടായി രുന്നത്രേ... പിന്നെയൊരോട്ട മായിരുന്നു. തിരിഞ്ഞു നോക്കാതെ. പിന്നെ ജീവിത ത്തിലൊരിക്കലും അച്ഛൻ പള്ളിക്കൂടത്തിന്റെ പടിചവിട്ടി യിട്ടില്ല. പള്ളിക്കൂടത്തിലേ ക്കെന്നും പറഞ്ഞ് വീട്ടിന്നി റങ്ങും. പലയിടത്തും അലഞ്ഞുതിരിഞ്ഞുനടക്കും. വിശക്കുമ്പോൾ കിണറ്റീന്ന്

വെള്ളം കോരിക്കുടിക്കും. മാങ്ങയും ആഞ്ഞിലിച്ചക്കയുമൊക്കെ പറിച്ചുതിന്നും. വൈകുന്നേരങ്ങളിൽ വൈകി വീട്ടിൽ ചെല്ലും. പിന്നെപ്പിന്നെ ചെല്ലാതെയുമായി. ചെറു ചെറുജോലികളിലേർപ്പെട്ടു. അഞ്ചാറു കിലോമീറ്റർ അകലത്തായിരുന്നു കോട്ടയം നഗരം. നഗരം പുതിയ താവളമായി. പുതിയ കൂട്ടുകാരുണ്ടായി. പോക്കറ്റിൽ ചില്ലറക്കിലുക്കങ്ങൾ കേട്ടുതുടങ്ങി. നേരം എരിഞ്ഞടങ്ങുമ്പോൾ കൈയിൽ പണവും അടുക്കളയിലേക്ക് ആവശ്യമുള്ള അരിയും പച്ചക്കറിയും മീനും മറ്റുമായി വീട്ടിലെത്തുന്ന ആ പന്ത്രണ്ടുവയസ്സുകാരനെ കാത്ത് ഒരമ്മയും എളേത്തുങ്ങളും കാത്തിരുന്നു തുടങ്ങി. നഗരത്തിലെ പല ജോലികൾ മാറിമാറി ചെയ്തും പണമുണ്ടാക്കിയും അച്ഛൻ വളർന്നു വലുതായി. അങ്ങനെ... അങ്ങനെ ഒരു ദിവസം അച്ഛൻ നിന്റമ്മയെ കല്യാണം കഴിച്ചു. അല്ലേലും ഈ അമ്മയിങ്ങനെയാ. പിടിച്ചുകെട്ടിയതുപോലെ കഥയങ്ങ് നിർത്തിക്കളയും. എന്തേലും അത്യാവശ്യം വരുമ്പോ പെട്ടെന്നു കഥയങ്ങ് ചുരുക്കുന്നത് അമ്മയുടെ സ്വഭാവമാ. തീക്കൊള്ളി വെള്ളത്തിൽ മുക്കുന്നതുപോലെ! എന്നിട്ടൊരുപോക്കാ.

**അല്ലേലും ഈ അമ്മയിങ്ങനെയാ. പിടിച്ചുകെട്ടിയതുപോലെ കഥയങ്ങ് നിർത്തിക്കളയും. എന്തേലും അത്യാവശ്യം വരുമ്പോ പെട്ടെന്നു കഥയങ്ങ് ചുരുക്കുന്നത് അമ്മയുടെ സ്വഭാവമാ. തീക്കൊള്ളി വെള്ളത്തിൽ മുക്കുന്നതുപോലെ! എന്നിട്ടൊരുപോക്കാ.**

തന്റെ ബാല്യകാലത്തെക്കുറിച്ചുള്ള ഓർമകളാവാം അച്ഛനെ നഗരത്തിലിപ്പോഴും അലഞ്ഞുതിരിഞ്ഞെത്തുന്ന കുട്ടികളോടു കരുണയുള്ളവനാക്കുന്നത്. അതുകൊണ്ടാവും വീട് വിട്ടിറങ്ങി വരുന്ന കുട്ടികളെ അച്ഛൻ കൂട്ടിക്കൊണ്ടുവരുന്നതും. കുളിപ്പിച്ചു വൃത്തിയാക്കി ഭക്ഷണം കൊടുത്ത് കൂടെ നിർത്തുന്നതും. പലരേയും പറഞ്ഞു സമാധാനിപ്പിച്ചു വീട്ടിലേക്കു തിരികെ വിടുന്നതും. കുറെയൊക്കെ മുതിർന്നവർക്ക് എവിടെയെങ്കിലും ജോലി ശരിയാക്കിക്കൊടുക്കുന്നതും. പക്ഷേ ഈ കഥയൊക്കെ ഞാൻ കേട്ടിട്ടേയുള്ളൂ. ചില കുട്ടികളെയൊക്കെ രാത്രികാലങ്ങളിൽ അമ്മ എഴുത്തും വായനയും പഠിപ്പിച്ചിരുന്നെന്നും, കുഞ്ഞുമോൻ എന്നൊരു ചേട്ടൻ ഭയങ്കര മീൻപിടുത്തക്കാരൻ ആയിരുന്നെന്നും ആ ചേട്ടന്റെ കല്യാണത്തിനു നാലുമാസം പ്രായമുള്ള എന്നെ കൈയിലെടുത്ത് അമ്മയും അച്ഛനും പോയിരുന്നുവെന്നും കേട്ടിട്ടുണ്ട്. പക്ഷേ ഇന്ന്... ഇന്നാദ്യമായാണ് അങ്ങനെ ഒരു ചെക്കനെ നേരിൽകാണുന്നത്. തീർച്ചയായും ഇന്നുവന്ന ചെക്കൻ എവിടുന്നേലും ഇറങ്ങിപ്പുറപ്പെട്ട് അച്ഛന്റെ കൈയിൽ വന്നു പെട്ടതാകും. അതുകൊണ്ടാണല്ലോ വീട്ടിലേക്കുള്ള വഴി കൃത്യമായി പറഞ്ഞുകൊടുത്ത് അച്ഛൻ മീനുമായി ആ ചെക്കനെ ഇങ്ങോട്ടു വിട്ടത്. അതും എന്റെ പേരുകൂടി പറഞ്ഞുകൊടുത്ത്. ഏതായാലും അവൻ വന്നാൽ എനിക്കൊരു കൂട്ടായി. തീർച്ചയായും രാത്രി ചെക്കനേയും കൊണ്ടാവും അച്ഛൻ വരിക. ആ വരവ് ഓർത്തപ്പോൾ എനിക്കു സന്തോഷം കൊണ്ട് ഇരിക്കപ്പൊറുതി ഇല്ലാതായി. ഞാനോടി അടുക്കളയിലിരിക്കുന്ന അമ്മയുടെ അടുത്തു ചെന്നു ചോദിച്ചു.

“അമ്മേ... ആ ചെക്കനും അച്ഛന്റെ കൂടെ വരുമോ... മ്മേ?” ഓരോ വിളക്കിലും മണ്ണെണ്ണ ഒഴിക്കുന്നതിനിടയിൽ അമ്മയെന്നെ തലപൊക്കി നോക്കി. ആ നോട്ടത്തിൽ ചെക്കനിതെന്തിന്റെ കേടാ എന്നൊരു സൂചനയുണ്ടായിരുന്നു.

“പ്ലീസ്... അമ്മേ... ഒന്നു പറയൂ...” ഞാൻ നിർബന്ധിച്ചു.

“എനിക്കെങ്ങനെയറിയാം.. അമ്പൂ... നീയുണ്ടാകുന്നതിന് കൊറേക്കാലം മുമ്പൊക്കെ അച്ചൻ ചിലരെയൊക്കെ കൂട്ടിക്കൊണ്ടു വന്നിരുന്നു... പിന്നതങ്ങ് നിർത്തി. എന്തിനാ വല്യ സങ്കടങ്ങളൊക്കെ...” അമ്മ മുഴുവനാക്കിയില്ല.

“സങ്കടങ്ങളോ... ന്ത് സങ്കടാമ്മേ?” ഞാൻ കുത്തിക്കുത്തി ചോദിച്ചു.

“ന്റെ... മ്പൂ... അതൊന്നും പറഞ്ഞാ... നിനക്കു മനസ്സിലാവില്ല... നീയിപ്പോന്നെ ഈ വെളക്കിൽ എണ്ണയൊഴിക്കാൻ സമ്മതിക്കുന്നുണ്ടോ... നേരം ഇരുണ്ടു വരുവാ...” അമ്മ ഈർഷ്യയോടെ പറഞ്ഞു. അമ്മയുടെ മുഖത്തെ ദേഷ്യമെന്നെ നിരാശപ്പെടുത്തിയെങ്കിലും എന്റെ പ്രതീക്ഷ കൈവിടാൻ ഞാനൊരുക്കമല്ലായിരുന്നു. എന്നാലും എനിക്കു കുറച്ചു സങ്കടം വന്നു. കണ്ണു നിറഞ്ഞേക്കുമോ എന്നു തോന്നിയതിനാൽ ഞാൻ എഴുന്നേറ്റു അമ്മയെ പിൻതിരിഞ്ഞു നടന്നു. അകമുറിയിലൂടെ നടന്ന് തിണ്ണ

യിലൂടെ മുറ്റത്തേക്കിറങ്ങി ഞാൻ പറമ്പിലേക്കു വെച്ചു പിടിച്ചു. നേരമിരുണ്ടു കൊണ്ടിരുന്നു.

## നാല്

എന്റെ നടത്തം ഞാറയുടെ ചുവട്ടിൽ ചെന്നാണ് അവസാനിച്ചത്. അങ്ങോട്ട് പോണമെന്ന് വിചാരിച്ച് നടന്നതൊന്നുമല്ല. പക്ഷേ അവിടെയാണ് എത്തിയത്. രാത്രിയോടൊപ്പം നിലാവുമുദിച്ചതിനാൽ മരങ്ങൾക്കിടയിലൂടെ പറമ്പിലും മുറ്റത്തും നല്ല വെട്ടം വീഴുന്നുണ്ടായിരുന്നു. അമ്മ തൂത്തുവാരുന്നതാണെങ്കിലും അവിടവിടെ ഉണക്കയിലകൾ വീണുകിടപ്പുണ്ട്. ഞാനെന്റെ നോട്ടത്തെ ഞാറമരത്തിലൂടെ മേലോട്ട് ഓടിച്ചു. കവരങ്ങൾ, കവരങ്ങളായി മരച്ചില്ലകൾ വളർന്നുപന്തലിച്ചതുപോലെ എന്റെ നോട്ടവും ചിന്നിച്ചിതറി അതിന്റെ മേലാപ്പിലെത്തി. അതിനു തൊട്ടുമുകളിലായി തെളിഞ്ഞ ആകാശത്ത് അമ്പിളിയമ്മാവനെ മൊത്തമായി കാണാം. മനസ്സിനു എന്തെന്നില്ലാത്തൊരു ആശ്വാസം തോന്നി. അച്ഛനോടൊപ്പം രാത്രിയിൽ ആ ചെക്കനും വരുമെന്ന് മനസ്സിലിരുന്നാരോ പറയുന്നതായി എനിക്കു പിന്നെയും തോന്നി.

പാടയിറമ്പിൽ നിന്നു ഒരു മുട്ടൻ ആമ ഇഴഞ്ഞു കരയിലേക്കു കയറി. ഒരു കാരാമ* ആണെന്നു തോന്നുന്നു. ആളനക്കം കണ്ടതും അതു പെട്ടെന്ന് ഇഴച്ചിൽ നിർത്തി, തലയും കൈകാലുകളും അകത്തേക്കു വലിച്ചു. ഞാൻ അനങ്ങാതെ കുറേനേരം ശ്വാസം പിടിച്ചു നിന്നു. പതുക്കെ തലനീട്ടി കൈയും കാലും കൊണ്ടു തുഴഞ്ഞ് ഞാറയുടെ അപ്പുറത്തുള്ള കൈതക്കാട്ടിലേക്ക് അതു

**പെട്ടെന്നൊരു കുളിർക്കാറ്റു വീശി. കാറ്റിൽ കൈതക്കാടുകൾ ഉലഞ്ഞു. കൈതപ്പൂവിന്റെ മണം പൊട്ടിവിരിഞ്ഞു. ഏതോ കൈതയുടെ മണ്ടയിൽ പൂവിരിഞ്ഞു കാണും. നാളെ രാവിലെ വന്നു നോക്കണം. എന്നാലോചിച്ചു നിൽക്കെയാണ്. കൈത മൂർഖൻ... എന്നൊരോർമ്മ മനസ്സിൽ തലപൊക്കിയത്.**

വെപ്രാളപ്പെട്ട് ഓടിപ്പോയി.

കൈതവേരുകൾക്കിടയിലും മറ്റും, ഇളകിയ മണ്ണിൽ പുതഞ്ഞ് ആമയുടെ മുട്ടകൾ കിടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതൊക്കെ ഇടുന്നത് ഈ ആമയാണോ...? ഒരാമ ഇത്രയും മുട്ടകളിടുമോ? കുറെ ആമകൾ കാണുമായിരിക്കും. ഞാൻ സ്വയം വിശ്വസിച്ചു. കൈതക്കാടിനടുത്ത് ഇരുട്ടിന് കട്ടി കൂടുതലുണ്ടായിരുന്നു. അല്ലെങ്കിൽ ആമയുടെ പുറകെ ഞാനുമൊന്നു പോയി നോക്കിയേനെ. പെട്ടെന്നൊരു കുളിർക്കാറ്റു വീശി. കാറ്റിൽ കൈതക്കാടുകൾ ഉലഞ്ഞു. കൈതപ്പൂവിന്റെ മണം പൊട്ടിവിരിഞ്ഞു. ഏതോ കൈതയുടെ മണ്ടയിൽ പൂവിരിഞ്ഞു കാണും. നാളെ രാവിലെ വന്നു നോക്കണം. എന്നാലോചിച്ചു നിൽക്കെയാണ്. കൈത മൂർഖൻ... എന്നൊരോർമ്മ മനസ്സിൽ തലപൊക്കിയത്. പാമ്പുകൾക്കും ഇടാമല്ലോ മുട്ട. അതോടെ കാൽവെള്ളയിൽ നിന്ന് ഒരു തരിപ്പ് മുകളിലേക്ക് പടർന്നുകേറി. ഇനിയിവിടെ നിൽക്കുന്നതു പന്തിയല്ല. ഞാൻ കാലുകൾ പറിച്ച് വെട്ടിത്തിരിഞ്ഞ് മുറ്റത്തേക്കു നടക്കാൻ തുടങ്ങി. അപ്പോഴാണ് അമ്മയെന്നെ തിരക്കി വരുന്നതു കണ്ടത്. നിലാവെളിച്ചമുണ്ടെങ്കിലും അമ്മ മണ്ണെണ്ണ വിളക്ക് കൈയിൽ ഉയർത്തിപ്പിടിച്ചിരുന്നു.

“നീയവിടെ എന്തെടുക്കുവാ... അമ്പൂ ഈ രാത്രീല്...”

അമ്മ എന്റടുത്തേക്ക് നടന്നടുത്തുകൊണ്ടു ചോദിച്ചു. ഞാൻ അമ്മയുടെ അടുത്തേക്കു നടന്നുചെന്നു.

“ഞാൻ വെറുതെ... ഒരാമയുടെ പുറകെ...” എനിക്കു വാക്കുകൾ കിട്ടിയില്ല. ഞാൻ അമ്മയോടു ചേർന്നുനിന്നു. അമ്മ മറുകൈകൊണ്ട് എന്നെ ചേർത്തുനിർത്തി നെറുകയിൽ ഉമ്മവെച്ചു. ഞാൻ മുഖമുയർത്തി അമ്മയുടെ കണ്ണുകളിലേക്കു നോക്കി. മണ്ണെണ്ണ വിളക്കിന്റെയും നിലാവിന്റെയും കുഴഞ്ഞ വെട്ടത്തിൽ അമ്മയുടെ കണ്ണുകളിൽ മാതൃത്വം നിറഞ്ഞു കവിയുന്നതു ഞാൻ കണ്ടു. കണ്ണീരു പൊഴിയാതിരിക്കാൻ അമ്മ കഷ്ടപ്പെട്ടു.

“അമ്മേ...” ഞാൻ വെറുതെ വീണ്ടും വിളിച്ചു.

“ന്താടാ...” അമ്മ ചോദിച്ചു.

“അച്ഛന്റെ കൂടെ ആ ചെക്കനും വരുമായിരിക്കും.. അല്ലേ?” എനിക്കു മറ്റൊന്നുമായിരുന്നില്ല അറിയേണ്ടത്.

“ചെലപ്പോ വന്നേക്കും... ഇനി വന്നില്ലേൽ നീ വെഷമിക്കുവൊന്നും വേണ്ടകേട്ടോ?” അമ്മ എന്റെ കൈ മുറുകെ പിടിച്ചു കൊണ്ടു പറഞ്ഞു.

“എനിക്കു വെഷ്മോന്നൂല്ല... മ്മേ.” ഞാൻ പറഞ്ഞു.

“ങ്ഹാ.. അങ്ങനെവേണം. എനിക്കറിയില്ലേ... ന്റെ കുട്ടനെ... ചുമ്മാ സങ്കടപ്പെടാൻ വേറെ ആളുനോക്കണം... ല്ലേ.” അമ്മ തമാശ കലർത്തി പറഞ്ഞു. ഞങ്ങൾ മുമ്പും പുറകുമായി വീട്ടിനുള്ളിലേക്കു കയറി. വിളക്ക് അരപ്രൈസിൽ വച്ചിട്ട്

*കറുത്ത ആമ

അമ്മ നടയിലെ ചവിട്ടി ഒന്നു തട്ടികുടഞ്ഞിട്ടു. ഈ തക്കം നോക്കി വിളക്കിനെ ഒരു കാറ്റ് ഓടിവന്നു കെടുത്താൻ നോക്കിയെങ്കിലും അമ്മ പെട്ടെന്ന് കൈപ്പത്തിക്കൊണ്ടു തടപിടിച്ചതിനാൽ കാറ്റിന്റെ മോഹം നടന്നില്ല. ഞാൻ എന്റെ മുറിയിലേക്കും അമ്മ അടുക്കളയിലേക്കും നടന്നു പോയി. എന്റെ മുറിയിലെ മേശപ്പുറത്തെ മണ്ണെണ്ണ വിളക്കിന് ഒരു ചില്ലുഗ്ലാസ്സ് കൂടിയുണ്ട്. അതുകൊണ്ടു വെട്ടം കൂടും. കാറ്റുവന്നാൽ കെടുകയുമില്ല. അതിന്റെ ചുവട്ടിലൊരു കമ്പി വളച്ചുവെച്ചിട്ടുണ്ട്. അതു വല ത്തേക്കു തിരിച്ചാൽ ഉള്ളിലെ തിരി മേലോട്ടുകയറും. വെട്ടവും കൂടും. ഇടത്തേക്കു തിരിച്ചാൽ വെട്ടം കുറയും. പിന്നെയും തിരിച്ചാൽ അങ്ങു കെടുകയും ചെയ്യും. ഞാൻ തിരിയല്പം നീട്ടിവെച്ചു. വെളിച്ചം ഒന്നുകൂടെ ഉഷാറായി.

പുറത്തു നല്ല നിലാവുണ്ട്. നിലാവിനെ തൊട്ട് ഇളം കാറ്റ് മുറിയിലേക്കു വീശു ന്നുണ്ട്. ചില്ലുഗ്ലാസ്സിന് ഉള്ളി ലാണെങ്കിലും തിരിനാളം ഇടയ്ക്കിടെ ചെറുതായി നടുങ്ങുന്നുണ്ട്. അതുകാണാ നൊരു രസമുണ്ട്. ഇടയ്ക്ക് അമ്മവന്ന് ചോറുണ്ണാൻ വിളിച്ചു. വിശപ്പു തോന്നിയെ ങ്കിലും അച്ഛൻ വന്നിട്ടു മതി യെന്നു ഞാൻ പറഞ്ഞു. അടുക്കളയിൽ അമ്മയുടെ പണിയൊക്കെ ഒതുങ്ങിയെന്ന തോന്നുന്നു. അവ്യക്തമായി കേൾക്കുന്ന മൂളിപ്പാട്ട് അതിന്റെ ലക്ഷണമാണ്. ചിലപ്പോൾ എന്തെങ്കിലും വായിക്കുമ്പോഴും അമ്മ പാട്ടുമൂളിക്കൊണ്ടിരിക്കും. ഞാൻ ചെവിയോർത്തു. ഏതോ കവിതയാണ് അമ്മ ചൊല്ലുന്നത്. ശ്രദ്ധിച്ചപ്പോൾ മനസ്സിലായി അത് *റാണി യാണെന്ന്. ചില വരികൾ ഞാൻ നന്നായി കേട്ടു.

''കായലിൻ മാറിലലിഞ്ഞു
ചേർന്നീടുവാ-
നായുന്ന കാനനച്ചോല,
ചോലയും കായലും
പുൽകവേ പുഞ്ചിരി-
ച്ചാർത്തിടും പൂന്തിരമാല,
പൂന്തിരമാലമേൽ
നീർക്കിളിച്ചാർത്തുപോൽ
നീന്തുമൊരായിരം
തോണി,...''

'റാണി' മുഴുവൻ അമ്മയ്ക്കു കാണാപ്പാഠമാണെങ്കിലും അമ്മ അതിങ്ങനെ ഇടയ്ക്കു പാടിക്കൊണ്ടിരിക്കും. ഓണ ക്കാലം അടുത്തുവരുന്നതു കൊണ്ടാവാം. ഹോ... ഓണ ത്തിനു ഞങ്ങളെല്ലാവരും കൂടി റാണി പാടി മുറ്റത്തൊരു 'വട്ടക്കളി'യുണ്ട്. പാടിയും കളിച്ചും നേരം വെളുക്കുന്നതു പോലും അറിയില്ല. ഞങ്ങള് പിള്ളാരൊക്കെ മുറ്റത്തു നിവർത്തിയിട്ട ചിക്കുപായിൽ കിടന്ന് ഉറങ്ങിപ്പോകും.

നേർത്ത ഈണത്തിലുള്ള അമ്മയുടെ പാട്ട് തിരിനാള ത്തിന്റെ ഇടയ്ക്കിടെയുള്ള ഇക്കിൾ, നിലാവിന്റെ ഇളംതണുപ്പ്, മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ ഞാനവയിൽ കുതിർന്ന് സീന റിയിൽ നോക്കി കട്ടിലിൽ വെറുതേ കിടന്നു. കളിക്കുന്ന



*തിരുനെല്ലൂർ കരുണാകരന്റെ 'റാണി' എന്ന കവിത.

കുട്ടികളിൽ ഒരാളായി ഞാൻ മനസ്സുകൊണ്ട് ഓടിച്ചെന്നു. അടുത്തെത്തിയപ്പോഴാണ് മനസ്സിലായത് അതിലൊരാൾ ആ ചെക്കനാണെന്ന്. മറ്റു രണ്ടുപേർ എന്റെ ബഞ്ചിലിരുന്ന് പഠിക്കുന്നവരാണ്. ഇനിയൊരാൾ തലയിൽ അലുമിനിയപ്പാത്രങ്ങൾ ചുമന്നുകൊണ്ടു വിൽക്കാൻ വരുന്ന അണ്ണാച്ചിയുടെ ഒപ്പം കാണുന്ന പേരറിയാത്ത പയ്യനാണ്. ഞങ്ങളെല്ലാവരും കൂടി കരയ്ക്കു കയറ്റി വെച്ചിരിക്കുന്ന ഒരു വള്ളം വെള്ളത്തിലേക്കു ഉന്തിയിറക്കാൻ പണിപ്പെടുകയാണ്.

ഏലൈസാ... ഐലേസാ...
ഉന്തിപ്പോട്ടെ... ഐലേസാ...
തള്ളിപ്പോട്ടെ.... ഐലേസാ...

ന്ന് എല്ലാവരും വിളിച്ചു പറയുന്നുണ്ട്. ഞങ്ങളുടെ ചുമലുകൾ തൊട്ടു തൊട്ടാണിരിക്കുന്നത് . കാലുകൾ ചെളിയിൽ പുതഞ്ഞു പോകുന്നുണ്ട്. അതാ വള്ളം പുഴവക്കിലേക്ക് എത്തിതുടങ്ങി. അതോടെ തള്ളലിന് ആക്കം കൂടി. പുഴയിലേക്കിറങ്ങിയതോടെ ഓരോരുത്തരായി വള്ളത്തിലേക്കു ചാടിക്കയറാൻ തുടങ്ങി. ഏറ്റവും പുറകിലായിരുന്നതിനാൽ എനിക്കതിലേക്കു ചാടിക്കയറാൻ കഴിഞ്ഞില്ല. ആ ചെക്കൻ കൈ നീട്ടിയെന്നെ വലിച്ചു കേറ്റാൻ ശ്രമിച്ചെങ്കിലും ആ വിരലിൽ ഒന്നുതൊട്ടതല്ലാതെ എനിക്കതിൽ പിടിക്കാൻ കഴിഞ്ഞില്ല. മുട്ടറ്റം വെള്ളത്തിലൂടെ ഞാൻ വള്ളത്തിനു പുറകെ തപ്പിത്തടഞ്ഞ് കുറേ നീന്തിയെങ്കിലും ഉന്തിയിറക്കിയ ആക്കത്തിൽ വള്ളം പെട്ടെന്ന് പുഴമധ്യത്തിലേക്കു കുതിച്ചുപോയി. കരയിൽ ഞാൻ തനിച്ചായി. വള്ളം അകന്നകന്നു പോവുകയാണ്. കുട്ടികൾ അതിൽ മറ്റേതോ കളിതുടങ്ങി. അവർക്കിടയിൽ ആ ചെക്കനെ തിരിച്ചറിയാനേ കഴിയുന്നില്ല. താമസിയാതെ കുട്ടികളെ തുടർന്ന് വള്ളവും കാഴ്ചയിൽ നിന്നു മറഞ്ഞു. അപ്പോഴാണ് മുട്ടറ്റമുണ്ടായിരുന്ന വെള്ളം കഴുത്തറ്റംവരെ എത്തിയ കാര്യം ഞാനറിയുന്നത്. കൈകാലുകളിട്ടടിച്ച് ഞാൻ എങ്ങനെയോ ഒരു വിധം കരപറ്റി... അല്ല ഞെട്ടിയുണർന്നു. മുന്നിൽ അമ്മ ചിരിച്ചുകൊണ്ടു നിൽക്കുന്നു. തിളങ്ങുന്ന കണ്ണുകളോടെ അമ്മ പറഞ്ഞു.

"ഞാൻ നിന്നെ വിളിക്കാൻ വരുവാരുന്നു.... നിന്റച്ചൻ വന്നു.. ദാ... ആരാ കൂടെ വന്നേക്കുന്നേന്ന് നോക്കിക്കേ."

**കാർട്ടൂൺ** **പി വി കൃഷ്ണൻ**



അനർട്ട്

# ഗ്രാമങ്ങൾ തോറും വൈദ്യുതി
# വീടുകൾ തോറും വെളിച്ചം




ANERT

ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി & റൂറൽ ടെക്നോളജി (അനർട്ട്)

ഊർജ വകുപ്പ്, കേരള സർക്കാർ

www.anert.gov.in



# നെതർലണ്ടിലൂടെ ഒരു യാത്ര

**സെബാസ്റ്റ്യൻ പള്ളിത്തോട്**



**ഡച്ചുകാർ, ലന്തക്കാർ, ഹോളണ്ടുകാർ എന്നെല്ലാം വിളിപ്പേരുള്ള നെതർലണ്ടുകാരുടെ നാട്ടിലൂടെ ഒരു യാത്ര. മലയാള ഭാഷ ആദ്യമായി മുദ്രണംചെയ്യപ്പെട്ട (ഹോർത്തൂസ് മലബാറിക്കൂസ് -1678) ആംസ്റ്റർഡാം, ആൻഫ്രാങ്കിന്റെ ഓർമകളുടെയും നഗരമാണ്. കാറ്റാടിയന്ത്രങ്ങളും കായലുകളും കൃഷിയിടങ്ങളും നിറഞ്ഞ കുട്ടനാടിനെ ഓർമിപ്പിക്കുന്നു ഹോളണ്ട്. 'സൂര്യകാന്തികളുടെ പാടം' വരച്ച വിൻസന്റ് വാൻഗോഗിന്റെ നാട്. അവിടെ കുട്ടികൾക്കുവേണ്ടി ഒരു കുള്ളൻഗ്രാമം, മധുരോഡാം എന്ന മിനിയേച്ചർ പാർക്ക്. അവിടെ ചരിത്രസ്മാരകങ്ങളെല്ലാം യഥാർത്ഥത്തിലുള്ളതിന്റെ ഇരുപത്തഞ്ചിലൊന്നായി ചെറുതാക്കി പുനഃസൃഷ്ടിച്ചിരിക്കുന്നു. ആ അത്ഭുതദ്വീപിലൂടെ മധുരോദാരമായ ഒരു യാത്ര.**

ആംസ്റ്റർഡാമിലെ ആൻഫ്രാങ്ക് മ്യൂസിയം വിട്ടുപുറത്തിറങ്ങിയത് മ്ലാനമായ മനസ്സോടെ ആയിരുന്നെങ്കിലും പതിവിനു വിപരീതമായി ആകാശം പ്രസന്നമായിരുന്നു. മഞ്ഞുകാലം പോയ്മറഞ്ഞെന്നു യൂറോപ്പിലുള്ളവർ പൊതുവെ അവകാശപ്പെട്ടുവെങ്കിലും ചെന്നിടത്തെല്ലാം സ്വാഗതം ചെയ്തത് മഞ്ഞും മഴയും ശീതക്കാറ്റും മാത്രം. തണുത്തുറഞ്ഞൊരു നട്ടുച്ചയ്ക്ക് കിടുകിടുപ്പോടെ വിറച്ചുതുള്ളിക്കൊണ്ട് നെതർലണ്ടിലെ നഗരവീഥിയിൽ നിന്നും ബസ്സിനുള്ളിലേക്ക് ഞാൻ ഓടിക്കയറി രക്ഷപ്പെട്ടത് കഴിഞ്ഞ ദിവസമാണല്ലോ!

ഹോളണ്ടിന്റെ (നെതർലണ്ട്) ചരിത്രത്തിൽ ധീരോദാത്തരായ കുട്ടികൾ എന്നും നിറഞ്ഞുനിന്നിരുന്നു. ആൻഫ്രാങ്കിനു മുമ്പും, അതിനുശേഷവും 'ഹോളണ്ടിനെ രക്ഷിച്ച ബാലൻ' അവരുടെ പ്രാചീനനാടോടിക്കഥകളിലൊന്നാണ്. ഡച്ചുകാരുടെ വരവിനെക്കുറിച്ച് പണ്ടത്തെ സാമൂഹ്യപാഠപുസ്തകങ്ങളിൽ വായിക്കാൻ തുടങ്ങുന്നതിനു മുമ്പു കേട്ടതാണ് പീറ്ററിന്റെ കഥ. അതും

അരനൂറ്റാണ്ടിനു മുമ്പു മൂന്നാംതരത്തിലെ മലയാളപാഠാവലിയിൽ.


നമ്മുടെ കുട്ടനാടിനെ ഓർമിപ്പിക്കുന്ന ഭൂപ്രകൃതി യാണു ഹോളണ്ടിലേത്. സമുദ്രനിരപ്പിൽ നിന്നും പന്ത്രണ്ടു മീറ്ററിലധികം താഴെ സ്ഥിതിചെയ്യുന്ന കായൽചതുപ്പ്. തൊട്ടപ്പുറം കടലിന്റെ ചൂളം വിളി. സമുദ്രനിരപ്പിലുണ്ടാകുന്ന ചെറിയൊരു വ്യതിയാനം മതി ഹോളണ്ടിനെ ഭൂമുഖത്തു നിന്നും ഇല്ലാതാക്കാൻ! എന്നാൽ, ഡച്ച് ജനത അതൊന്നും കാര്യമാക്കുന്നില്ലെന്നുമാത്രം. അവർ കടൽ നികത്തിയും കായൽ നികത്തിയും പുതിയ ഭൂഭാഗങ്ങൾ സൃഷ്ടിക്കുകയും തങ്ങളുടെ അതിരുകൾ വിശാലമാക്കുകയും ചെയ്യുന്നു. അതിനാൽത്തന്നെ നൂറ്റാണ്ടുകളായി കടലിനും (North Sea) കായലിനു മെതിരെ അവർ ഉപരോധം തീർക്കുകയും യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. കാറ്റാടി യന്ത്രങ്ങൾ, അണക്കെട്ടുകൾ, വെള്ളം വറ്റിക്കാനുള്ള ഉപകരണങ്ങൾ, ചിറകൾ എന്നിങ്ങനെ അവരുടെ ഉപ രോധം നീണ്ടുപോകുന്നു. (കാലവർഷക്കാലത്ത് കുട്ടനാടൻ പാടശേഖരത്തിൽ നെൽക്കൃഷിയെ സംരക്ഷിക്കാനായി നിർമിച്ചിരിക്കുന്ന ഇത്തരം മണൽച്ചിറകൾ കനത്ത മഴവെള്ളപ്പാച്ചിലിൽ ഒലിച്ചുപോവുകയും (മടവീഴ്ച എന്നാണ് കുട്ടനാട്ടുകാർ ഇതിനു പറയുക.) കൃഷി നാശമുണ്ടാവുകയും ചെയ്യുന്ന കഥകൾ നിത്യസംഭവങ്ങളാണ്.)

ഹോളണ്ടിനെ രക്ഷിച്ച ബാലന്റെ കഥയും പീറ്ററു മെല്ലാം അവരുടെ ഐതിഹ്യ മാലയിൽ ഇടം കണ്ടെത്തി യത് ആ നാടിന്റേതു മാത്രമായ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൊണ്ടാണ്. ആ രാത്രി പീറ്ററിന് ഇപ്പോഴും ഓർമയുണ്ടാകണം. രാത്രി വളരെ വൈകി കൃഷി സ്ഥലത്തു നിന്നു മടങ്ങു മ്പോഴാണ് ആംസ്റ്റെൽ ആ കാഴ്ച കാണുന്നത്. കരകവിഞ്ഞ് ഒഴുകുകയാണ് ആംസ്റ്റെൽ നദി. വടക്കൻ കടലിൽ കനത്ത വേലിയേറ്റം ഉണ്ടായിട്ടുണ്ടാകണം. അല്ലാതെ ഏറ്റം വന്നാൽ ഇത്രവരാൻ വഴിയില്ല. ആംസ്റ്റർഡാം നഗരത്തെ കടലിൽ നിന്നു സംരക്ഷിച്ചു നിർത്തുന്ന സംരക്ഷണഭിത്തി യിലെ വിള്ളലിലൂടെ വെള്ളം കുതിച്ചൊഴുകുകയാണ്. പീറ്റർ മറ്റൊന്നും ചിന്തിച്ചില്ല. ഇത്തിരിപ്പോന്ന തന്റെ ചൂണ്ടുവിരൽ ആ സുഷിര ത്തിലേക്കു തള്ളിയിറക്കി ക്കൊണ്ട്, കനത്ത മഞ്ഞിലും തണുപ്പിലും നേരം പുലരുവോളം അവൻ തന്റെ നാടിനു കാവലാളായി നിന്നു. മറിച്ചായിരുന്നുവെങ്കിൽ നേരം പുലരുന്നതിനു മുമ്പേ തന്നെ ഹോളണ്ട് എന്ന രാഷ്ട്രം ഭൂപടത്തിൽ നിന്നും അപ്രത്യക്ഷമാകുമായിരുന്നു.

ഹോളണ്ടിലെ പുതു തലമുറയ്ക്ക് പീറ്ററിന്റെ കഥ ഇപ്പോഴും ആവേശജന കമാണ്. ആൻഫ്രാങ്കിന്റെ യാതനാജീവിതം പോലെ തന്നെ പ്രചോദനം പകരുന്നതാണ്.










**വീട് എന്ന ഒളിത്താവളത്തിലിരുന്ന് 'കിറ്റി' എന്ന ഓമന പേരിട്ടു വിളിച്ച തന്റെ ഡയറിയുമായി ആൻ ലോകത്തോടു സല്ലപിക്കുകയും പരിഭവിക്കുകയും പ്രണയിക്കുകയുമായിരുന്നു, അവസാനം ശത്രുക്കളാൽ അവളും കുടുംബവും ക്രൂരമായി ഒറ്റിക്കൊടുക്കപ്പെടുന്നതുവരെ. 'ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ' കുട്ടികൾ മാത്രമല്ല മുതിർന്നവരും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ്.**

ആംസ്റ്റർഡാമിലെ തന്റെ വീടിനു പുറത്ത് ഓരോ നിമിഷവും അരങ്ങേറുന്ന ദാരുണാനുഭവങ്ങൾ. ഹിറ്റ്ലറും അദ്ദേഹത്തിന്റെ രഹസ്യപ്പോലീസായ ഗസ്റ്റപ്പോയും ചേർന്നു നടത്തുന്ന വംശീയവേട്ടകൾ! രണ്ടാം ലോകയുദ്ധമെന്നത് ഹിറ്റ്ലറെ സംബന്ധിച്ച് യഹൂദജനതയെ ഭൂമുഖത്തു നിന്നും ഉന്മൂലനം ചെയ്യാനുള്ള പദ്ധതിയുടെ ഭാഗം തന്നെയായിരുന്നല്ലോ!

വീട് എന്ന ഒളിത്താവളത്തിലിരുന്ന് 'കിറ്റി' എന്ന ഓമനപ്പേരിട്ടു വിളിച്ച തന്റെ ഡയറിയുമായി ആൻ ലോകത്തോടു സല്ലപിക്കുകയും പരിഭവിക്കുകയും പ്രണയിക്കുകയുമായിരുന്നു, ശത്രുക്കളാൽ അവളും കുടുംബവും ക്രൂരമായി ഒറ്റിക്കൊടുക്കപ്പെടുന്നതുവരെ. 'ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ' കുട്ടികൾ മാത്രമല്ല മുതിർന്നവരും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ്.

## അണക്കെട്ടല്ല ഡാം

ആംസ്റ്റർഡാം, റോട്ടർഡാം, ഷേയ്ഡാം. നോട്ടർ ഡാം, വോളെൻഡാം, മധുരോഡാം എന്നിങ്ങനെ നെതർലണ്ടിലെ പ്രധാനപ്പെട്ട നഗരങ്ങൾ പലതിന്റെയും പേരുകൾ ഡാം എന്ന് അവസാനിക്കുന്നതു കാണുമ്പോൾ അവ അണക്കെട്ടുകളാണോ എന്നു സംശയിച്ചുപോവുക സ്വാഭാവികം. നദീമുഖങ്ങൾക്കരികിൽ സ്ഥിതിചെയ്യുന്ന നഗരങ്ങൾ എന്നതുമാത്രമേ ഈ ഡാം എന്ന വിശേഷണം കൊണ്ട് അർത്ഥമാക്കേണ്ടതുള്ളൂ. മധുരോഡാമിലേക്ക് (madurodam)പുറപ്പെടുമ്പോഴും അണക്കെട്ട് എന്ന സങ്കല്പമായിരുന്നു മനസ്സിൽ.

ഒരു നക്ഷത്രശാല പോലെ അമ്പതിനായിരം വർണവിളക്കുകൾ ഒരേ സമയം പ്രകാശിച്ചു നിൽക്കുന്ന മധുരോഡാം പക്ഷേ ഒരു നഗരമേയല്ല. അതാകട്ടെ കുറേയേറെ വലിയ നഗരങ്ങളുടെ മനോഹരമായൊരു മിനിയേച്ചർ ആണെന്നതാണു സത്യം. എന്നും ഒരു കലാപവും പ്രതിഷേധവും ഉള്ളിൽ സൂക്ഷിച്ചു പോന്നിട്ടുള്ള ഡച്ച് സംസ്കൃതിയുടെ കീശപ്പതിപ്പ്. മധുരോഡാം എന്ന മിനിയേച്ചർ പാർക്കിന്റെ (മ്യൂസിയത്തിന്റെ)





നിർമ്മാണത്തിനു പിന്നിലും അത്തരം ഒരു കഥയാണുള്ളത്.

ഇവിടെ നിങ്ങൾക്കു കഥ പറഞ്ഞു തരാൻ ഒരു ഗൈഡിന്റെ ആവശ്യമേയില്ല. അല്പം ചരിത്രബോധം മാത്രം മതി മനസ്സിൽ . അല്ലാതെ തന്നെ ഡച്ചുകാർ പണ്ടേ തന്നെ നമ്മുടെയുള്ളിൽ കയറിപ്പറ്റിയവരാണല്ലോ! കലയിലും കലാപത്തിലും അതിനെതിരായ പോരാട്ട ങ്ങളിലും എന്നും അവർ മുൻപന്തിയിലുണ്ടായിരുന്നു. നീണ്ട എൺപതുവർഷമാണ് സ്പെയിനിനെതിരെ അവർ യുദ്ധം നയിച്ചത്. സ്പെയിൻ കാർ ലെയ്ഡൺ എന്ന ചെറുപട്ടണം വളഞ്ഞപ്പോൾ യുദ്ധംകൊണ്ട് പൊറുതി മുട്ടിയ ഡച്ച് ജനത അഞ്ചാറു മാസക്കാലം പട്ടിണി കിടന്നു കൊണ്ടാണ് തങ്ങളുടെ ശത്രുക്കളോടു പൊരുതി നിന്നത്. ഒടുവിൽ ഗത്യന്തരമി ല്ലെന്നായപ്പോൾ ലെയ്ഡൺ മുതൽ നോർത്തുസീവരെ അവർ ചാലുകൾ കീറി വെള്ളപ്പൊക്കം സൃഷ്ടിച്ചാണ് സ്പെയിൻകാരെ തുരത്തിയത്. യുദ്ധചരിത്രത്തിലെ അത്യപൂർവമായ ഒരേടായി രുന്നു അത്. ജലം തുണയായും വിനയായും എന്നും അവർക്കൊപ്പം കൂട്ടിനുണ്ടായിരുന്നതിന്റെ കഥ. ഒരു ജലകലാപം!

## മധുരമുള്ള പ്രതി കാരം-മധുരോഡാം.

ഹോളണ്ടിലെ ജനതയ്ക്ക് കലാപം എന്നത് അവരുടെ ജീവിതത്തിന്റെ തന്നെ പര്യായമായിത്തീർന്ന കാലം. 1935 ലെ തൊഴിലാളിപ്രക്ഷോ ഭങ്ങൾ. 1960 കളിലും 1970 കളിലുമുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ. അവയിൽ ത്തന്നെ അമേരിക്കയുടെ വിയറ്റ്നാംയുദ്ധത്തിനെതിരെ നെതർലണ്ടിലെ കോളജ് കാമ്പസുകളിൽ നിന്നുയർന്ന പ്രതിഷേധങ്ങൾ. ഏറ്റവുമൊ ടുവിൽ 1980 ൽ ബിയാട്രിക്സ് (Queen Beatrix)രാജ്ഞിയുടെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ടുണ്ടായ കലാപം. അങ്ങനെ കലാപങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും പ്രതിഷേധങ്ങളുടേതുമായ ഒരു പരമ്പര തന്നെ നെതർല ണ്ടുകാരുടെ രക്തത്തിലുണ്ട്.

മുപ്പത്തഞ്ച് ഏക്കറിൽ പരന്നുകിടക്കുന്ന മധുരോ ഡാം എന്ന ചെറുലോകം പോലും നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നത് മധുരോദാരമല്ലാത്ത ഒരു യുദ്ധസ്മരണയിലേക്കാണ്. ആൻഫ്രാങ്കിനെയും കുടുംബത്തെയും വേരോടെ വേട്ടയാടിയ അതേ രണ്ടാം ലോകയുദ്ധം! ആ യുദ്ധം തന്നെയാണ് ജോർജ് ജോൺ ലയണൽ മധുരോ എന്ന നിയമ വിദ്യാർത്ഥിയെയും വേട്ടയാടിയത്. ഒന്നുകൂടി തെളിച്ചു പറഞ്ഞാൽ ഹിറ്റ്ലറുടെ രഹസ്യ പോലീ സായ ഗസ്റ്റപ്പോയും അവർ ഒരുക്കിയ കോൺസൻ ട്രേഷൻ ക്യാമ്പും.

ലെയ്ഷെൻഡാമിലാണ് (Leidschendam) ജോർജ് മധുരോ ജനിച്ചത്, 1916 ജൂലൈ 15 ന്. ഒരു നിയമവിദ്യാർത്ഥിയായി ലെയ്ഡെനി (Leiden)ലെ ത്തിയ മധുരോ, അന്നത്തെ യുദ്ധകാലാവസ്ഥയിൽ



സൈന്യത്തിൽ ചേർന്നു. എന്നാൽ ഡച്ചുകാർ, ജർമ്മൻസൈന്യത്തിനു കീഴടങ്ങുകയും അവർ ലെയ്ഷെൻഡാം പിടിച്ചട ക്കുകയും ചെയ്തതോടെ മധുരോയുടെ നേതൃത്വത്തി ലുള്ള പ്രതിരോധം ദിനം പ്രതി ശക്തമായി. ഗസ്റ്റപ്പോ വിരിച്ച വലകളിൽ നിന്നെല്ലാം ഒന്നിലേറെ പ്രാവശ്യം മധുരോ ജീവനുംകൊണ്ടു രക്ഷപ്പെട്ടത് തലനാരിഴയുടെ വ്യത്യാസത്തിനായിരുന്നു.

ഒടുവിൽ എന്നും പ്രതീക്ഷിച്ചിരുന്നതു സംഭവിക്കുക തന്നെ ചെയ്തു. ഗസ്റ്റപ്പോയാൽ അറസ്റ്റുചെയ്യപ്പെട്ട് ഡക്കാവോ (Dachau) യിലെ കോൺസെൻട്രേഷൻ ക്യാമ്പിൽ മരണത്തിനു തലകുനിച്ചുകൊടുക്കുമ്പോൾ മധുരോയ്ക്കു പ്രായം ഇരുപ ത്തെട്ടു തികഞ്ഞിരുന്നില്ല! ഹോളണ്ടിലെ ജനതയും അവരുടെ ഭരണകൂടവും മധുരോയുടെ പോരാട്ടങ്ങളെ പക്ഷേ അവഗണിച്ചില്ല. ഒരു യുദ്ധവീരനുള്ള ബഹുമതി മരണാനന്തരം നൽകി അവനെ അവർ ആദരിച്ചു. പ്രസിദ്ധമായ മിലിറ്ററി വില്യം ഓർഡർ! ഒരുപക്ഷേ സൈന്യ ത്തിലെ ആരുമല്ലാത്ത ഒരാൾക്ക് അന്നേവരെയോ അതിനുശേഷമോ നൽകിയി ട്ടില്ലാത്ത ഡച്ച് ജനതയുടെ സ്നേഹം.

നല്ല തണുപ്പും നേരിയ മഴയുമുണ്ടായിരുന്നിട്ടും മധുരോഡാം കാണാൻ എത്തുന്നവരുടെ തിരക്കിനു യാതൊരു കുറവും ഉണ്ടാ യിരുന്നില്ല. വെറും കാഴ്ചകൾ കാണാൻ മാത്രമാണെങ്കിൽ ടിക്കറ്റെടുത്ത് അകത്തെ ഉദ്യാനത്തിലേക്കു കടന്നാൽ മതി. അല്ല അവിടത്തെ ശാസ്ത്രസാങ്കേതിക മ്യൂസിയവും ബഹിരാകാശ



നിലയവുമെല്ലാം സ്വയം ഉപയോഗിച്ച് അറിയണമെന്നുള്ളവർ അവരുടെ ഇ മെയിൽ വിലാസവും വിശദവിവരങ്ങളും നൽകിയതിനു ശേഷം അകത്തു കയറണമെന്നു മാത്രം.

ചെടിയും പൂവും എല്ലാം കൂടി ഒരടിയിലധികം പൊക്കമില്ലാത്ത ടുലിപ്പ് പുഷ്പങ്ങളുടെ ഒരു സുന്ദരോദ്യാനം. ഹോളണ്ടിൽ കാണാൻ ബാക്കി വച്ചവയോ യാത്രയുടെ തിരക്കിനിടയിൽ വിട്ടുപോയവയോ ആയ എല്ലാ കാഴ്ചകളും അവയുടെ മിനിയേച്ചറുകളായി ഇവിടെ കാഴ്ചക്കാർക്കു മുന്നിൽ പ്രത്യക്ഷപ്പെടുന്നു. ഹേഗിലെ സുപ്രീംകോടതിയും പീസ് പാലസും, ആൻഫ്രാങ്കിന്റെ വസതിയും അന്താരാഷ്ട്ര നീതിന്യായ കോടതിയുമുൾപ്പെടെ വേറിട്ടൊരു ലോകം തന്നെ. ഒഴുകി നടക്കുന്ന യുദ്ധക്കപ്പലുകൾ, കുതിച്ചുപായുന്ന തീവണ്ടികൾ, പറന്നുയരാനായി റൺവെയിലൂടെ ഓടി നീങ്ങുന്ന വിമാനങ്ങൾ എന്നു വേണ്ട കാലത്തിന്റെയും ചരിത്രത്തിന്റെയും ഒരു നടുമുറിതന്നെ.
എല്ലാറ്റിനും പക്ഷേ യഥാർത്ഥത്തിലുള്ളതിന്റെ ഇരുപത്തഞ്ചിലൊന്നു വലിപ്പം മാത്രമേയുള്ള എന്നതാണ് കാഴ്ചകൾ പകരുന്ന വിസ്മയം, ഈ മ്യൂസിയത്തിന്റെ പ്രത്യേകതയും.



**നെതർലണ്ടിലുള്ള കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസമാഹരണത്തിന്റെ ഭാഗമായി രൂപകല്പന ചെയ്യപ്പെട്ടതാണ് മധുരോഡാം എന്ന ആശയം. പ്രതിവർഷം ലോകമെങ്ങു നിന്നും അവിടം സന്ദർശിക്കാനെത്തുന്ന പതിനഞ്ചുലക്ഷത്തോളം വരുന്ന സഞ്ചാരികൾ. ഇന്നും മധുരോഡാം അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നോ നയത്തിൽ നിന്നോ അണുവിട മാറിയിട്ടില്ല.**

## ബിയാട്രിക്സിന്റെ നന്മ

ഒരു യുദ്ധസ്മാരകമെന്ന നിലയ്ക്ക് 1952 ൽ തുടങ്ങി വച്ചതാണ് മധുരോഡാം. അതിനാവശ്യമായ ഒത്താശകളും പണവും നൽകിയത് ജോർജ് മധുരോയുടെ മാതാപിതാക്കൾ ആയിരുന്നെങ്കിലും മധുരോഡാമിനെ ഇന്നു കാണുന്ന പ്രൗഢിയിലേക്ക് ഉയർത്തിയത് രക്തരൂഷിതമായ മറ്റൊരു കലാപത്തിലൂടെ അധികാരത്തിലെത്തിയ ബിയാട്രികസ് രാജ്ഞിയായിരുന്നു എന്നത് ഒരു വിരോധാഭാസമായി തോന്നാം.

നെതർലണ്ടിലുള്ള കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസമാഹരണത്തിന്റെ ഭാഗമായി രൂപകല്പന ചെയ്യപ്പെട്ടതാണ് മധുരോഡാം എന്ന ആശയം. പ്രതിവർഷം ലോകമെങ്ങുനിന്നും അവിടം



സന്ദർശിക്കാനെത്തുന്ന പതിനഞ്ചുലക്ഷത്തോളം വരുന്ന സഞ്ചാരികൾ. ഇന്നും മധുരോഡാം അതിന്റെ പ്രഖ്യാപിതലക്ഷ്യത്തിൽ നിന്നോ നയത്തിൽ നിന്നോ അണുവിട മാറിയിട്ടില്ല.

ന്യൂവേഗനി (Nieuwegein) ലൂടെ കടന്നുപോകുമ്പോൾ കണ്ട അതിദീർഘമായ 'ചീപ്പി' (Lock- ജലപ്രവാഹം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം)നെക്കുറിച്ച് ഞങ്ങളുടെ ഗൈഡായിരുന്ന ഇന്ത്യാക്കാരി അരുന്ധതി യോട് ഞാൻ തിരക്കി. അതിനു നൽകിയിരുന്നതു ബിയാട്രിക്സ് രാജ്ഞിയുടെ പേരാണല്ലോ എന്നതും ഒരു ചോദ്യമായിരുന്നു.

നമ്മുടെ നാട്ടിൽ പാലങ്ങൾക്കും നഗരവീഥി കൾക്കും സ്വന്തം പേരിടുന്ന രാഷ്ട്രീയക്കാരുടെ ചിത്രമായി രുന്നു അപ്പോൾ എന്റെ മനസ്സിൽ.

'അല്ല, അങ്ങനെയല്ല, അന്നവർ രാജ്ഞിയായിട്ടില്ല. അവർ ജനിച്ചു രണ്ടുമാസം കഴിഞ്ഞാണ് ഹോളണ്ടിലെ ഏറ്റവും വലിയ ജലപാത എന്നു വിശേഷിപ്പിക്കാവുന്ന 'ബിയാട്രിക്സ് ലോക്ക്' തുറക്കപ്പെടുന്നത് 1938 ൽ. അവർ പിന്നീട് രാജ്ഞിയായി അധികാരത്തിൽ എത്തപ്പെ ടുന്നത് 1980 ലാണ്.''

അരുന്ധതിയുടെ ചരിത്ര വിജ്ഞാനം എന്നെ അത്ഭുത പ്പെടുത്തിയില്ല. കാരണം, ടൂറിസ്റ്റുകൾക്കു വേണ്ടി തയ്യാറാക്കിവച്ച വിലപ്പെട്ട വിജ്ഞാനശേഖരത്തിൽ നിന്നും ചെറിയൊരു കഷണം അവൾ ഞങ്ങളുടെ നേർക്കു നീട്ടിയതായിരുന്നു. ബിയാ ട്രിക്സ് മധുരോഡാമിന്റെ ആദ്യത്തെ മേയർ ആയി ത്തീർന്നു എന്നത് പിൽക്കാല ചരിത്രം. ഇന്നാകട്ടെ രാജ്ഞി അതിന്റെ രക്ഷാധികാരി യുമാണ്.

ഇരുവശവും ടുലിപ്പ് പൂക്കൾകൊണ്ട് അലങ്കരിച്ച മനോഹരമായ വഴിത്താര യിലൂടെ പുറത്തേക്കുള്ള വഴിയന്വേഷിക്കുമ്പോൾ മധുരോഡാമിന്റെ വൃത്താ കാരത്തിനു വെളിയിൽ കാവൽക്കാരെപ്പോലെ തലയുയർത്തി നിൽക്കുന്ന പ്രാചീനമായ കാറ്റാടികൾ! (wind mill)

ഞാൻ വീണ്ടും പീറ്ററിനെക്കുറിച്ചോർത്തു. ഹോളണ്ടിനെ രക്ഷിച്ച അത്ഭുതബാലൻ. അവന്റെ രാത്രികാവൽ! ഇത്തരം ചില ജാഗ്രതകളാണല്ലോ കാലത്തെയും ലോകത്തെയും നിലനിർത്തുന്നത്. ആൻഫ്രാങ്കായാലും ജോർജ് മധുരോ ആയാലും അതിനു മാറ്റമൊന്നും ഉണ്ടാകുന്നില്ല.


ബിയാട്രിക്സ് ലോക്ക്

**ബിയാട്രിക്സ് അന്ന് രാജ്ഞിയായിട്ടില്ല. അവർ ജനിച്ചു രണ്ടുമാസം കഴിഞ്ഞാണ് ഹോളണ്ടിലെ ഏറ്റവും വലിയ ജലപാത എന്നു വിശേഷിപ്പിക്കാവുന്ന 'ബിയാട്രിക്സ് ലോക്ക്' തുറക്കപ്പെടുന്നത് 1938 ൽ. അവർ പിന്നീട് രാജ്ഞിയായി അധികാരത്തിൽ എത്തപ്പെടുന്നത് 1980 ലാണ്.**



ഷിപ്പോൾ എയർപോർട്ടിന്റെ മോഡൽ

# എന്നും തളിരായിരുന്നെങ്കിൽ!

ചെമ്മനം ചാക്കോ

'എന്നും നീ തളിരായിരുന്നെങ്കിലെത്രനന്ന്?'
എന്നു ഞാൻ ചിന്തിച്ചുപോയിടുന്നു!
തളിരിൻ നിറംകണ്ടു കുളിർകാറ്റു വന്നെത്തി
പുലർകാലേ താരാട്ടുപാടി നിൽക്കും.
അരുണൻ കിഴക്കുനിന്നറിയാതെ വന്നു നിൻ
കവിളിൽ പ്രണയാർദ്രമുമ്മവയ്ക്കും.
കനമാർന്നു മൂത്തോരിലകൾ നിൻ ചുറ്റിലും
കവിയുമസൂയയാൽ നോക്കി നിൽക്കും.
അടിയിലായ് ചുങ്ങിപ്പഴുത്തോരിലകളോ
നെടിയ നിശ്വാസം പൊഴിച്ചു നീറും.
പെരിയ സൗഭാഗ്യങ്ങൾ കൈവിട്ടുപോയതിൽ
കരിയിലക്കൂട്ടം കിടന്നുകേഴും!
എന്നും നീ തളിരായിരുന്നെങ്കിലെത്ര ന-
ന്നെന്നു ഞാൻ ചിന്തിച്ചുപോയിടുന്നു.

**2**

കാലമേ, നീയെത്ര നിർദ്ദയൻ; തളിരിന്റെ
കാവ്യാത്മകത്വം കവർന്നു നീയും!
ഉച്ചിയിലുഗ്രംവെയിൽ വീണു തളിർ കടും-
പച്ച നിറമായ് പരിണമിച്ചു.
പച്ചിലച്ചാർത്തുകൾ മുകളിലെ തളിരിനെ
പാരമസൂയയാൽ നോക്കി നിൽപ്പൂ.
ആർക്കുമസൂയ നന്നല്ല, പഴുത്തില-
യാക്കുന്നു പച്ചയെ കാലദൂതൻ!
തേട്ടിത്തകർന്നു കിടക്കും കരിയില-
ക്കൂട്ടത്തിലൊന്നായ്പ്പെടുന്നു പിന്നെ!

* * * *

എന്നുടെ ജീവിതഗ്രാഫ് രേഖയെന്നപോൽ
മുന്നിൽ നിൽക്കുന്നോ തളിരിലകൾ?



വര: മിത്ര കമലം

കഥ

# ഒരു വസന്തഗാനം

മുണ്ടൂർ സേതുമാധവൻ

ഈ ബാൽക്കണിയിലിരുന്ന് വടക്കോട്ടു നോക്കിയാൽ മലയാണ്. കനത്ത കാട് വളർന്നു നിൽക്കുന്ന മല. മലയിലേക്കുള്ള ചെരുവിലെ കുറ്റിക്കാടിനിടയിൽ ചെമ്മരിയാടുകൾ മേയുന്നു. ചെമ്മരിയാടുകൾക്ക് എന്തുഭാഗ്യം. ശ്രുതി മനസ്സിൽ തൊട്ടുകൊണ്ട് സങ്കടപ്പെട്ടു. ഇവിടെ ഈ ഫ്ളാറ്റിൽ ഞാനൊറ്റയ്ക്ക്. ചെമ്മരിയാടുകൾ ഒരിക്കലും ഒറ്റയ്ക്കാവുന്നില്ല. മലഞ്ചെരുവിലെ കുറ്റിക്കാടുകൾ നിറയെ ചുവപ്പും മഞ്ഞയും പൂക്കൾ. ഈ പൂക്കളും ഒറ്റയ്ക്കാവുന്നില്ല!

ബാൽക്കണിയിലിരിക്കുന്ന ശ്രുതി എന്തോ ശബ്ദം കേട്ട് തിരിഞ്ഞു നോക്കി. പണിക്കാരി നിലത്തിരുന്ന് ഉറക്കം തൂങ്ങുന്നു. അവരുടെ കൈയിലെ താക്കോൽ നിലത്തുവീണ ശബ്ദമാണു കേട്ടത്.

പണിക്കാരിയും സങ്കടപ്പെടുന്നുണ്ടാവും ഒറ്റപ്പെടുന്നതിൽ. അവരുടെ മക്കളും കുടുംബവും രണ്ടു കിലോമീറ്റർ ദൂരെയാണ്. അമ്മയും അച്ഛനും ജോലികഴിഞ്ഞെത്തിയാൽ പണിക്കാരിക്കു മോചനം.

കോളിങ് ബെല്ലിൽ ഒരു വ്യാഘ്രത്തിന്റെ അമറൽ.

ശബ്ദം കേൾക്കാത്ത താമസം ശ്രുതി വാതിൽക്കലെത്തി. അവൾ ഒരു ചെത്തത്തിന്, ഒരു സ്പർശത്തിന് ദാഹിക്കുകയായിരുന്നു. ഒറ്റയ്ക്കാവുക ഒരു ബോറുതന്നെയാണ്. ബാൽക്കണിയിൽ നിൽക്കുമ്പോൾ കാണുന്ന ചെമ്മരിയാടുകളും ചുമടേറ്റി പോകുന്ന തൊഴിലാളികളും ആകാശത്തു പറന്നുകളിക്കുന്ന കിളികളുമാണ് കൂട്ടുകാർ. കിളികൾക്ക് എന്തു സ്വാതന്ത്ര്യമാണ്. ഒരാകാശം മുഴുവൻ അവർക്കു പറന്നു കളിക്കാം.



വര: സചീന്ദ്രൻ കാറഡുക്ക

ശ്രുതി വാതിൽ തുറന്നു. അത്ഭുതം. വന്നത് അച്ഛനും അമ്മയുമല്ല. വന്നത് ആറ് ഡി*യിലെ ഗോപുവാണ്.

''ഗോപൂ, വാ.'' അവളുടെ മുഖം തെളിഞ്ഞു. ഒരാൾക്കൂട്ടത്തിൽത്തന്നെ എത്തിപ്പെട്ടതിന്റെ തോന്നൽ. ഗോപുവിന് ആയിരം നാക്കാണ്. ഇനി അമ്മയും അച്ഛനും എപ്പോഴെങ്കിലും വരട്ടെ. ഇവിടെ ഗോപുവുണ്ടല്ലോ. ഇനി വേണ്ടുവോളം കളിക്കാം.

ഗോപു അങ്ങനെ നിത്യവും വരാറില്ല. അമ്മ സമ്മതിക്കുമ്പോൾ മാത്രം വരും. അവനിക്കൊല്ലം അഞ്ചിലെത്തി. താൻ നാലിലും. അഞ്ചിൽ വളരെക്കൂടുതൽ പഠിക്കാനുണ്ടത്രെ. കളിക്കൊക്കെ ഇനി നിയന്ത്രണം വേണം.

''ഗോപൂ, നമുക്ക് കളിക്കാം.''

''എന്താണു കളിക്കേണ്ടത് ശ്രുതീ?''

''ചെസ് കളിക്കാം.''

''ഇന്ന് ചെസ് വേണ്ട.'' ഗോപു പറഞ്ഞു: ''ഓണം എത്താറായി. നാളെ എല്ലാ ഫ്ളാറ്റിലും പൂക്കളം ഇടുന്നുവത്രേ.''

''നാളെ ഞായറാഴ്ചയല്ലേ. അതു നന്നായി.''

''ശ്രുതീ നമുക്കാ മലഞ്ചെരുവിലേക്കു പോകാം.'' ഗോപു പറഞ്ഞു: ''അവിടെ എത്ര പൂക്കളാണ്.''

''പോകാം.'' ശ്രുതി റെഡിയായി. അവൾ പണിക്കാരിയോടു പറഞ്ഞു: ''മാധവിയമ്മേ ഞങ്ങൾ പൂ പറിച്ചിട്ടു വരാം.''

''അയ്യോ അച്ഛൻ വരാതെ??...''

''ഞങ്ങളിപ്പോൾ വരാം മാധവിയമ്മേ.''

മാധവിയമ്മ എന്തു മറുപടി പറഞ്ഞു എന്നു ശ്രദ്ധിക്കാതെ അവർ ഓടി. ഒരു സെക്കന്റു കൊണ്ട് ലിഫ്റ്റിൽ ഗ്രൗണ്ട് ഫ്ളോറിലെത്തി.

മുറ്റത്തേക്കിറങ്ങിയ കുട്ടികൾ ചൂടുപോയ വെയിൽ ആവോളം മോന്തിക്കുടിച്ചു. അവർ ആകാശത്തെ പറവകളായി. പുറംലോകത്തെ ഈ വെയിലും കുളിരും കിളിച്ചിലപ്പും അവരെ മത്തുപിടിപ്പിച്ചു. അവർ അവരെത്തന്നെ മറന്നുകൊണ്ട് മലഞ്ചെരുവിലേക്കോടി.

പറിച്ച പൂക്കൾ വാരിക്കൂട്ടി അവൾ ഗോപുവിന്റെ അടുത്തെത്തി. ഗോപു പറിച്ചുകൂട്ടിയ പൂക്കൾ കണ്ടപ്പോൾ അവൾക്കു സങ്കടം വന്നു. അവൾക്ക് വളരെ കുറച്ചു മാത്രമേ പറിക്കാൻ കഴിഞ്ഞുള്ളൂ. അവൾ തലകുനിച്ച് ഒന്നും പറയാതെ നിന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

''ശ്രുതിക്ക് ഏതുനിറം പൂക്കളാണ് വേണ്ടത്?''

''എനിക്ക് മഞ്ഞ മതി.''

''എനിക്ക് ചുവന്ന തെച്ചിപ്പൂക്കൾ മതി.'' ഗോപു പറഞ്ഞു: ''അലറി പൂത്തു കാവുകളിൽ കുരുതിയൂത്തപോലെ*– നമ്മൾ പഠിച്ചിട്ടില്ലേ.''

''എന്നാൽ എനിക്കും തെച്ചി മതി.''

അവർ ചെറിയ പൊന്തകൾ തോറും ചെന്ന് പൂക്കൾ ശേഖരിച്ചുതുടങ്ങി. നാളെ ഞായറാഴ്ച. നാളെ ഫ്ളാറ്റിൽ പൂക്കളമത്സരമാണ്. വൈകുന്നേരം മീറ്റിങ്ങുണ്ടാവും. നിറയെ സമ്മാനങ്ങൾ കിട്ടും. അച്ഛൻ വന്നാൽ നിറയെ പൂക്കൾ വാങ്ങിത്തരാൻ പറയണം. പൂക്കളം കേമമാക്കണം.

പറിച്ച പൂക്കൾ വാരിക്കൂട്ടി അവൾ ഗോപുവിന്റെ അടുത്തെത്തി. ഗോപു പറിച്ചു കൂട്ടിയ പൂക്കൾ കണ്ടപ്പോൾ അവൾക്കു സങ്കടം വന്നു. അവൾക്ക് വളരെ കുറച്ചു മാത്രമേ പറിക്കാൻ കഴിഞ്ഞുള്ളൂ. അവൾ തലകുനിച്ച് ഒന്നും പറയാതെ നിന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

''എന്താ ശ്രുതീ, എന്തു പറ്റീ?''

ശ്രുതി ഒന്നും പറഞ്ഞില്ല. അവളുടെ തേങ്ങൽ കരച്ചിലായി. അവൾ തലകുനിച്ച് മണ്ണിലിരുന്നു.

''എന്താ ശ്രുതീ, പറ. എന്താ പറ്റിയത്?''

''അല്ലെങ്കിലും നിനക്ക് എന്നോട് ഒരിത്തിരിപോലും സ്നേഹമില്ല. എല്ലാ പൂവും നീതന്നെ പറിച്ചു.''

''അത്രേള്ളൂ.'' ഗോപു ചിരിച്ചു: ''മണ്ടിപ്പെണ്ണ്. എന്റെ പൂവ് മുഴോൻ നീയെടുത്തോ. ഞാൻ വേറെ പറിച്ചോളാം.''

''എനിക്കു വേണ്ട.'' ശ്രുതിയുടെ ശബ്ദത്തിൽ നനവ്: ''ഞാൻ പോവ്വാ.''

ഗോപു മലഞ്ചെരുവിൽ കിടന്നിരുന്ന ഒരു കടലാസെടുത്ത് അവൻ പറിച്ച പൂക്കളും ശ്രുതി പറിച്ച പൂക്കളും എല്ലാം കൂടി പൊതിഞ്ഞു. പൊതി ശ്രുതിക്കു കൊടുത്തു.

''ഇതാ എല്ലാം നീയെടുത്തോളൂ.'' ഗോപു പറഞ്ഞു: ''അല്ലെങ്കിലും എനിക്കെന്തിനാ പൂക്കൾ.''

''അതെന്താ?''

''അതു പറയാനാ ഞാൻ വന്നത്.'' ഗോപു പറഞ്ഞു:

''പൂ പറിക്കാമെന്നു പറഞ്ഞപ്പോൾ കൂടെ പോന്നൂന്നെള്ളൂ.''

''പറ ഗോപൂ. എന്താ കാര്യം?''

*ഫ്ളാറ്റ് നമ്പർ. *ഇടശ്ശേരി ഗോവിന്ദൻ നായരുടെ 'കാവിലെ പാട്ട്' എന്ന കവിത.

''ഞാൻ നാളെ അച്ഛനോടൊപ്പം ബാംഗ്ലൂർക്കു പോകയാണ്.''

''എന്തിന്?''

''ഇനി അവിടേണ് ഞാന് പഠിക്കണത്.'' ഗോപു പറഞ്ഞു: ''അച്ഛന് ബാംഗ്ലൂരിലേക്കു ട്രാൻസ്ഫറായി.''

പെട്ടെന്ന് ശ്രുതിയുടെ കയ്യിൽനിന്ന് പൂവിന്റെ പൊതി നിലത്തുവീണു. അവൾക്കൊന്നും മനസ്സിലായില്ല. ഫ്ളാറ്റിൽ തനിക്കാകെയുള്ള ഒരു കൂട്ടുകാരനാണ് ഗോപു. നാൽപത്തെട്ട് അടച്ച വാതിലുകളിൽ ഒന്ന് അപൂർവ്വമായി തുറക്കുന്നു. അവൻ ശ്രുതിയെ അന്വേഷിച്ചുവരുന്നു. തന്നോടൊപ്പം ചിരിക്കാനും കരയാനും കളിക്കാനും.

അതെ. ഗോപു നാളെ പോകുകയാണ്.

അപ്പോൾ പറിച്ച പൂക്കൾ അവളുടെ മനസ്സിലെ വെറും മണ്ണിൽ വാടിക്കിടന്നു. അവൾ ഗോപുവിനെത്തന്നെ നോക്കി അനക്കമറ്റുനിന്നു. ഗോപൂ നീ പോയാൽ–

പെട്ടെന്ന് ശ്രുതിയുടെ കയ്യിൽനിന്ന് പൂവിന്റെ പൊതി നിലത്തുവീണു. അവൾക്കൊന്നും മനസ്സിലായില്ല. ഫ്ളാറ്റിൽ തനിക്കാകെയുള്ള ഒരു കൂട്ടുകാരനാണ് ഗോപു. നാൽപത്തെട്ട് അടച്ച വാതിലുകളിൽ ഒന്ന് അപൂർവ്വമായി തുറക്കുന്നു. അവൻ ശ്രുതിയെ അന്വേഷിച്ചുവരുന്നു. തന്നോടൊപ്പം ചിരിക്കാനും കരയാനും കളിക്കാനും.

പറന്നുമടങ്ങുന്ന പക്ഷികൾ ആകാശത്തെ കോലാഹലഭൂമിയാക്കി. ഗേറ്റിലെ സെക്യൂരിറ്റി അടുത്തുവന്ന് തുറിച്ചുനോക്കി. ഈ നേരത്ത് ഈ കുട്ടികൾ മാത്രം ഇവിടെ?

ശ്രുതി പെട്ടെന്ന് നിലത്തെ പൊതിയെടുത്തു. അവളത് ഗോപുവിനു നീട്ടി.

''എന്തേ ശ്രുതീ, പൂക്കൾ വേണ്ടേ?''

''വേണ്ട. ഗോപു എടുത്തോ.''

ശ്രുതിയുടെ തൊണ്ടയിടറി.

കുട്ടികൾ അവരവരുടെ ഫ്ളാറ്റുകളിലേക്കു പോയി.

മാധവിയമ്മയാണ് വാതിൽ തുറന്നത്. ശ്രുതിക്ക് മനസ്സിലായി. അച്ഛനും അമ്മയും എത്തിയിട്ടില്ല.

''ശ്രുതീ ഹോർലിക്സ് ഉണ്ടാക്കിവെച്ചിട്ടുണ്ട്. കഴിക്കൂ.''

ശ്രുതി ഒന്നും പറഞ്ഞില്ല. അവൾ അവളുടെ റൂമിൽ ചെന്ന് കിടക്കയിൽ വീണു. ഒരു നക്ഷത്രം പോലുമില്ലാത്ത ഒരാകാശക്കഷ്ണം അവളുടെ മനസ്സിൽ തറഞ്ഞു കിടന്നു.

പതിവുപോലെ വൈകിയാണ് ശ്രുതിയുടെ അച്ഛനും അമ്മയും എത്തിയത്. ഹാളിൽ മകളെ കാണാഞ്ഞ് അവർ പരിഭ്രമിച്ചു.

''ശ്രുതീ... മാധവിയമ്മേ...''

അവസാനം മുറിയിൽ ചെന്നുനോക്കിയപ്പോൾ ശ്രുതി കിടക്കയിൽ കിടക്കുന്നു.

പതിവില്ലാത്ത ആ കാഴ്ച അമ്മയുടെ മനസ്സിൽ കനൽ നിറച്ചു. അവർ വേഗം ചെന്ന് കുട്ടിയെ കുലുക്കിയുണർത്തി. അമ്മ അന്തംവിട്ടു. ശ്രുതിയുടെ ശരീരം തീപോലെ പൊള്ളുന്നു.

അമ്മ ധൃതിയിൽ അച്ഛനെ വിളിച്ചു:

''നോക്കൂ കുട്ടിക്ക് വല്ലാതെ പനിക്കുണ്ണു.''

അച്ഛൻ അടുത്തുവന്ന് കുട്ടിയെ തൊട്ടുനോക്കി. അവൾ ഉറങ്ങുകയോ മയങ്ങുകയോ ചെയ്യുകയാണ്.

''കുട്ടിയെ എടുത്തു വരൂ.'' അച്ഛൻ പറഞ്ഞു: ''ഡോക്ടറെ കാണിക്കണം.''

അച്ഛൻ കാർ സ്റ്റാർട്ട് ചെയ്തു.

തിരക്കുണ്ടെങ്കിലും സാമാന്യം വേഗത്തിൽ കാർ ആശുപത്രിയിലേക്ക് ഓടിയെത്തി. കുട്ടിയെ നേരെ





ഡോക്ടറുടെ മുറിയിലെ ത്തിച്ചു.

ഡോക്ടർ കുട്ടിയെ വിശദ മായി പരിശോധിച്ചു. ഡ്രിപ്പും മരുന്നും കൊടുക്കാൻ ഏർപ്പാടു ചെയ്തു.

''ഇന്നിവിടെ കിടക്കട്ടെ.''

മുറിയിലെത്തി ഡ്രിപ്പ് സ്റ്റാർട്ട് ചെയ്തപ്പോഴേക്കും ശ്രുതി ഉണർന്നു.

''അമ്മേ, ഗോപു.''

പിന്നീടൊന്നും പറയാതെ ശ്രുതി കണ്ണടച്ചു.

അച്ഛനും അമ്മയ്ക്കും ഒന്നും പിടികിട്ടിയില്ല. ഗോപു വിന് എന്താണ് പറ്റിയത്? ആറ് ഡിയിലെ രാമചന്ദ്രന്റെ മകനാണ് ഗോപു. നല്ല കുട്ടി. അവനെന്തുപറ്റി?

അച്ഛൻ ഉടൻതന്നെ മൊബൈലെടുത്ത് രാമച ന്ദ്രനെ വിളിച്ചു. കുറെനേര ത്തെ സംഭാഷണത്തിനു ശേഷം രാമചന്ദ്രൻ ചിരിച്ചു. ശ്രുതിയുടെ അച്ഛൻ ചിരിച്ചു. അമ്മയും.

പിറ്റേന്നു രാവിലെത്തന്നെ രാമചന്ദ്രനും ഗോപുവും ആശുപത്രിയിലെത്തി. ഗോപു കട്ടിലിൽ കയറിയി രുന്ന് ശ്രുതിയുടെ നെറ്റി യിൽ കൈവെച്ചു. ശ്രുതി കണ്ണുതുറന്നു.

''ശ്രുതീ ഞാൻ ബാംഗ്ലൂരി ലേക്ക് പോകുന്നില്ല. അച്ഛന്റെ ട്രാൻസ്ഫർ ക്യാൻസൽ ചെയ്തു.''

ഗോപുവിന്റെ മുഖത്ത് ഒരു ചെറുചിരി പ്രകാശിച്ചു.

ശ്രുതിയുടെ ചുണ്ടുകൾ അനങ്ങി. കണ്ണുകൾ തിളങ്ങി. മുഖത്തേക്കു രക്തപ്രസാദം ഇരമ്പിക്കയറി.

സൗമ്യമായി ശ്രുതിയുടെ കണ്ണുകൾ അടഞ്ഞു. അവ ളുടെ ഇളംശരീരത്തിന്റെ താപം നോർമലായി. അവ ളുടെ തണുത്ത കാറ്റുവീശുന്ന മനസ്സിൽ വിവിധ വർണ്ണങ്ങളി ലുള്ള ഒരു പൂക്കളം വിടർന്നു. അതിന്നപ്പുറത്ത് ബാൽക്കണി യിൽ പീഠത്തിൽ നാക്കിലപ്പു റത്ത് അരിമാവണിഞ്ഞ് തുള സിക്കതിർചൂടി മഹാബലി.

ഓണത്തോന്നലുകളുടെ തേരോട്ടത്തിനു മുകളിൽ പ്രെ യർറൂമിലെ ആ മയിൽപ്പീലി കൂടി തെളിഞ്ഞപ്പോൾ ആ പെൺകുട്ടിയുടെ ഇളംമനസ്സ് ഒരോണപ്പാട്ടായിത്തീർന്നു.

കവിത

# ഇതു ദേശിങ്ങനാടിന്റെ തീരുമാനം

ഏഴാച്ചേരി രാമചന്ദ്രൻ

ചക്കയും ചിക്കനും ചക്കരക്കാപ്പിയും
കപ്പകൊഴച്ചതും കാന്താരിയും
പച്ചക്കശുവണ്ടിത്തോരനും പാവയ്ക്കാ
വറ്റൽവറുത്തതും സാമ്പാറും
പച്ചരിച്ചോറും പരിപ്പും കാളനും
ചെമ്മീൻതീയലും ചമ്മന്തിയും
പപ്പടം ചുട്ടതും -മേശപ്പുറം നിറ-
ച്ചൊത്തിരി നാടൻ കൊതിക്കൂട്ടം.

2

നാട്ടിൻപുറത്തൊരു വായനശാലതൻ
വാർഷികം [1]മൺട്രോതുരുത്തിൽ.
ദൂരപുരത്തുനിന്നെത്തിയോരെ
സ്വീകരിക്കാനുള്ള സന്നാഹം.
വർത്തമാനത്തിനു വന്നവരെ
സൽക്കരിക്കാനുള്ള സന്തോഷം.
അച്ചുതനുണ്ണിയും അമ്മിണിസൈമണും
വെച്ചുവെളമ്പുന്ന കൈപ്പുണ്യം,
ആവോളം നുകർന്നാളുകളമ്മിണി-
'യ്ക്കാഹാരമോഹിനിപ്പട്ടം' കൊടുക്കുന്ന
കോലാഹലം തെല്ലടങ്ങിയപ്പോൾ,
ഗ്രാമകൃഷീവലവൃദ്ധപിതാവൊരാൾ
വേദിയിലെത്തിത്തിരികൊളുത്തി.

3

വായനശാലതൻ മുറ്റത്തൊരപ്പച്ചി
വാസനച്ചെമ്പകത്തൈനട്ടു.
വർത്തമാനത്തിനു വന്നവർക്കെല്ലാം
പുസ്തകമല്ലോ സമ്മാനം-ഇതു
[2]ദേശിങ്ങനാടിന്റെ തീരുമാനം.
ആഗതന്മാർക്കുള്ള സ്വാഗതഭാഷണം
ആകെയൊരഞ്ചുമിനിട്ടുമാത്രം.
യോഗം പിരിഞ്ഞപ്പോൾ [3]നീരാവിൽക്കാരുടെ
നാടകം കണ്ടുമടങ്ങുമ്പോൾ,
നാടിനെപ്പച്ചപ്പുതപ്പിയ്ക്കാൻ, നവ
ജീവിതസന്ദേശമെത്തിയ്ക്കാൻ,
മാലോകർക്കെല്ലാം ഓരോരോതരം
ഗ്രാമവൃക്ഷത്തൈകൾ സമ്മാനം, ഇതു
ദേശിങ്ങനാടിന്റെ തീരുമാനം.

4

അരളിയും നെല്ലിയുമാര്യവേപ്പും നീല
ക്കദളിയും ചാമ്പയും പൂവരശും
ആ മരം, ഈ മരം, സ്നേഹമരം
ആകാശംമുട്ടുന്നൊരമ്മമരം
ആ മരത്തിന്റെ തണൽ വിരിപ്പിൽ
ജീവിതത്തിന്റെ നിഴൽപ്പരപ്പിൽ
ഒരുമിച്ചൊരേയൊരു സംഘഗീതം
ഒരുകോടി നേരിന്റെ സൂര്യഗീതം.


വര: പ്രസാദ് കുമാർ കെ എസ്

*1. കൊല്ലത്തെ ഒരു ഗ്രാമം 2. കൊല്ലത്തിന്റെ പഴയ പേര് 3. നീരാവിൽ പ്രകാശ് കലാകേന്ദ്രം*

# കെ.എസ്.എഫ്.ഇ

## പുരോഗതിയുടെ പുതിയ പടവുകൾ





നിക്ഷേപങ്ങൾക്ക്

**ഉയർന്ന പലിശ**

XPRESS MONEY | WESTERN UNION

മണി ട്രാൻസ്ഫർ

**ചിട്ടികൾ**

മലയാളികളുടെ തനത് സമ്പാദ്യപദ്ധതി.
സുരക്ഷിതത്വത്തോടൊപ്പം ഇപ്പോൾ ആകർഷകമായ സമ്മാന പദ്ധതികളും

**എഡ്യൂകെയർ ചിട്ടികൾ**

ഒരു നൂതന വിദ്യാഭ്യാസ സാമ്പത്തിക പദ്ധതി

**വായ്പകൾ**

സ്വർണ്ണപ്പണയ വായ്പ I വ്യക്തിഗത വായ്പ I ചിട്ടി ലോൺ
ഭവന വായ്പ I വാഹന-ഗൃഹോപകരണ വായ്പ
'വിദ്യാധനം'-വിദ്യാഭ്യാസവായ്പ I KSFE ഹരിതം വായ്പാ പദ്ധതി

**നിക്ഷേപങ്ങൾ**

സ്ഥിരനിക്ഷേപം I സുഗമ സേവിംഗ് നിക്ഷേപം
ചിട്ടി സെക്യൂരിറ്റി നിക്ഷേപം I ഹ്രസ്വകാല നിക്ഷേപം

*നിബന്ധനകൾക്ക് വിധേയം.

**KSFE**
(ഒരു കേരള സർക്കാർ സ്ഥാപനം)

കെ.എസ്.എഫ്.ഇ.- വിശ്വസ്തം...സുരക്ഷിതം

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ-20.
Ph: 0487-2332255. Fax: 0487-2336232. Email: mail@ksfe.com. Website: www.ksfe.com
For branch details SMS to 537252 in the format KSFE< > your place
Toll Free Helpline: **1800 425 3455**

കഥ

# എനിക്കു വാമനനാകേണ്ട

കെ എൽ മോഹനവർമ്മ

ഞാൻ കുറച്ചു ദിവസമായി ആലോചിക്കുകയായിരുന്നു ഈ പ്രോബ്ലം. ഞാനത് അപ്പൂപ്പനോടു ചോദിച്ചു. ''ഈ മാവേലിയുടെ കാലത്ത് കള്ളവുമില്ല. ചതിയുമില്ല. എള്ളോളമില്ല പൊളിവചനം എന്നൊക്കെ ആയിരുന്നു എന്നു പറയുന്നു. അതു ശരിയായിരുന്നോ?''

അപ്പൂപ്പൻ നല്ല മൂഡിലായിരുന്നു. ടെലിവിഷന്റെ വോളിയം കുറച്ച് അടുക്കളയിലേക്കു നോക്കി. അമ്മൂമ്മ അടുക്കളയിലായിരുന്നു. അപ്പൂപ്പനും അച്ഛനെപ്പോലെ ഹെൻപെക്ക്ഡ് ആയതുകൊണ്ട് എല്ലാ കാര്യത്തിനും രണ്ടഭിപ്രായമുണ്ട്. ഒന്ന് അമ്മൂമ്മയുടെ മുന്നിൽ വച്ചു പറയുന്നത്. മറ്റത് അമ്മൂമ്മ ഇല്ലാത്തപ്പോൾ പറയുന്നത്. ആദ്യത്തേത് അമ്മൂമ്മയ്ക്ക് ഇഷ്ടമുള്ളതായിരിക്കും. രണ്ടാമത്തേത് അപ്പൂപ്പന്റെ കറക്ട് ഒപ്പിനിയനും.

ഞാനെപ്പോഴും ഒരു കാര്യം സൂക്ഷിക്കും. ഇത്തരം ഗൗരവമായ കാര്യമൊക്കെ ഞാൻ അമ്മൂമ്മ കേൾക്കെ ചോദിക്കാറില്ല. പ്രത്യേകിച്ചും ദൈവവുമായി കണക്ടു ചെയ്യാവുന്നത്. അമ്മൂമ്മ വലിയ വിശ്വാസിയാണ്. അപ്പൂപ്പൻ അത്ര വിശ്വാസിയല്ല. അതുകൊണ്ട് ഗോഡിന്റെ കാര്യം വരുമ്പോൾ ഞാൻ ടൈം നോക്കിയേ സംശയം ചോദിക്കാറുള്ളു.

എനിക്കു ഗോഡ് ഉണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടാ. സത്യം. റിലിജിയൺ അറിയാം. ഞാൻ ഹിന്ദുവാണ്. എന്റെ സ്കൂൾ റിലിജയസ്സാ. ഒരു റിലിജിയൺകാരാണ് നടത്തുന്നത്. എങ്കിലും എല്ലാ റിലിജിയന്റെയും ഉപദേശങ്ങളും ദൈവങ്ങളുടെ പടങ്ങളും എല്ലായിടവും വച്ചിട്ടുണ്ട്. ദൈവം ഒന്നേയുള്ളു. എല്ലാവരും ഒന്നാണ് എന്നൊക്കെയാണ്



എല്ലാ ക്വട്ടേഷനുകളിലും എഴുതിയിട്ടുള്ളത്. ഞാൻ ഒരു ദിവസം എല്ലാം വായിച്ചു നോക്കി. ഗോഡ് പ്രോമിസ്. ഒരു ദൈവമേ ഉള്ളെന്ന് ഈ വലിയവർക്കും ഷുവറില്ല എന്നെനിക്കു മനസ്സിലായി. അതു കാരണമായിരിക്കും ഒരുപാട് റിലിജിയൺസ്?

ഇപ്പോൾ ശ്രീകൃഷ്ണ ഭഗവാന് ഉണ്ണിയപ്പമാണിഷ്ടം. പാൽപ്പായസവും. യേശുക്രിസ്തുഭഗവാന് കേക്കും വീഞ്ഞുമാണിഷ്ടം. ഈ ഫുഡ് നോക്കിയാണ് റിലിജിയൻ നമ്മൾ സെലക്ടു ചെയ്യുന്നതെങ്കിൽ ഓ കെ. പക്ഷേ അതല്ല. ഈ വലിയ വരുടെ തിംകിംഗ് എനിക്കു മനസ്സിലായിട്ടില്ല.

എത്ര മതം വേണ മെങ്കിലും ഉണ്ടായിക്കോട്ടെ. എനിക്ക് എതിരില്ല. പക്ഷേ ഇവരുടെയൊക്കെ ഉപ ദേശം ഞങ്ങൾ കുട്ടികളുടെ നേരെയാണ്. അതു ശരിയല്ല. കുട്ടികളെ ദ്രോഹിക്കാൻ പാടില്ല.

എനിക്കറിയാം. ചൈന യിൽ റിലിജിയണില്ല. കുട്ടികൾക്കു കളിക്കാൻ കൂടുതൽ സമയം കിട്ടും. അതുകൊണ്ടാണ് ചൈന ഒളിമ്പിക്സിൽ കൂടുതൽ മെഡൽ നേടുന്നത്.



വര: സുമേഷ് കമ്പല്ലൂർ

ഇവിടെ നേരെ തിരി ച്ചാണ്. ഗെയിംസ് പിരീയേഡു കാൻസൽ ചെയ്തു റിലിജിയസ് പ്രസംഗം കേൾപ്പിക്കും. ഇന്നലെ മാച്ചു വച്ചിരുന്നതായിരുന്നു. അതു മാറ്റി ആ സമയത്തു സന്യാസിയുടെ പ്രസംഗം വച്ചു.

പ്രസംഗം എന്നല്ല മേം പറഞ്ഞത്. സന്യാസി മാരുടെ സ്പീച്ചിന്

എന്താണ്?''

''ഞാൻ ഒരു ബൗളറാണ്. ഞാൻ ഒരു ബോളെറിഞ്ഞു. അതിനു ഞാൻ വിചാരിച്ചതിലും സ്പീഡ് കിട്ടി. സ്പീഡ് വന്നപ്പോൾ ലെംഗ്ത് കൺട്രോൾ ശരിയായില്ല. ബോൾ ബാറ്റ്സ്മാന്റെ നേരെ പൊങ്ങി. അവൻ തല കുനിച്ച് ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. പക്ഷേ ടൈം കിട്ടിയില്ല.

**എനിക്കു ഗോഡ് ഉണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടാ. സത്യം. റിലിജിയൺ അറിയാം. ഞാൻ ഹിന്ദുവാണ്. എന്റെ സ്കൂൾ റിലിജയസ്സാ. ഒരു റിലിജിയൺകാരാണ് നടത്തുന്നത്. എങ്കിലും എല്ലാ റിലിജിയന്റെയും ഉപ ദേശങ്ങളും ദൈവങ്ങളുടെ പടങ്ങളും എല്ലായിടവും വച്ചിട്ടുണ്ട്. ദൈവം ഒന്നേയുള്ളു. എല്ലാവരും ഒന്നാണ് എന്നൊക്കെയാണ് എന്നൊക്കെയാണ് എല്ലാ ക്വട്ടേഷനുകളിലും എഴുതിയിട്ടുള്ളത്.**

അനുഗ്രഹപ്രഭാഷണം എന്നാണു പറയുന്നത്. അപ്പൂപ്പൻ എന്നെ സൂക്ഷിച്ചു നോക്കി.

''നീ എന്താ ചോദിച്ചത്?''

ഞാൻ എന്റെ സംശയം വീണ്ടും ചോദിച്ചു.

''ഈ മാവേലിയുടെ കാലത്തു കള്ളവുമില്ല. ചതിയുമില്ല. എള്ളോളമില്ല പൊളിവചനം എന്നൊക്കെ ആയിരുന്നു എന്നു പറയുന്നു. അതു ശരിയായിരുന്നോ?''

''സംശയമില്ല ശരിയായി രുന്നു.''

''ഈ വാമനൻ വന്നു അതൊക്കെ മാറ്റി ഇല്ലേ?''

''അതെ''

ഞാൻ ചോദിച്ചു.

''മഹാബലിയുടെ കാലത്തു ക്രിക്കറ്റു കളി ഉണ്ടായിരുന്നു എന്നിരിക്കട്ടെ. എങ്കിൽ അന്ന് ആയിരു ന്നെങ്കിൽ ഞാൻ ഈ സ്ഥിതിയിൽ എന്തു ചെയ്യുമായിരുന്നു എന്ന് അപ്പൂപ്പൻ പറയണം.''

''ശരി. സ്ഥിതി

പക്ഷേ ബോൾ അവന്റെ തോളിൽത്തട്ടി തെറിച്ച് സെക്കൻഡ് സ്ലിപ്പിന്റെ കൈയിൽ എത്തി. ക്യാച്ച് എന്ന് വിളിച്ച് വിക്കറ്റ് കീപ്പറും ഫീൽഡർമാരും അമ്പയറുടെ നേരെ വിരൽ ചൂണ്ടി ഒച്ചവച്ചു. ശരിക്കും ക്യാച്ച് അല്ല. അപ്പോഴാ കണ്ടത് ബാറ്റ്സ്മാൻ തലയടിച്ച് താഴെ വീണ് നിലത്തുകിടന്ന് ഉരുളുന്നു. നോൺ സ്ട്രൈക്കിംഗ് ബാറ്റ്സ്മാൻ എന്റെയൊപ്പം ഇതിനിടെ ഓടി മുന്നോട്ടു വന്നു കൂട്ടുകാരനെ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. കൂട്ടുകാരന് ഒരു സെക്കന്റിന്റെ ഷോക്കേ ഉണ്ടായിരുന്നുള്ളൂ. അയാൾ എഴുന്നേറ്റു. ഉടനെ ബോൾ പിടിച്ച ഫീൽഡർ അത് എന്റെ നേരെ എറിഞ്ഞു. ബോൾ എന്റെ കൈയിലായി. താഴെ വീണ ബാറ്റ്സ്മാന് ഓടി ബൗളറുടെ ഭാഗത്തെ ക്രീസിലെത്താൻ കൂടുതൽ സമയമെടുക്കും. നോൺ

സ്ട്രൈക്കർ ബാറ്റ്സ്മാൻ എന്നെ ഹെൽപ്ലസ് ആയി നോക്കി. എന്നിട്ട് അടുത്തേക്ക് ഓടാൻ തുടങ്ങി. ബോൾ എന്റെ കൈയിലാണ്. മെല്ലെ നടന്നു ചെന്ന് ബെയിൽ തെറിപ്പിച്ച് ആളെ റൺ ഔട്ട് ആക്കാൻ ഇഷ്ടംപോലെ സമയമുണ്ട്.

ഞാൻ എന്തു ചെയ്യണം? മഹാബലിയുടെ കാലത്തായിരുന്നെങ്കിൽ? അപ്പൂപ്പൻ പറയൂ. ഞാൻ എന്തു ചെയ്തേനേ?''

അപ്പൂപ്പൻ ശരിക്കും കുഴങ്ങി.

പന്തു നിലത്തു കുത്തി ഉയർന്നതിലെ എന്തോ മാറ്റം കൊണ്ടാണ് ബാറ്റ്സ്മാൻ വീണത്. ക്രിക്കറ്റിന്റെ റൂളനുസരിച്ച് ബാറ്റ്സ്മാനെ ഇപ്പോൾ റണ്ണൗട്ട് ആക്കുന്നതിൽ തെറ്റില്ല. പക്ഷേ അത് ശരിയാണോ? നീതിയാണോ? ജസ്റ്റീസ് ആണോ?

നിയമവും നീതിയും രണ്ടാണോ? ലായും ജസ്റ്റീസും രണ്ടാണോ?

അപ്പൂപ്പൻ രക്ഷപ്പെടാനായി ചോദിച്ചു.

''ഇന്നു നീ എന്തു ചെയ്യും?''

''തീർച്ച എനിക്കു കളി ജയിക്കണം. നിയമം അനുസരിച്ച് ഞാൻ അയാളെ ഔട്ടാക്കുന്നതു ശരിയാണ്. പക്ഷേ, അപ്പൂപ്പാ മഹാബലിയെ വാമനൻ പറഞ്ഞു പറ്റിക്കുകയല്ലായിരുന്നോ? മൂന്നടി എന്നു പറഞ്ഞാൽ മൂന്നു കാൽപ്പാട്. ഓ കെ മഹാബലി സമ്മതിച്ചു. എന്നിട്ട് ഭൂമി മുഴുവൻ ഒരു കാൽപ്പാടു കൊണ്ടളക്കുക. അതു ശരിയല്ല.''

''നിയമപ്രകാരം...''

''നിയമപ്രകാരം ഓ കെ. കോടതിയിൽ ചെന്നാൽ കള്ളം പറയാത്ത മഹാബലി സത്യം പറയും. സാക്ഷികളും പറയും. മഹാബലി സമ്മതിച്ചതാണെന്ന്. പക്ഷേ അപ്പൂപ്പാ, ശരി ഏതാ? നീതി നോക്കണ്ടേ? ലാ അനുസരിച്ച് ഓ കെ. കള്ളമല്ല. പക്ഷേ ജസ്റ്റിസ് അനുസരിച്ച് ചതിയല്ലേ? തെറ്റല്ലേ?''


''അപ്പോൾ നീ എന്തു ചെയ്യും ആ പന്തു വച്ച്?''

''ഞാൻ വാമനനാണെങ്കിൽ ഔട്ടാക്കും. മഹാബലിയാണെങ്കിൽ ഔട്ടാക്കാതെ പന്തു പോക്കറ്റിലിടും. വാമനൻ ദൈവമല്ലേ? മഹാബലി മനുഷ്യനല്ലേ?''

''അതെ. നിനക്ക് ആരാകാനാണിഷ്ടം?

''എനിക്കു വാമനനാകേണ്ട. മഹാബലി ആയാൽ മതി.''





# VIANI PRINTINGS®

...an initiative of archdiocese of ernakulam-angamaly



New Venture

# VIANI NOTE BOOK

**FULLY AUTOMATIC NOTE BOOK UNIT**

Choondi, Aluva



P.B.No.3062 Lisie Road, Kochi - 18, Kerala, India
+91 484 2401635 Mob: +91 8589091989, 9387074688
mdviani@gmail.com, vianiprintings@gmail.com
www.vianiprintings.com

# ഓണം ഓണമാകാനുള്ള വിദ്യ

പ്രൊഫ. എസ് ശിവദാസ്





വര: അനിഷ തമ്പി

ഓണം ഓർമയുടെ കാലം കൂടിയാണ്. അങ്ങനെതന്നെ ആവുകയും വേണം. ഓണവെയിലും ഓണത്തുമ്പികളും ഓണപ്പൂക്കളും ഓർമപ്പറവകളെ ക്ഷണിച്ചുവരുത്തും. അവ പറന്നുവന്ന് നമ്മുടെ മനസ്സിലേക്കു കയറും. മനസ്സിനു കുളിരും സന്തോഷവും പകരും. അപ്പോഴാണ് ഓണം നല്ല ഓണമായി മാറുക.

ഓണക്കാലമാകുമ്പോൾ എന്റെ മനസ്സിലേക്കു പറന്നു കയറുന്ന ഒരു പറവയാണു ജോസഫ്. ജോസഫ് എനിക്കു വെറും അയൽപ്പക്കക്കാരൻ കുട്ടിയല്ല. മറിച്ച് ഒരു അനുജൻ തന്നെയാണ്. ഓണമുണ്ണാൻ അമ്മ ജോസഫിനെയും വിളിക്കുമായിരുന്നു. ഞങ്ങളോടൊപ്പമിരുന്നു സാമ്പാറും അവിയലും ആസ്വദിച്ച് ജോസഫും ഉണ്ണും. അമ്മ അതുകണ്ട് സംതൃപ്തിയോടെ നിൽക്കും.

അമ്മ അങ്ങനെയായിരുന്നു. എന്നും അടുക്കളയിൽ വേണ്ടതിലധികം അരി വയ്ക്കും. ചോറുവേണ്ടവർക്കൊക്കെ കൊടുക്കും. ഉച്ചയ്ക്കു വിശന്നുവരുന്ന ആരും അമ്മയുടെ അടുത്തുനിന്നും വയർ നിറയ്ക്കാതെ പോകാറില്ലായിരുന്നു. അമ്മയ്ക്ക് നാട്ടുപ്രമാണിയും നാടോടിയും അക്കാര്യത്തിൽ ഒരുപോലെയായിരുന്നു.

ചില ദിവസങ്ങൾ അമ്മ നേരത്തേ എഴുന്നേൽക്കും. പതിവില്ലാതെ ചില പലഹാരങ്ങൾ ഉണ്ടാക്കും. അവയും പൊതിഞ്ഞ് അയൽപ്പക്കത്തെ അപ്പൂപ്പനേയോ അമ്മൂമ്മയേയോ കാണാൻ പോകും.

''ദേവകീ എനിക്ക് രണ്ട് ഇഡ്ഡലി തിന്നാൻ കൊതിയാകുന്നു.'' ''മോളേ എത്ര നാളായി ഞാൻ ഒരു അരിയുണ്ട തിന്നിട്ട്'' ഇങ്ങനെയൊക്കെ തലേന്നോ മറ്റോ സങ്കടം പറഞ്ഞവരെ തേടിയായിരിക്കും ആ യാത്ര. അമ്മ ഇങ്ങനെ ഒരു വർഷത്തിലെ മൂന്നൂറ്റിയറുപത്തിയഞ്ച് അഥവാ ആറു ദിവസങ്ങളും അടുക്കളയിൽ കിടന്ന് അധ്വാനിച്ചു പണിയെടുത്ത് അനേകർക്ക് ആഹാരം നൽകി. അതായിരുന്നു അമ്മയുടെ ആനന്ദം, ഈശ്വരാരാധനയും. അതുകൊണ്ടായിരുന്നിരിക്കാം അമ്മ അമ്പലത്തിൽ വല്ലപ്പോഴുമേ പോയിരുന്നുള്ളൂ.

ഓണക്കാലത്തോ ഈ ആഹാരദാനം അതിന്റെ ഏറ്റവും വലിയ രൂപത്തിൽ അവതരിക്കും. അവിയൽ മുതൽ പായസം വരെ അങ്ങനെ പാഴ്സലായും വിതരണം നടത്തും. അതിന്റെ സുഖമൊന്നു വേറെ എന്നായിരുന്നു അമ്മയുടെ മട്ട്.

ജോസഫിനെ ഡിഗ്രിക്കു ചേർക്കാനായി രക്ഷിതാവ് കൊണ്ടുവന്നതും എന്റെയടുത്തായിരുന്നു. ഞാൻ എന്റെ വീട്ടിനടുത്ത് ജോസഫിനു താമസമൊരുക്കി. സുമ ടീച്ചറും ജോസഫിന് അടുക്കള തുറന്നുകൊടുത്തു. ജോസഫിന് അങ്ങനെ മറ്റൊരു അമ്മയും ആഹാരം നൽകാനുണ്ടായി. എന്റെ മക്കൾ ജോസഫിനെ ജോസഫുകൊച്ചച്ചാ എന്നു വിളിച്ചു. എന്റെ അനുജന്മാരെ എല്ലാം കൊച്ചച്ചാ കൊച്ചച്ചാ എന്നു വിളച്ച് അവർ സ്നേഹമുള്ളവരെ വിളിക്കാൻ ആ വാക്കായിരുന്നു ഉപയോഗിച്ചിരുന്നത്.

കുറെ നാൾ മുൻപ് ഞാൻ ജോസഫിന്റെ ഇളയമകന്റെ കല്യാണത്തിനു പോയി. പള്ളിയിൽ ചടങ്ങുകൾ നടക്കുന്നു. ജോസഫ് പുരോഹിതന്റെ അടുത്തു നിൽക്കുകയായിരുന്നു. ഞാൻ അല്പം താമസിച്ചതിന്റെ ദുഃഖത്തിൽ പുറത്തു നിന്നു.

എന്നാൽ എന്നെ കണ്ടതും ജോസഫ് ചാടി പുറത്തു വന്നു. പുറത്തു നിന്നവരോട് അല്പം ഉച്ചത്തിൽ പറഞ്ഞു. ''ഇതാരാണെന്നാ നിങ്ങളുടെ വിചാരം? എന്ത്? സി എം എസ് കോളജിലെ ശിവദാസ് സാറാ. അല്ലല്ല. ഈ ആൾ ആണ് ഈ എന്നെ ഈ നിലയിലാക്കിയത്. എന്റെ നാക്കിൽ ഇപ്പോഴും ഉള്ളത് മീൻകറിയുടെ സ്വാദല്ല. അനിയൻ ചേട്ടന്റെ അമ്മയുടെ സാമ്പാറിന്റെയും അവിയലിന്റെയും സ്വാദാണ്.''

അതുകേട്ട് എന്റെ കണ്ണു നിറഞ്ഞുപോയി. ആ സ്നേഹത്തിന്റെ തിരതള്ളൽ. അതോടൊപ്പം ഒഴുകി വന്ന യശശ്ശരീരയായ അമ്മയുടെ ഓർമ. എല്ലാംകൂടി എന്റെ കണ്ണു നിറയിച്ചു. അനിയൻ ചേട്ടൻ ഞാനായിരുന്നു. പള്ളിയിൽ കല്യാണച്ചടങ്ങ് നടക്കുന്നു. എല്ലാവരും ഞങ്ങളെ നോക്കുന്നു. ഞാൻ നിർബന്ധിച്ച് ജോസഫിനെ പള്ളിയിലേക്കു കയറ്റിവിട്ടു. എന്നിട്ടു മാറി നിന്ന് മതിയാവോളം കരഞ്ഞു...

ഈ ഓണക്കാലത്ത് ഈ കഥ പറഞ്ഞത് എന്തിനാണെന്നോ? നമ്മുടെ വീട്ടിലെ അവിയലിന്റെയും സാമ്പാറിന്റെയും പായസത്തിന്റെയും സ്വാദ് അയൽപ്പക്കത്തെ ജോസഫുമാരുടെയും മുഹമ്മദുമാരുടെയും കാർത്ത്യായനിമാരുടെയും കൂടി നാവിൽ എത്തുമ്പോഴേ ഓണം ഓണമാകൂ. അയൽപ്പക്കക്കാർക്കും കൂടി നമ്മുടേതു നൽകുമ്പോഴുള്ള ആനന്ദമാണ് ഓണം. നമ്മുടെ ഉള്ളിലെ സ്നേഹവും കരുതലും കരുണയും പുഞ്ചിരിയും അയൽപ്പക്കത്തേക്കു കൂടി ഒഴുകിയെത്തുമ്പോഴേ നമ്മുടെ ഓണം ഓണമാകൂ. ഓണം സ്നേഹത്തിന്റെ മധുരവികാരമാകണം. കൂടിച്ചേരലിന്റെ കുളിരാകണം. നമുക്കൊപ്പം അയൽപ്പക്കക്കാരും ചിരിക്കുമ്പോൾ ഓണം ഓണമാകും. മനുഷ്യരെല്ലാരുമൊന്നുപോലെ സന്തോഷിക്കാൻ നമുക്ക് നമ്മുടെ അയൽക്കാരെ സന്തോഷിപ്പിക്കാം. അപ്പോൾ നമ്മുടെ സന്തോഷം പല മടങ്ങാകും. ലോകത്ത് എന്നും എപ്പോഴും ഓണമാകും.

**നമ്മുടെ ഉള്ളിലെ സ്നേഹവും കരുതലും കരുണയും പുഞ്ചിരിയും അയൽപ്പക്കത്തേക്കു കൂടി ഒഴുകിയെത്തുമ്പോഴേ നമ്മുടെ ഓണം ഓണമാകൂ. ഓണം സ്നേഹത്തിന്റെ മധുരവികാരമാകണം. കൂടിച്ചേരലിന്റെ കുളിരാകണം. നമുക്കൊപ്പം അയൽപ്പക്കക്കാരും ചിരിക്കുമ്പോൾ ഓണം ഓണമാകും. മനുഷ്യരെല്ലാരുമൊന്നുപോലെ സന്തോഷിക്കാൻ നമുക്ക് നമ്മുടെ അയൽക്കാരെ സന്തോഷിപ്പിക്കാം.**



# കാട്ടിലെ ടൂറിസം മേള

സിപ്പി പള്ളിപ്പുറം

നാടായ നാട്ടിലുമോണമെത്തി
കാടായ കാട്ടിലുമോണമെത്തി
കാട്ടിലെ പൊന്നോണം കേമമാക്കാൻ
കാട്ടിലെ വീരന്മാരൊത്തുകൂടി!


കുട്ടൻകുരങ്ങനും കൂട്ടുകാരും
ആവണിപ്പൊന്നൂഞ്ഞാൽ കെട്ടിയാടി
കോടിയുടുപ്പുമണിഞ്ഞു നിന്ന്
പുള്ളിമാൻകുട്ടികൾ നൃത്തമാടി!

ഏത്തക്കുലകളും മത്തനുമായ്
ചാത്തപ്പനാന വിരുന്നുവന്നു.
പച്ചക്കറികളും തോളിലേറ്റി
പാച്ചൻകഴുത കടന്നുവന്നു!

നാടായ നാട്ടിലുമോണമെത്തി
കാടായ കാട്ടിലുമോണമെത്തി
കാട്ടിലെ 'ടൂറിസംമേള' കാണാൻ
കാട്ടുമൃഗങ്ങൾ തടിച്ചുകൂടി.

കാട്ടുകുറുക്കനും വീട്ടുകാരും
ആർപ്പുവിളിച്ചു മദിച്ചുതുള്ളി
പുള്ളിപ്പുലികളും കാട്ടുപോത്തും
പൊന്നോണത്തല്ലിനു കോപ്പുകൂട്ടി!

മാവേലിത്തമ്പ്രാന്റെ വേഷമിട്ട്
ചെമ്പൻകരടിയൊരുങ്ങിവന്നു
കീറിയൊരോലക്കുടയുമേന്തി
ഞാനെന്ന ഭാവം നടിച്ചുനിന്നു!



നാടായ നാട്ടിലുമോണമെത്തി
കാടായ കാട്ടിലുമോണമെത്തി
കാട്ടിലെ ടൂറിസംമേള കാണാൻ
കാട്ടിലെ കൂട്ടുകാരൊത്തു കൂടി!

താളവും മേളവും  തപ്പുകൊട്ടും
തെയ്യവും കാവടിയാട്ടവുമായ്
കാട്ടിലെ ടൂറിസം ഘോഷയാത്ര
കളിചിരിയോടെ പതുക്കെ നീങ്ങി

തുമ്പിക്കരത്തിൽ കൊടികളുമായ്
കാട്ടാനപ്പെണ്ണുങ്ങൾ മുന്നിൽ നീങ്ങി
പൂത്താലമേന്തീട്ട് സെറ്റുടുത്ത്
കരടിക്കിടാത്തികൾ പിന്നിൽ നീങ്ങി.

ഓണപ്പകിട്ടുള്ള ഘോഷയാത്ര
കാട്ടിലെ ടൂറിസം ഘോഷയാത്ര
കുന്നത്തു നിന്നുമിറങ്ങിയപ്പോൾ
ഹയ്യട! കാര്യം കുഴപ്പമായി!

ഓണക്കോടിയുമായി മുന്നിൽ നിന്ന
കുട്ടത്തിയാനയും കൂട്ടുകാരും
പെട്ടെന്നുവാരിക്കുഴിയിൽ വീണു!
കഷ്ടമെന്നല്ലാതെയെന്തുചൊല്ലാൻ?

അതുകണ്ടുപേടിച്ചു പിന്നിൽ നിന്ന
കരടിക്കിടാത്തികൾ പിൻതിരിഞ്ഞു
ടൂറിസം മേളയ്ക്കൊരുങ്ങിവന്ന
മറ്റുമൃഗങ്ങളും പോയ്മറഞ്ഞു!



വര: സന്തോഷ് വെളിയന്നൂർ


# ഝൻഡാ ഊൻചാ രഹെ ഹമാരാ

**ശ്യാം ലാൽ ഗുപ്ത പാർഷദ്**

വിജയീ വിശ്വ തിരംഗാ പ്യാരാ,
ഝൻഡാ ഊൻചാ രഹെ ഹമാരാ
സദാശക്തി ബർസാനെ വാലാ,
പ്രേമ്സുധാ സർസാനെ വാലാ
വീരോം കോ ഹർഷാനെ വാലാ
മാതൃഭൂമി കാ തൻ മൻ സാരാ,
ഝൻഡാ ഊൻചാ രഹെ ഹമാരാ
സ്വതന്ത്രതാ കേ ഭീഷൺ രൺമേം,
ലഖ്കർ ജോഷ് ബഢേ ക്ഷൺ ക്ഷൺ മേം,
കാംപേ ശത്രു ദേഖ്കർ മൻമേം,
മിറ്റ് ജാവേ ഭയ് സംകട് സാരാ,
ഝൻഡാ ഊൻചാ രഹെ ഹമാരാ
ഇസ് ഝൻഡേക്കേ നീചെ നിർഭയ്,
ഹോ സ്വരാജ് ജനതാ കാ നിശ്ചയ്.
ബോലോ ഭാരത് മാതാ കീ ജയ്.
സ്വതന്ത്രതാ ഹീ ധ്യേയ് ഹമാരാ,
ഝൻഡാ ഊൻചാ രഹെ ഹമാരാ

വിശ്വവിജയിയായ എന്റെ ത്രിവർണപതാകേ,
ദേശപതാകേ, നീ ഉയർന്നു പാറുക
സദാ ശക്തി പകരുന്ന, പ്രേമസുധ പൊഴിക്കുന്ന, വീരന്മാർക്ക്
കരുത്തേകുന്ന, മാതൃഭൂവിന്റെ ശരീരവും മനസ്സുമായ ദേശപതാകേ,
നീ ഉയർന്നു പാറുക.
സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഭീകരമായ പോരാട്ടത്തിൽ, നീ
അനുക്ഷണം ഊർജം പകർന്നു. ശത്രുക്കൾ നിന്നെ
കാണുമ്പോൾ പകച്ചു നിൽക്കുന്നു. നമ്മുടെ ഭയാശങ്കകൾ
അകന്നുപോകുന്നു. ദേശപതാകേ നീ ഉയർന്നു പാറുക.
ഈ കൊടിക്കീഴിൽ നാം നിർഭയരാകുന്നു
സ്വരാജ്യമെന്ന നമ്മുടെ ഇച്ഛ ശക്തമാകുന്നു.
വിജയിക്കൂ ഭാരതമാതേ എന്ന് ഉറക്കെപ്പറയൂ
സ്വാതന്ത്ര്യമാണ് നമ്മുടെ ലക്ഷ്യം. ദേശപതാകേ നീ ഉയർന്നു പോവുക

വിവർത്തനം : **ഡോ ഷാലി എം എം**



വര: സുധീർ പി വൈ



# അർച്ചന

**സുഗതകുമാരി**

ധവള ഹിമഗിരി ശിഖരികൾ മുതലീ
കടലിൻ കരയോളം
ചലിത ഗംഗാ വീചികൾ തഴുകി-
ത്തെളിയും ഹൃദയവുമായ്
ഒരു മഹോജ്ജ്വല ശക്തി വിജൃംഭി-
ച്ചുയരും കൈകളുമായ്
പുതിയൊരിന്ത്യയെ നിർമിക്കാനൊരു
ജനതതിയുണരട്ടേ
പഴയ ഭൂമിയിലുച്ചം നമ്മുടെ
പതാക പാറുന്നൂ!
മിഴിയുയർത്തുവിനാഹ്ലാദത്തിൻ
പൂമഴ പൊഴിയുന്നൂ!
ഇക്കൊടിയുടെ മാനം ഞങ്ങൾ
മറക്കുകയില്ലമ്മേ, അമ്മേ
ഇക്കരളുകൾ നിൻ പാദത്തിൽ
പൂവുകളാണമ്മേ, അമ്മേ
പൂവുകളാണമ്മേ.



വര: കെ പി മുരളീധരൻ

# ഓണക്കോടിയുടുത്തു മാനം...

റോസ്മേരി

അന്തിവെയിൽ ചാഞ്ഞു തുടങ്ങി. തിണ്ണമേൽ പടർന്നു നിൽക്കുന്ന ശതാവരി പ്പടർപ്പ്. അതിന്റെ നേർത്ത ഇലകൾ കാറ്റിൽ മെല്ലെ ആലോലനൃത്തം ചെയ്യുന്നു. ആ മനോജ്ഞ ദൃശ്യവും ആസ്വദിച്ചു നടക്കല്ലിന്മേൽ ഒറ്റയ്ക്കിരി ക്കുകയാണ് ഞാൻ...

അപ്പോഴുണ്ട് നിരത്തിലൂടെ എന്തോ വിളിച്ചുപറയുന്ന ശബ്ദം... കാതോർത്തു. ''മാമീ. പപ്പടം വേണോ പപ്പടം? വീട്ടിലുണ്ടാക്കിയ നല്ല ശുദ്ധമായ പപ്പടം.'' ഒരു കൊച്ചുപയ്യന്റെ സ്വരമാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങ ളായി ഈ വായ്ത്താരി കേൾക്കാനുണ്ടായിരുന്നു. പക്ഷേ ഒരു ചിലപ്പൻ പക്ഷി യുടെ തലവിളി പോലെയാ യിരുന്നു അതിന്റെ മുഴക്കം. വാക്കുകൾ തികച്ചും അവ്യക്തം...



നോക്കുമ്പോൾ ഗെയ്റ്റിന ടുത്ത് ഒരു ചപ്രത്തല പ്രത്യ ക്ഷപ്പെട്ടു. എട്ടൊമ്പതു വയസ്സുപ്രായം വരുന്ന ഒരു ബാലൻ. തോളിൽ ഒരു തുണിസഞ്ചി. ''മാമീ... നല്ല പപ്പടമുണ്ട്. കൊണ്ടുവരട്ടേ?'' എന്റെ സമ്മതം കേൾക്കേണ്ട താമസം അവൻ ഉത്സാഹ പൂർവം നടക്കല്ലുകളിറങ്ങി മുറ്റത്തെത്തി.

ഇരുനിറത്തിൽ മെല്ലിച്ച ഒരു കുട്ടി. നിറം മങ്ങിയ ഷർട്ടും നിക്കറും. ഏറെ ദൂരം നടന്നതിനാലാവാം നെറ്റി യിലൂടെ വിയർപ്പുചാലുകൾ ഒഴുകുന്നു. സഞ്ചിയിൽ നിന്നും ഒരു പപ്പടക്കെട്ട് ഉയർത്തിക്കാട്ടിയിട്ട് കുട്ടി പറഞ്ഞു. ''ഇന്ന് ഒരു കൂടുപോലും വിറ്റില്ല. ആറു രൂപയേ ഉള്ളൂ. ഒരു കൂട് എടുക്കട്ടോ?''

എന്റെ അടുത്ത് ഇരിക്കുവാൻ ഞാൻ ആംഗ്യം കാട്ടി. മടിച്ചു മടിച്ച് അവൻ നടക്കല്ലിന്മേൽ ചടഞ്ഞിരുന്നു. എനിക്കാ കുട്ടിയെക്കുറിച്ചറിയാൻ ഔത്സുക്യം തോന്നി. ആദ്യം മടിച്ചുവെങ്കിലും പിന്നീട് എന്റെ ഓരോ ചോദ്യത്തിനും അവൻ വ്യക്തമായ ഉത്തരങ്ങൾ നൽകി.

പേര് വിനോദ്കുമാർ. ഇവിടെ നിന്നും ആറേഴു മൈൽ അകലെ ഒരുൾനാട്ടി ലാണു താമസം. വീട്ടിൽ അച്ഛനും അമ്മയും ചേച്ചിയു മുണ്ട്. അച്ഛൻ ഓട്ടോറിക്ഷ

ഓടിക്കുന്നു. ചേച്ചി പത്താംക്ലാസ്സ് പാസ്സായി. തുടർന്നു പഠിക്കാൻ സൗകര്യമില്ലാത്തതിനാൽ ഒരു തയ്യൽക്കടയിൽ ജോലിക്കു പോകുന്നു.

കുറച്ചുകാലമായി അമ്മയുടെ കണ്ണിന്റെ കാഴ്ചശക്തി കുറഞ്ഞു വരുന്നു. പല ചികിത്സകളും ചെയ്യുന്നുണ്ടെങ്കിലും ഒന്നിനും കാര്യമായ ഫലം കാണുന്നില്ല. ഈയിടെയാണ് അവരുടെ ചോർന്നൊലിച്ചിരുന്ന രണ്ടുമുറിയുള്ള വീട് നന്നാക്കിയത്. ആ വകയിൽ കുറച്ചു കടബാദ്ധ്യതകൾ.

അമ്മയുടെ ചികിത്സ, വീട്ടുചിലവ്. കടം വീട്ടാൻ ഇതെല്ലാംകൂടി അച്ഛന് താങ്ങാവുന്നതിനുമപ്പുറം... തന്നാലാവും വിധം വല്ലതും സഹായിക്കാം എന്ന ലക്ഷ്യത്തോടെയാണ് വിനോദ്കുമാർ പപ്പടം വിൽക്കാനിറങ്ങിയത്. അമ്മയും അച്ഛനും ചേർന്നാണ് പപ്പടം പരത്തുന്നത്.

അന്നു ഞാൻ രണ്ടു കെട്ടു പപ്പടം വാങ്ങി. നല്ല സ്വാദുണ്ടായിരുന്നു അതിന്. പിന്നീട് ആഴ്ചയിൽ രണ്ടു തവണയായി അവന്റെ വരവ്. പുറത്ത് ആരെയും കണ്ടില്ലെങ്കിൽ മുറ്റത്തു നിന്നുംകൊണ്ട് ആൾ തന്റെ ചിലമ്പിച്ച ശബ്ദത്തിൽ ഉറക്കെ വിളിച്ചറിയിക്കും. ''മാമീ, ഇതു ഞാനാണ്. പപ്പടം! കതകു തുറക്കൂ.'' എനിക്ക് ചിരി വരും. ഒരാൾ സ്വയം ഇട്ട പേരുകൊള്ളാം. പപ്പടം!

തിരിച്ച് അതേ മട്ടിൽ ഞാനും ചോദിക്കും. ''ഹലോ പപ്പടം! എന്തുണ്ടു സമാചാരം?'' ആദ്യമൊക്കെ നാണം കുണുങ്ങിയായിരുന്ന അവൻ പിന്നീട് വാചാലനായി. സ്കൂളിലെ ഫാൻസി ഡ്രസ്സ് മത്സരത്തിൽ ഒരു പിച്ചക്കാരന്റെ വേഷമിട്ടു താൻ സമ്മാനം നേടിയത്, വീട്ടിലെ ചിന്നുക്കുട്ടി എന്നു പേരുള്ള വെളുവെളുത്ത വളർത്തുപൂച്ചയ്ക്കു കറുകറുത്ത മൂന്നു കുഞ്ഞുങ്ങളുണ്ടായത്, വൈക്കത്തു നിന്നും അമ്മാവൻ വന്നപ്പോൾ അവനും ചേച്ചിക്കും സമ്മാനമായി മൈസൂർപാവു കൊണ്ടുവന്നത്... ഇങ്ങനെ ഓരോരോ വിശേഷങ്ങൾ.

ഇവിടത്തെ മൂന്നു കുട്ടികളും ഉപരിപഠനത്തിനായ് അകലേക്കു പൊയ്ക്കഴിഞ്ഞിരുന്നു. അവരുടെ അഭാവം സൃഷ്ടിച്ച ശൂന്യതയിലേക്കാണ് ഈ പുതിയ കുട്ടി കടന്നുവന്നത്.

കടന്നുപോയി. ആയിടെ ഒരു ദിവസം അവൻ എന്നോട് ഒരു പുതിയ കാര്യം അവതരിപ്പിച്ചു. പപ്പടം വിറ്റു കിട്ടുന്ന കാശുകൊണ്ട് ഒന്നിനും തികഞ്ഞുപറ്റുന്നില്ല. പണം ഉണ്ടാക്കാനായി പുതിയ ഏതെങ്കിലും വഴി തേടണം. അതിനുവേണ്ട ഒരു മാർഗം അവൻ തന്നെ കണ്ടെത്തിയിട്ടുണ്ട്. മറ്റൊന്നുമല്ല. കാറുകഴുകൽ!

അയൽവാസിയായ ഒരു വർക്ക്ഷോപ്പുകാരനാണ് അവനെ ആ വിദ്യ പഠിപ്പിച്ചത്. മൂന്നാലു ദിവസത്തെ പരിശീലനം കൊണ്ട് അവൻ ഒന്നാന്തരമായി കാർ കഴുകുവാൻ പഠിച്ചുവത്രേ.

മുതിർന്ന ഒരാളിന്റെ ഗൗരവത്തോടെയാണ്

**അമ്മയുടെ ചികിത്സ, വീട്ടുചിലവ്. കടം വീട്ടാൻ ഇതെല്ലാം കൂടി അച്ഛന് താങ്ങാവുന്നതിനുമപ്പുറം... തന്നാലാവും വിധം വല്ലതും സഹായിക്കാം എന്ന ലക്ഷ്യത്തോടെയാണ് വിനോദ്കുമാർ പപ്പടം വിൽക്കാനിറങ്ങിയത്. അമ്മയും അച്ഛനും ചേർന്നാണ് പപ്പടം പരത്തുന്നത്.**

അവനോടൊത്തിരുന്നു ചായകുടിക്കുന്നതും ആ വർത്തമാനം കേൾക്കുന്നതും ആഹ്ലാദകരമായിരുന്നു.

വിനോദിനു ഞാൻ വെച്ചുനീട്ടുന്ന മധുരപദാർത്ഥങ്ങളൊക്കെയും ഒന്നു രുചിച്ചിട്ട് ബാക്കിയത്രയും കടലാസ്സിൽ പൊതിഞ്ഞു ട്രൗസറിന്റെ പോക്കറ്റിൽ തിരുകും. എന്തിനെന്നോ? അമ്മയ്ക്കും ചേച്ചിക്കും കൊടുക്കാൻ! മറ്റുകുട്ടികൾ കളിച്ചും തിമിർത്തും ഉല്ലസിക്കുമ്പോൾ ഈ ഒരു കുട്ടി മാത്രം സ്വന്തം വീട്ടുകാരെ ച്ചൊല്ലി ആകുലപ്പെടുന്നു. വീടിനുവേണ്ടി തന്നാലാവും വിധം കഷ്ടപ്പെടുന്നു.

വർഷങ്ങൾ രണ്ടു

അവന്റെ സംഭാഷണം. ഞാൻ താമസിക്കുന്ന നഗറിൽ 250 വീടുകളുണ്ട്. അതിൽ 180 വീടുകളിൽ കാറുണ്ടെന്ന് അവൻ എണ്ണമെടുത്തു കഴിഞ്ഞു. ഞാൻ എന്താണു ചെയ്യേണ്ടതെന്നോ? ആ വീട്ടുകരോടൊക്കെ വിനോദ്കുമാർ എന്ന വ്യക്തിയെക്കുറിച്ചു പറഞ്ഞു ബോധ്യപ്പെടുത്തണം. കേവലം 25 രൂപയ്ക്ക് പ്രസ്തുത വിനോദ്കുമാർ അവരുടെ വാഹനങ്ങൾ കഴുകി വൃത്തിയാക്കി കൊടുക്കുമെന്ന് ഞാൻ ശുപാർശ ചെയ്യുകയും വേണം.

താൻ വെറുതെയങ്ങു കയറിച്ചെന്നാൽ ആരും തനിക്കു പണിതരില്ല

എന്നായിരുന്നു അവന്റെ വിശ്വാസം. പരിചയമുള്ള ഏതാനും വീടുകളിലേക്കാണ് ഞാൻ വിനോദിനെ ആദ്യമായ് പറഞ്ഞയച്ചത്. വിളർത്തു മെല്ലിച്ച ആ പയ്യനെ കണ്ട് വീട്ടുകാർക്കു സന്ദേഹം. ഈ കുട്ടി കാർ കഴുകിയാൽ കാർ വൃത്തി യാകുമോ?

സംശയം തികച്ചും അസ്ഥാനത്തായിരുന്നു. കയ്യെത്താത്തിടത്ത് സ്റ്റൂളിൽ കയറിനിന്നും അരമതിലി ന്മേൽ വലിഞ്ഞുകയറി യുമൊക്കെയാണ് അവൻ സംഗതി നിർവഹിച്ചത്. കഴുകി വെടിപ്പാക്കിയ ആ വാഹനങ്ങൾ പളപളെ വെട്ടിത്തിളങ്ങി. ജോലിയുടെ മികവുകണ്ട് അവനെ കൂടുതൽ പേർ വിളിച്ചു തുടങ്ങി.

ശനിയും ഞായറും മറ്റ് അവധി ദിവസങ്ങളിലും ആളിനു തിരക്കോടു തിരക്ക്. പപ്പടം വിൽപ്പന ആഴ്ചയിൽ ഒരിക്കലാക്കി... വീട്ടുകാർ ആവശ്യപ്പെടുന്നതനുസരിച്ച് പൂന്തോട്ടം വൃത്തിയാക്കൽ, വീടുകളുടെ ഫാനുകളും ജനവാതിലുകളും തുടച്ചു വൃത്തിയാക്കൽ.. ഇങ്ങനെ പല പണികളും ആൾ ഏറ്റെടുത്തു. സഹായത്തിന് ഇടയ്ക്കിടെ ചില ചങ്ങാതി മാരെയും ഒപ്പംകൂട്ടി. വിനോദിനു തിരക്കേറിയ തോടെ അവന്റെ സന്ദർശന ങ്ങൾ വല്ലപ്പോഴുമായി.

ഏഴെട്ടുമാസങ്ങൾ കടന്നുപോയി. അത്തവ ണത്തെ ഓണപ്പിറ്റേന്ന് നീല വരയൻ ഷർട്ടും പാന്റ്സും അണിഞ്ഞ് എണ്ണമിനുപ്പാർന്ന മുടിയിഴകൾ ചീകിയൊതുക്കി ഒരു കോമളബാലൻ ജനാലയ്ക്കപ്പുറത്ത് തലനീട്ടി. ''മാമീ, ഞാനാണ്. പപ്പടം!'' വിനോദിന്റെ ആഹ്ലാദഭരിത മായ കളകൂജനം.

നോക്കുമ്പോൾ അവന്റെ കുടുംബവും ഒപ്പമുണ്ട്. അച്ഛന്റെ ഓട്ടോയിലാണു വന്നിരിക്കുന്നത്. അമ്മയുടെ



**അന്നയ്ക്ക് ഒറ്റ ഉടുപ്പേ ഉണ്ടായിരുന്നുള്ളൂ. നിറം മങ്ങി തയ്യലുകൾ വിട്ടുതുടങ്ങിയ ഒരു പച്ച പുള്ളിയുടുപ്പ്. ചുരണ്ട മുടി സദാനേരവും പാറിപ്പറന്നു കിടക്കും. കഴുത്തിൽ അണിഞ്ഞ വെന്തിങ്ങയും കൈത്തണ്ടയിലെ രണ്ടുകറുത്ത പ്ലാസ്റ്റിക് വളകളുമായിരുന്നു അന്നയുടെ ഏക അലങ്കാരം.**

കാഴ്ചക്കുറവു നിമിത്തം അവർ നടയിറങ്ങാൻ ബുദ്ധിമുട്ടുന്നുണ്ട്. ഒപ്പമുള്ള പാവാടക്കാരി അവരെ കൈപിടിച്ചു നയിക്കുന്നു. അതു വിനോദിന്റെ ചേച്ചിയാണ്. എനിക്കു സമ്മാനിക്കാൻ ശർക്കരവരട്ടിയും കടച്ചക്ക വറുത്തതും ഒക്കെയായിട്ടാണ് അവരുടെ വരവ്.

പലതും പറയുന്ന കൂട്ടത്തിൽ ഉടുത്തിരിക്കുന്ന പുതുവസ്ത്രം കാട്ടിക്കൊണ്ട് ആ അമ്മ പറഞ്ഞു.

''ഈ സെറ്റുമുണ്ട് മോൻ വാങ്ങിത്തന്നതാ!''

''ഈ ഷർട്ടും പാന്റും ചേച്ചീടെ പാവാടേം ഒക്കെ ഞാൻ തന്നെയാ വാങ്ങീത്!'' വിനോദ് കൂട്ടിച്ചേർത്തു. തന്നത്താൻ അധ്വാനിച്ചുണ്ടാക്കിയ നേട്ടങ്ങൾ! ആ മുഖത്തു തെളിഞ്ഞ അഭിമാനം ഇന്നും എന്റെ മനസ്സിലുണ്ട്.

ഇതൊക്കെ കുറച്ചു വർഷങ്ങൾക്കുമുമ്പു നടന്ന സംഗതികൾ... വിനോദ് ഇന്നു സമർത്ഥനായ ഒരു മോട്ടോർ മെക്കാനിക്കാണ്.

ഓണത്തേയും കവി പാടിയതുപോലെ മേഘക്കസവാൽ ഓണക്കോടിയുടുത്ത പകലുകളെയും കുറിച്ച് ഓർത്തപ്പോൾ, അതാ മറവിയുടെ കനത്ത തിരശ്ശീല നീക്കി ഒരാൾ കടന്നുവരുന്നു. അന്നാ!
എന്റെ മൂന്നാംക്ലാസ്സിലെ കളിക്കൂട്ടുകാരി. അവൾക്ക് നാലു വയസ്സുള്ളപ്പോൾ അമ്മ മരിച്ചുപോയി. അപ്പനു കൂലിപ്പണിയാണ്. പത്തുവയസ്സുള്ള ഒരു ചേട്ടനുണ്ട്. അവനെ എളേമ്മ കൂട്ടിക്കൊണ്ടുപോയി. അപ്പന്റെ കാര്യങ്ങൾ നോക്കാൻ മറ്റാരുമില്ലാത്തതുകൊണ്ടാണ് അന്നയെ എങ്ങും വിടാത്തത്.

അന്നയ്ക്ക് ഒറ്റ ഉടുപ്പേ ഉണ്ടായിരുന്നുള്ളൂ. നിറം മങ്ങി തയ്യലുകൾ വിട്ടുതുടങ്ങിയ ഒരു പച്ച പുള്ളിയുടുപ്പ്. അവളുടെ നിറം കുറഞ്ഞ ചുരണ്ട മുടി ഒരു റിബൺ കൊണ്ടു കെട്ടിവയ്ക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അതു സദാനേരവും പാറിപ്പറന്നു കിടക്കും. കഴുത്തിൽ അണിഞ്ഞ വെന്തിങ്ങയും കൈത്തണ്ടയിലെ രണ്ടു കറുത്ത പ്ലാസ്റ്റിക് വളകളുമായിരുന്നു അന്നയുടെ ഏക അലങ്കാരം.

അങ്ങേയറ്റം ദരിദ്രമായ പശ്ചാത്തലം. അതിരാവിലെ ഉണർന്ന്, വീട്ടുകാര്യങ്ങൾ ചെയ്തുതീർത്തിട്ട്, കുളിച്ച്, ഉടുപ്പും മാറി അവൾ സ്കൂളിലേക്കു പുറപ്പെടും. വഴിക്ക് ഒറ്റയ്ക്കു താമസിക്കുന്ന ഒരു വൃദ്ധയുണ്ട്. അവർക്കു വെള്ളം കോരികൊടുത്തും മറ്റു ചില്ലറ പണികൾ ചെയ്തു സഹായിച്ചിട്ടുമാണ് ആൾ സ്കൂളിലെത്തുക.

ആ വീട്ടിൽ നിന്നുമാണ് അവളുടെ പ്രഭാതഭക്ഷണം. തിടുക്കപ്പെട്ടു വാരിക്കഴിക്കുന്നതിനാൽ ആഹാരത്തിന്റെ പൊട്ടും പൊടിയുമൊക്കെ മുഖത്തും കുപ്പായത്തിലുമൊക്കെ തങ്ങി നിൽക്കും. കൂടാതെ കിണറ്റിൽ നിന്നും വെള്ളം വലിച്ചു കയറ്റുന്നതിനിടയിൽ ഉടുപ്പും നനഞ്ഞു കുതിരും. മറ്റുകുട്ടികൾക്ക് ശല്യമാവാതിരിക്കാൻ ഏറ്റവും പിൻബെഞ്ചിലാണ് അന്നയുടെ ഇരിപ്പിടം.

അക്കൊല്ലം ഓണം അവധി കഴിഞ്ഞ് സ്കൂൾ തുറന്നു. കുട്ടികൾ പുതുതായ് തയ്പ്പിച്ച കുപ്പായങ്ങളും പ്രദർശിപ്പിച്ച് ക്ലാസ്സിലെത്തി. പല നിറങ്ങൾ. തിളക്കങ്ങൾ. കോടിതുണിയുടെ നറുഗന്ധങ്ങൾ. അന്നും ലേശം വൈകിയാണ് അന്ന ക്ലാസ്സിലെത്തിയത്.

പച്ചക്കുപ്പായത്തിനുപകരം നിറയെ ചുരുക്കുകളുള്ള ഒരു വെളുത്ത ടെർളിൻ ഉടുപ്പ്. മുന്നിൽ സ്വർണബട്ടണുകൾ. പാതിയും ഇളകിപ്പോയിരിക്കുന്നു. മുന്നിൽ, അവിടവിടെയായ് കറയുടെ പാടുകൾ. പിന്നിലെ വള്ളി എത്ര മുറുക്കിയിട്ടും അത് അയഞ്ഞുതന്നെ കിടക്കുന്നു. ഉടുപ്പിന്റെ ഇറക്കമാണെങ്കിൽ പാദത്തിനു തൊട്ടു മുകളിൽ!

അതു മറ്റാരുടെയോ പഴയ വസ്ത്രമാണെന്നു സ്പഷ്ടം. ''നീ ഇത് ഏതു കടേന്നാ മേടിച്ചേ?'' അന്നയെ പരിഹസിക്കാനായി കുട്ടികൾ ആർത്തു വിളിച്ചു ചുറ്റും കൂടി. ''ഇതു മാളീയ്ക്കലേ സിസ്സിലിചേച്ചി തന്നതാ!'' വീണ്ടും കളിയാക്കിച്ചിരി തുടർന്നു.

സ്കൂൾമുറ്റത്തു തന്നെയാണു പള്ളി. സ്കൂളിൽ നിന്നു കിട്ടുന്ന ഉച്ചക്കഞ്ഞി കഴിച്ചിട്ട്, അന്ന എന്നെയും കൂട്ടി പള്ളിയിലേക്കു നടന്നു. കുത്തു കല്ലുകൾ കയറുമ്പോൾ അവൾ പറഞ്ഞു.

''നമുക്ക് ഏതു നല്ല കാര്യം സംഭവിച്ചാലും ദൈവത്തിനു നന്ദിപറയണമെന്നാ അമ്മ പറഞ്ഞേക്കുന്നേ.'' തനിക്കു ലഭിച്ച ഉടുപ്പിനെയാണ് അവൾ ഉദ്ദേശിച്ചത്.

യേശുവിന്റെ രൂപത്തിനു മുന്നിൽ മുട്ടുകുത്തി, കൈകൾകൂപ്പി, പ്രാർത്ഥനാനിർഭരയായ് നിൽക്കുന്ന അന്ന... വെളുത്തുതുടുത്ത ആ കൊച്ചുമുഖവും ആ വെള്ളയുടുപ്പിന്റെ ചിറകുകൾ പോലുള്ള വിടർന്ന സ്ലീവുകളും ഒക്കെച്ചേർന്ന് അവൾ ഒരു മാലാഖയായ് മാറി. തിരികെ ഞങ്ങളൊന്നിച്ച് കരങ്ങൾ കോർത്തു നടയിറങ്ങുമ്പോൾ അവൾ പറഞ്ഞു, ''എനിക്കീ ഉടുപ്പ് വല്യ ഇഷ്ടമാ! ഇതിനൊരു നല്ല മണമുണ്ട്. എനിക്ക് കൊച്ചിനേം ഒത്തിരി ഇഷ്ടമാ കേട്ടോ!''



ഈ സന്ദർഭത്തിൽ ഉണ്ണിയാർച്ചയെ മറക്കുവതെങ്ങിനെ? വടക്കൻ പാട്ടിലെ നായികയൊന്നുമല്ല കേട്ടോ. പ്ലസ്ടൂവിനു പഠിക്കുന്ന നെടുമങ്ങാട്ടുകാരി. നഗരത്തിലെ ഒരു വസ്ത്ര വ്യാപാരശാലയിൽ വെച്ചാണ് ഞാനവളെ കാണാനിടയായത്. ഒപ്പം അവളുടെ അമ്മയും അമ്മൂമ്മയും കൂടിയുണ്ടായിരുന്നു. ഓണക്കോടി വാങ്ങാനെത്തിയതാണ്.

**അഞ്ഞൂറു രൂപയ്ക്കുള്ള ചുരിദാർ കാണിക്കാനാണ് അവളുടെ അമ്മ ആവശ്യപ്പെട്ടത്. പക്ഷേ ആർച്ചയ്ക്ക് അനാർക്കലി മതി. വില ആയിരത്തി അഞ്ഞൂറുരൂപ! "നല്ലോരു ഓണമായിട്ട് മോൾക്ക് ഇഷ്ടമുള്ളതു വാങ്ങിക്കൊടുക്കൂ" സെയിൽസ്മാന്റെ പ്രലോഭനം.**



അഞ്ഞൂറു രൂപയ്ക്കുള്ള ചുരിദാർ കാണിക്കാനാണ് അവളുടെ അമ്മ ആവശ്യപ്പെട്ടത്. പക്ഷേ ആർച്ചയ്ക്ക് അനാർക്കലി മതി. വില ആയിരത്തി അഞ്ഞൂറുരൂപ! ''നല്ലോരു ഓണമായിട്ട് മോൾക്ക് ഇഷ്ടമുള്ളതു വാങ്ങിക്കൊടുക്കൂ'' സെയിൽസ്മാന്റെ പ്രലോഭനം.

''ഉള്ളതൊക്കെ നുള്ളിപ്പെറുക്കി ആയിരത്തി ഇരുന്നൂറു രൂപയുണ്ടെന്റെ കയ്യിൽ. ഇവളുടെ ഇളയ രണ്ടു പിള്ളേരുണ്ട്. അവത്തുങ്ങൾക്കും വേണം ഉടുപ്പും തുണീം.'' അമ്മ പരിതപിച്ചു.

''കൊച്ചേ, നിന്റെ പാവം തള്ളേയിട്ടിങ്ങനെ കഷ്ടപ്പെടുത്താതെ! പഠിച്ചു സ്വന്തമായി വരുമാനം ഉണ്ടാക്കീട്ട് ഇഷ്ടമുള്ളതു വാങ്ങീര്.'' എല്ലാം കേട്ടുകൊണ്ടിരുന്ന ഒരു കണ്ണാടിക്കാരി ഉപദേശിച്ചു. ജനം അവരെ പിന്താങ്ങി. എന്റെ ദൈവമേ! ആർച്ചയെന്ന പത്രാസുകാരിയുടെ മുഖത്തെ ജാള്യത ഒന്നു കാണേണ്ടതായിരുന്നു.

# അതൊക്കെ ഓർക്കുകയാണിപ്പോൾ

**അൻവർ അലി**

സൂര്യനോടൊപ്പം ചിരിച്ച്
രാവിലേ തന്നെയെണീറ്റു.
സ്കൂളു തുറക്കുന്ന ത്രില്ല്
ഉള്ളിൽ കിടന്നു കുരച്ചു.

കുഞ്ഞനിയത്തിക്കരച്ചിൽ
മാവിലണ്ണാറച്ചിലപ്പ്
കുക്കറിൻ ശൂവിളി
ഉപ്പതൻ കൂർക്കം
സൈക്കിൾമീൻകാരന്റെ കൂക്ക്

ഒന്നിനും കാതുകൊടുക്കാതവൾ ഒരു
കോർപ്പറേറ്റ് കമ്പനിമാനേജരെപ്പോലെ
തഞ്ചത്തിൽ
വേഗത്തിൽ
താളത്തിൽ
നൃത്തത്തിൽ
എല്ലാം കഴിച്ച്

ഗേറ്റു കടന്ന്
ചാറ്റമഴയൂടെ
കുഞ്ഞിക്കവിളും കുടയും തുടുത്ത്
വയലായിരുന്നതിൻ മൂലയി,ലെടവഴി
ചവറോടയായൊഴുകുന്നിടം കേറി

ബസ്റ്റോപ്പിലേക്കു നടക്കെ-

വിലങ്ങിനിൽക്കുന്നെതിരേ വെറുതേ
വെളുത്തുരുണ്ടൊരു നായ
കരിങ്കറുപ്പിരുകണ്ണിലുമുണ്ട്
തുറിച്ചുനോക്കുന്നുണ്ട്

തിരിച്ചൊരോട്ടം വച്ചുകൊടുത്തവൾ
പുറകേ പാഞ്ഞൂ നായും

പനിച്ചവൾക്കു പലനാൾ; ഉമ്മ
തനിച്ചുപാർക്കും ഫ്ളാറ്റിലിരുന്നവൾ
അതൊക്കെയോർക്കുകയാണിപ്പോൾ.

വര: ലിബേഷ് എൻ വി



# തണ്ണീർത്തടങ്ങൾ

തകഴി ശങ്കരനാരായണൻ

തണ്ണീർത്തടങ്ങളേ
നിങ്ങളീമണ്ണിന്റെ
വർണ്ണക്കിനാവി-
ന്നിഴകൾനെയ്യുന്നവർ!

താങ്ങും തണലുമായ്
വിശ്വപ്രകൃതിയെ
പ്രാണന്റെ പച്ച
പുതപ്പിച്ചുനിർത്തുവോർ

വിണ്ണും മനുഷ്യനും
തമ്മിൽബന്ധിക്കുന്ന
കണ്ണികൾ ജീവന്റെ
താളങ്ങൾ കാക്കുവോർ

പച്ചത്തവളയും
ചീവീടുമൊപ്പമീ-
ക്കുറ്റിരുട്ടത്തും
തിമിർത്തുപാടുന്നവർ

സ്വച്ഛമായെത്ര
കിളികളാണന്തിയി-
ലത്താഴമുണ്ടു-
ചേക്കേറുന്നുനിത്യവും


ചിത്രശലഭങ്ങൾ
പാറുംപകലുകൾ
രാത്രികൾ മിന്നാ-
മിനുങ്ങിന്റെ കൂട്ടുകാർ

കൂവിത്തിമിർക്കും
കുയിലുക,ളുപ്പനോ
നീലക്കൊടുവേലി
കൂട്ടിലൊളിക്കുവോർ

തണ്ണീർത്തടങ്ങളേ
നിങ്ങൾ ജീവന്മാർക്കു
മണ്ണിൽ ശ്രുതിയും
ലയവുമാവുന്നവർ!



വര: സുധീർ പി വൈ



നിങ്ങൾ, ഋതുക്കളെ
പ്പാറ്റിയുണർത്തുവോർ
നിങ്ങൾ കാടിന്നു
തളിരണിയിക്കുവോർ!

പച്ചയും മഞ്ഞയും
ചോപ്പും നിറംമാറി
നൃത്തച്ചുവടുകൾ
വയ്ക്കുന്നൊരോന്തുകൾ,

തോട്ടുവക്കത്തു
തളിർക്കുന്ന പുന്നകൾ
നാട്ടിൽ മണംപാറ്റി
നിൽക്കുന്ന കൈതകൾ,

ചെമ്പവിഴത്തിന്റെ
മുത്തുകൾ മാതിരി-
മുമ്പിൽ കുളത്തിൽ
വരാലിന്റെ പാർപ്പുകൾ,

ചേരകൾ മഞ്ഞ
പുതച്ചുപായുന്നവർ
വായുവിൽ പാല
സുഗന്ധമൊഴുക്കുവോർ,

കീരിയും പാമ്പു-
മൊരുമിച്ചുവാഴുന്ന
പാരിന്റെ സ്വർഗമീ
പ്പച്ചത്തുരുത്തുകൾ!

തണ്ണീർത്തടങ്ങളേ
നിങ്ങൾനെയ്യാമ്പലും
മണ്ണിലെച്ചക്കര
പ്പൂക്കളം തീർക്കുവോർ

തണ്ണീർത്തടങ്ങളേ
നിങ്ങളീ മണ്ണിന്നു
വർണ്ണങ്ങൾ തുന്നുന്ന
പ്രാണമരുത്തുകൾ!

കഥ

# എലിപ്പെട്ടി

ഡോ. കെ ശ്രീകുമാർ

വര: ജയേഷ് ശിവൻ



ഒരു വികൃതിച്ചുണ്ടെലി. അതിനെക്കുറിച്ചു കുറച്ചൊന്നുമല്ല പരാതികൾ. വീട്ടിൽ നിന്ന് അതിനെ നാടുകടത്താൻ അച്ഛൻ പഠിച്ച പണി പതിനെട്ടും നോക്കിയതാണ്. എപ്പോഴും പത്തൊമ്പതാമത്തെ അടവെടുത്ത് എലി ഓടി രക്ഷപ്പെടും. പിന്നെ, അടുത്ത വികൃതിയുമായി പൊങ്ങുന്നതുവരെ മഷിയിട്ടു നോക്കിയാൽ കാണില്ല.

പുസ്തകങ്ങളോടാണ് ചുണ്ടെലിക്ക് ഏറ്റവും പ്രിയം. ഏതുതരം പുസ്തകമായാലും വേണ്ടില്ല. അതെല്ലാം കരണ്ടുകരണ്ട് നശിപ്പിക്കും. പിന്നെ കിടക്ക, തലയിണ, അലമാരയിൽ തേച്ചുമടക്കി ഉള്ളിൽ കൈതപ്പൂവെച്ച സാരികൾ, അടുക്കളയിലെ അരിച്ചാക്ക്, തേങ്ങാമുറി.... അങ്ങനെ ഇന്നതെന്നൊരു വ്യത്യാസവുമില്ല ചുണ്ടെലിക്ക്.

അവനു മാത്രമേ എലിയോടു പരിഭവം ഇല്ലാതുള്ളൂ. കരണ്ടുകളഞ്ഞ പുസ്തകങ്ങളിൽ അധികവും അവന്റേതായിട്ടുപോലും അവനൊട്ടും ദേഷ്യം വന്നില്ല. എലി കരണ്ടതിന്റെ ബാക്കിമാത്രം പഠിച്ചാൽ മതിയെന്ന ആശ്വാസമായിരുന്നു അവന്!

രാത്രി മേശവിളക്കിന്റെ വെളിച്ചത്തിൽ വായിച്ചുകൊണ്ടിരിക്കുമ്പോൾ

ചുണ്ടെലി പതുങ്ങിവന്ന് തന്റെ പുസ്തകസഞ്ചിയിൽ കയറുന്നത് അവൻ പലപ്പോഴും കണ്ടിട്ടുണ്ട്. മറ്റുചിലപ്പോൾ, പാതിയുറക്കത്തിൽ കിടക്കുമ്പോഴാവും അലമാരയിൽ നിന്നും 'കര കര' ശബ്ദം കേൾക്കുക. എഴുന്നേറ്റു ലൈറ്റിട്ടാൽ അപ്പോൾ കാണാം അവനെ കളിയാക്കുന്നതുപോലെ ചിലച്ചുകൊണ്ട് അതു പായുന്നത്. അടുത്ത നിമിഷം ഇത്തിരിപ്പോന്ന ഓവുചാലിൽ കയറി അപ്രത്യക്ഷമാവുന്നതും.

ദിവസങ്ങൾ കഴിയുന്തോറും നല്ല പരിചയമായി അവർക്കു തമ്മിൽ. എന്നാൽ, ചുണ്ടെലിയെക്കൊണ്ടു പൊറുതിമുട്ടിയപ്പോൾ കുറെനാളായി ആലോചിക്കുന്ന പദ്ധതി അച്ഛൻ പെട്ടെന്നു നടപ്പാക്കി. ഒരുനാൾ വൈകിട്ട് അച്ഛൻ ഓഫീസിൽ നിന്നു വന്നപ്പോൾ പുതിയൊരു എലിപ്പെട്ടിയുണ്ടു കൈയിൽ.

എലിപ്പെട്ടിയെക്കുറിച്ച് അവൻ ഒരുപാടു കേട്ടിട്ടുണ്ട്. പക്ഷേ, നേരിൽ കാണുന്നത് ഇതാദ്യം. കനംകുറഞ്ഞ ഇരുമ്പുകമ്പികൾ വളച്ച് ഒരു കൊച്ചുവീടുപോലെ.

ആദ്യമൊരു കൗതുകം തോന്നിയെങ്കിലും തന്റെ ചങ്ങാതിയെ കുടുക്കാനുള്ളതാണ് ഇതെന്നോർത്തപ്പോൾ അവന്റെ മുഖം വാടി.

പെട്ടിക്കുള്ളിൽ ചുണ്ടെലിക്കു പ്രിയപ്പെട്ട തേങ്ങാപ്പൂളുവെച്ച്, രാത്രി അവന്റെ കട്ടിലിനടയിൽത്തന്നെ കൊണ്ടുവച്ചു അച്ഛൻ. എന്നിട്ടൊരു പ്രഖ്യാപനവും.

"ഇത്തവണ അതു രക്ഷപ്പെടില്ല. നോക്കിക്കോ!"

അവൻ കുറേനേരം ഉറങ്ങാതെ കിടന്നു. ചുണ്ടെലിയെങ്ങാനും വന്നാൽ കെണിയിൽ കുടുങ്ങാതെ ഓടിച്ചുവിടാമായിരുന്നു എന്നവനോർത്തു. എലി വന്നില്ല. എപ്പോഴോ അവനുറങ്ങുകയും ചെയ്തു.

രാവിലെ അസാധാരണമായ ചില ശബ്ദങ്ങൾ കേട്ടാണ് അവനുണർന്നത്. എലിപ്പെട്ടിയുമായി അച്ഛനുണ്ടു മുറ്റത്ത്. എഴുന്നേറ്റ്, കോട്ടുവായിട്ട് ചെന്നുനോക്കിയപ്പോൾ ഞെട്ടിപ്പോയി. എലിപ്പെട്ടിക്കുള്ളിൽ അങ്ങുമിങ്ങും പിടഞ്ഞോടുന്ന ചുണ്ടെലി!

"ഇതു കുറേനേരം വെയിലത്തിരിക്കട്ടെ. എന്നിട്ടും എലി ചത്തില്ലെങ്കിൽ കുളത്തിൽ കൊണ്ടുപോയി മുക്കിക്കൊല്ലാം."

പെട്ടി മുറ്റത്തുവെച്ച് അച്ഛൻ അമ്മയോടു പറയുന്നത് അവൻ കേട്ടു.

അവനു സങ്കടമായി. അവൻ പെട്ടിയുടെ അടുത്തു ചെന്നിരുന്ന് ചുണ്ടെലിയെത്തന്നെ നോക്കി. ഇപ്പോഴത് ഓട്ടം നിർത്തി പെട്ടിയുടെ മൂലയിൽ പതുങ്ങിയിരിക്കുകയാണ്. പാവം!

കുറെ കഴിയുമ്പോൾ വെയിലുമൂക്കും. വെയിലുകൊണ്ട് എലിയുടെ തലയും പുറവുമെല്ലാം പൊള്ളി... എന്നിട്ടും ജീവനുണ്ടെങ്കിൽ പിന്നെ വെള്ളത്തിൽ മുക്കി, ശ്വാസം മുട്ടിച്ച്.... മുമ്പൊരിക്കൽ കുളത്തിൽ നീന്തൽ പഠിക്കുമ്പോൾ മുങ്ങി, ശ്വാസംമുട്ടി, കൈകാലിട്ടടിച്ച്...

ഹോ!

ശരിക്കും ഓർമയുണ്ടത്. അങ്ങനെ നോക്കിയിരിക്കെ അവനു ചുണ്ടെലിയോടുള്ള സഹതാപം കൂടിക്കൂടി വന്നു. അവൻ എലിപ്പെട്ടിയുടെ വാതിലിൽ വിരലമർത്തി. അതുതുറന്നതും ചുണ്ടെലി ജീവനും കൊണ്ട് പുറത്തേക്കോടി. കുറെ ദൂരം ചെന്ന ശേഷം അതു തിരിഞ്ഞു നിന്നു ചിലച്ചു. പിന്നെ കൂടുതൽ വേഗത്തിൽ ഓടി. ചുണ്ടെലി തന്നോട് നന്ദി പറയുകയാണോ എന്നവൻ സംശയിച്ചു.

വലിയൊരു ഭാരമൊഴിഞ്ഞപോലെ തോന്നി അവന്. ചുണ്ടെലിയെക്കുറിച്ച് അച്ഛൻ ചോദിക്കുമ്പോൾ എന്തു പറയുമെന്നൊന്നും അവനപ്പോൾ ചിന്തിച്ചതേയില്ല.

**എലിപ്പെട്ടിയെക്കുറിച്ച് അവൻ ഒരുപാടു കേട്ടിട്ടുണ്ട്. പക്ഷേ, നേരിൽ കാണുന്നത് ഇതാദ്യം. കനംകുറഞ്ഞ ഇരുമ്പുകമ്പികൾ വളച്ച് ഒരു കൊച്ചുവീടുപോലെ. ആദ്യമൊരു കൗതുകം തോന്നിയെങ്കിലും തന്റെ ചങ്ങാതിയെ കുടുക്കാനുള്ളതാണ് ഇതെന്നോർത്തപ്പോൾ അവന്റെ മുഖം വാടി.**

## രചനകൾ ക്ഷണിക്കുന്നു

തളിര് മാസികയിലേക്ക് രചനകൾ ക്ഷണിക്കുന്നു. പത്തുവയസ്സിനും പതിനെട്ടുവയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കിണങ്ങുന്ന സൃഷ്ടികളാണ് അയക്കേണ്ടത്. കഥ, കവിത, ശാസ്ത്രലേഖനം, യാത്രാവിവരണം, കാർട്ടൂൺ, വിജ്ഞാനലേഖനം, ലഘുനാടകം, സ്വതന്ത്രപുനരാഖ്യാനം തുടങ്ങിയവ അയയ്ക്കാം. മൗലികരചനകൾ ആയിരിക്കണം. പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിൽ അറിയിക്കുന്നതാണ്. *ഇ-മെയിൽ* - thaliru@ksicl.org

# കണ്ടുപിടുത്തം

എം കൃഷ്ണദാസ്

നാലാം പീര്യേഡ് ക്ലാസിലെ വിക്രസുകുട്ടികളുൾപ്പടെ മുക്കാൽപങ്കും ഗ്രൗണ്ടിൽ പോയ സുവർണ്ണാവസര ത്തിലാണ് ജനറ്റിന്റെ ഹർഡിൽസ്ചാട്ടം ഉണ്ടാ യത്.

ഇരുമ്പുതട്ടികയോടു ചേർത്തിട്ട വികൃതിപ്പി ള്ളാരുടെ ബഞ്ചിലും ഡസ്ക്കിലും ഞങ്ങളാരും തൊടാറില്ല. പിന്നെ, അതാവും കംപ്ലയിന്റ്. ഇടയ്ക്കിടക്ക് മീറ്റിംഗ് നട ക്കുന്ന ഹാളിന്റെ പകുതി യാണ് ഞങ്ങളുടെ ക്ലാസ്. അതുകൊണ്ട് ഞങ്ങളുടെ ക്ലാസിൽ രണ്ടു ഫാനുണ്ട്. അതിൽ ഒന്നിന്റെ ചുവട്ടി ലാണ് ഞങ്ങളുടെ മൂന്ന് ഡസ്ക്കും ബഞ്ചും. അതിലാണ് ജനറ്റിന്റെ ഹർഡിൽസ്! അകലവും ഉയരവും തടസവും നിമിത്തം ഞങ്ങളെല്ലാം കണ്ടു നിന്നതേയുള്ളു.

ജനറ്റ് ബ്ലാക്ക്ബോർഡി നടുത്തുനിന്നും ആഞ്ഞ് ഓടിവന്ന് ആദ്യഡസ്ക്കിനു മുകളിലൂടെ ഒന്നാം ബഞ്ചി ലേക്കു ചാടി, അടുത്ത ഡസ്ക്കിനെ മറികടന്ന്, രണ്ടാം ബഞ്ചിലേക്കു ചാടി, മൂന്നാം ഡസ്ക്കിനു മുകളിലൂടെ പിൻബഞ്ചിൽ





വര: ടി ആർ രാജേഷ്

തൊടാതെ നിലത്തേക്കു പതിച്ചു.

ഒരുനിമിഷം, അവൾ കുനിഞ്ഞിരുന്ന് എഴുന്നേറ്റു നോക്കിയത് ഹരിപ്രകാശ് മാഷ്ടെ മുഖത്തേക്കാണ്!

ജനറ്റിന്റെ ഓടിവരവും ഡസ്ക്കും ബെഞ്ചും താണ്ടിയുള്ള ചാട്ടവും കണ്ട് മിഴിച്ചു നിന്ന ഞങ്ങളാരും ഹരിപ്രകാശ് മാഷ്ടെ വരവറിഞ്ഞില്ല. കൈയിലെ പുസ്തകങ്ങൾ മേശമേൽവെക്കാൻ പോലും മെനക്കെടാതെ മാഷ് നേരെ ക്ലാസിനു പിറകിലേക്കു ചെന്ന്, ജനറ്റിന്റെ ചെവിയിൽ പിടുത്തമിട്ടു. ചെവിയും പിടിച്ച് അവളെ ക്ലാസിനു മുൻവശത്തേക്കു കൊണ്ടു വന്ന നേരത്താണ് കളിക്കാൻ പോയ പ്രജകൾ വിയർത്തു കുളിച്ചു വാതിൽക്കൽ ഹാജരായി, ഉൾച്ചിരിയോടെ നിന്നത്.

''മൂന്നു ഡസ്ക്കും ബഞ്ചും ചാടിയുള്ള നിന്റെയീ ചാട്ടം ഒന്നു പിഴച്ചാൽ എന്താവും കഥാന്നറിയ്യോ...? വല്ല കയ്യും കാലുമൊടിഞ്ഞ് ആശുപത്രീ കൊണ്ടോയാലും സമാധാനം പറേണ്ടതു ഞങ്ങളാ!''

ചെവിയിലെ പിടുത്തം വിട്ട് ,മാഷ് പുസ്തകം മേശപ്പുറത്തു വെച്ചുകൊണ്ട് ചോദിച്ചു.

ഉത്തരമറിയാത്തതു കൊണ്ടും ഹരിപ്രകാശ് മാഷ്ടെ ദേഷ്യം പരിചയമുള്ളതു കൊണ്ടും ജനറ്റ് മിണ്ടാതെ നിന്നു.

''അല്ലെങ്കിലും, നിനക്കിത്തിരി കളി കൂടുതലാണെന്ന് എല്ലാ ടീച്ചേർസും പറയുന്നുണ്ട്...''

മാഷ്ടെ തലയാട്ടിയുള്ള അനുവാദമനുസരിച്ചുകൊണ്ട് ക്ലാസിലേക്കു കയറിവന്ന കളിക്കൂട്ടം ബഞ്ചിൽ ചേക്കേറുന്നതിനിടയ്ക്കു ജനറ്റിനെ നോക്കി 'നിനക്കിതു വേണ' മെന്നു മാഷെക്കാണാതെ ആംഗ്യം കാട്ടി.

''നീ കഴിഞ്ഞാഴ്ച, ആ ഇരുമ്പുതട്ടികയിൽ കയറി അപ്പുറത്തക്കു ചാടിയോ, ജനറ്റ്...?'' മാഷ് കുറ്റപത്രം തുടരുകയാണ്.

ജനറ്റ് കുറ്റം നിഷേധിക്കാനും നിന്നില്ല. കാരണം അതും അതിലപ്പുറവും അവൾ ചെയ്തിട്ടുണ്ട്. ഇല്ലെന്നു പറഞ്ഞാൽ അവസാനബഞ്ചിലെ വികൃതിക്കൂട്ടം തെളിവു സഹിതം സാക്ഷിപറയുമെന്നതിനാൽ മിണ്ടാതെ നിൽക്കുന്നതാണ് സുരക്ഷിതമെന്ന് അവൾ തീരുമാനിച്ചു നിന്നു.

''ഇനിയൊരു കേസുകൂടി ഉണ്ടായാൽ നേരെ ടി സി തന്നുവിടും കേട്ടോ...'' മാഷ് ഭീഷണിയോടെ പാഠപുസ്തകം തുറന്നു.

'നിൽക്കണോ പോണോ' എന്നു സംശയിച്ചു നിന്ന ജനറ്റിനോട് കൂട്ടുകാരായ ഞങ്ങൾ കണ്ണുകൊണ്ടു ക്ഷണിച്ചതിൻ പ്രകാരം നടത്തം തുടങ്ങുന്നതിനു മുന്നേ, അവൾ മാഷെ ഒന്നു നോക്കിയെങ്കിലും മാഷ് അത് കണ്ടില്ലെന്നു നടിച്ചുകൊണ്ട് ബോർഡ് മായ്ക്കാൻ തുടങ്ങി. അവൾ വേഗം സ്വസ്ഥാനത്തേക്കു ചെന്ന് സ്വസ്ഥമായിരുന്നു.

പ്രശ്നം അവിടെ തീർന്നെന്നു സമാധാനിച്ചിരിക്കുമ്പോഴാണ് ആറാമത്തെ പീര്യേഡ് പ്യൂണിനെ വിട്ട് ജനറ്റിനെ ഓഫീസിലേക്കു വിളിപ്പിച്ചത്.

വലിയ മേശയ്ക്കപ്പുറത്ത് ഗാന്ധിജിയുടെ എണ്ണച്ഛായാചിത്രത്തിനു കീഴെ മറ്റൊരു ഗാന്ധി എന്നതുപോലെ തോന്നിക്കുന്ന, അശേഷം തലമുടിയില്ലാത്ത ഹെഡ്മാസ്റ്റർ കട്ടിക്കണ്ണടയിലൂടെ ജനറ്റിന്റെ കയറിച്ചെല്ലൽ നോക്കിയിരിക്കുന്നു. തൊട്ടടുത്ത് ഗൗരവഭാവത്തിൽ ഹരിപ്രകാശ് മാഷും.

പ്രശ്നം അവിടെ തീർന്നെന്നു സമാധാനിച്ചിരിക്കുമ്പോഴാണ് ആറാമത്തെ പീര്യേഡ് പ്യൂണിനെ വിട്ട് ജനറ്റിനെ ഓഫീസിലേക്കു വിളിപ്പിച്ചത്. വലിയ മേശയ്ക്കപ്പുറത്ത് ഗാന്ധിജിയുടെ എണ്ണച്ഛായാചിത്രത്തിനു കീഴെ മറ്റൊരു ഗാന്ധി എന്നതു പോലെ തോന്നിക്കുന്ന, അശേഷം തലമുടിയില്ലാത്ത ഹെഡ്മാസ്റ്റർ കട്ടിക്കണ്ണടയിലൂടെ ജനറ്റിന്റെ കയറിച്ചെല്ലൽ നോക്കിയിരിക്കുന്നു. തൊട്ടടുത്ത് ഗൗരവഭാവത്തിൽ ഹരിപ്രകാശ് മാഷും.

''ജനറ്റ് തിങ്കളാഴ്ച ഒരിടം വരെ പോണം.''

പേടി നിമിത്തം, എവിടേക്കെന്നു ചോദിക്കാൻ അവൾക്കു നാവു പൊങ്ങിയില്ല.

''വാഴമ്പുറം സ്ക്കൂളിലാണ് സബ്ജില്ലാ കായികമേള. അതിൽ ഹൈജംപിന് നമ്മുടെ സ്ക്കൂളീന്ന് മോളാ പങ്കെടുക്ക്ണ് ട്ടോ... പക്ഷേ ക്ലാസിൽ വേണ്ട, ഇനി ഗ്രൗണ്ടിൽ മതി പ്രാക്റ്റീസ്!''

അതുവരെ ഗൗരവപ്പെട്ടു നിന്ന ഹരിപ്രകാശ്മാഷ്ടെ മുഖത്ത് ഒരു പുഞ്ചിരി വിരിയുന്നതു കണ്ട്, ജനറ്റിനും ചിരിക്ക വയ്യെന്നായി. അവളും ചിരിച്ചു!

നാടോടിക്കഥ
(ചിലി)

# തലതൊട്ടപ്പൻ

**ജോൺ സാമുവൽ**

ചിലിയിലെ ഉൾനാടൻ പ്രദേശമായ പ്യൂബൊസിൽ പണ്ടൊരിക്കൽ ഒരു കൃഷിക്കാരൻ ജീവിച്ചിരുന്നു. സാധുവായ മനുഷ്യൻ. അന്യരെ സഹായിക്കുന്നതിൽ എപ്പോഴും സന്തോഷം കണ്ടെത്തിയിരുന്ന ആൾ. തന്റേതായ ചെറിയ കൃഷിഭൂമിയിൽ അത്യാവശ്യം വേണ്ട സാധനങ്ങൾ വിളയിച്ച് ഉപജീവനം നടത്തിപ്പോന്ന അയാളുടെ ഏകമകനായിരുന്നു അർടുറോ. മകനെ അയാൾ ജീവനുതുല്യം സ്നേഹിച്ചിരുന്നു. ജീവിതത്തെ എങ്ങനെ സ്നേഹിക്കണമെന്ന് അയാൾ മകനെ പഠിപ്പിച്ചിരുന്നു. മകനോട് അയാൾ പറഞ്ഞു:

''അത്ഭുതങ്ങൾ നിറഞ്ഞതാണീ ലോകം... നമ്മുടെ കണ്ണുകൾ തുറന്നുപിടിച്ച് അവ കണ്ടെത്തണമെന്നു മാത്രം.''

അർടുറോയ്ക്ക് പത്തു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. അവൻ ലോകത്ത് ഏകനായി. സ്വന്തം കൃഷിയിടം തീരെ ചെറുതായിരുന്നതിനാൽ അത് എങ്ങനെ നടത്തിക്കൊണ്ടുപോകണമെന്ന് അവനു വ്യക്തമായി അറിയാമായിരുന്നു. ആത്മാർത്ഥമായി ജോലിയെടുക്കാൻ ചെറുപ്പത്തിലേ ശീലിച്ച അർടുറോ ഇടയ്ക്കിടെ തൊട്ടടുത്തുള്ള വലിയ കൃഷിക്കാരുടെ സ്ഥലങ്ങളിലും ജോലി ചെയ്തിരുന്നു.

ഒപ്പം ജോലി ചെയ്തിരുന്ന ജോർജിന് എപ്പോഴും അർടുറോയോട് മനസ്സിൽ അസൂയയായിരുന്നു. സ്വതവേ മടിയനായ ജോർജിന് നന്നായി അധ്വാനിക്കുന്ന അർടുറോയോട് അസൂയ തോന്നുക സ്വാഭാവികമാണല്ലോ. ജോലിക്കിടെ തന്റെ സുഹൃത്തുക്കളോട് അച്ഛൻ നൽകിയ ഉപദേശം അർടുറോ ആവർത്തിച്ചിരുന്നു.

'കണ്ണുകൾ തുറന്നുപിടിച്ച് അത്ഭുതങ്ങൾക്കായി കാക്കുക..'

ഈ സിദ്ധാന്തം ഉടമയായ കർഷകനു നന്നേ ബോധിച്ചു. അർടുറോക്ക് മികച്ച പണിയും അതിനുതക്ക കൂലിയും കൊടുക്കാൻ ഉടമ തയ്യാറായി. ഇതാണ് ജോർജിന് അർടുറോയോട് അസൂയ തോന്നാനുണ്ടായ പ്രധാന കാരണം. എങ്ങനെയെങ്കിലും അർടുറോയെ അവിടെ നിന്നു ചാടിക്കുവാനുള്ള ശ്രമം അയാൾ തുടങ്ങി.

ഒരുദിവസം ആടിനെ കറന്നെടുത്ത പാല് കളപ്പുരയുടെ തറയിലാകെ ഒഴുകിപ്പരന്നു



വര: അരുണ ആലഞ്ചേരി

കിടക്കുന്നത് ഉടമ കണ്ടു. അടുത്തുനിന്നിരുന്ന ജോർജിനോട് അയാൾ ചോദിച്ചു:

“ആരാണിത് ചെയ്തത്?”

ജോർജ് തലകുനിച്ചു നിന്നു.

“നിങ്ങളാണോ?”

“അല്ല.”

“പിന്നെ?”

പറയാനാവില്ല എന്ന അർത്ഥത്തിൽ ജോർജ് തലയാട്ടി.

“ആരാണിത് ചെയ്തതെന്നു പറഞ്ഞില്ലെങ്കിൽ നിന്റെ കൈകാലുകൾ ഞാൻ വെട്ടിനുറുക്കും.”

അറച്ചറച്ച് ജോർജ് പറഞ്ഞു:

“എനിക്കത് പറയാനാവില്ല. പറഞ്ഞാൽ തീരെ ചെറുപ്പമായ അവനെ അങ്ങ് ജോലിയിൽ നിന്ന് പറഞ്ഞുവിടും.”

കർഷകന് ആളെ മനസ്സിലായി. അർടുറോ അല്ലേ പ്രതി എന്ന ചോദ്യത്തിനു മടിച്ചുമടിച്ച് ജോർജ് തലകുലുക്കി.

അർടുറോയെ ജോലിയിൽ നിന്നു പിരിച്ചുവിട്ടു. അവൻ പരാതിപ്പെട്ടില്ല. പ്രതിഷേധമൊന്നും കൂടാതെ അർടുറോ കണ്ണുകൾ തുറന്നുപിടിച്ച് കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത അത്ഭുതങ്ങൾക്കായി മറ്റു പ്രദേശങ്ങളിലേക്കു യാത്രയായി. യാത്രയ്ക്കിടയിൽ തന്നാലാവും വിധം ചെറിയ ചെറിയ ജോലികൾ ചെയ്ത് ഭക്ഷണത്തിനുള്ള വക കണ്ടെത്തിയിരുന്നു.

ജീവിതം അങ്ങനെ നീങ്ങുമ്പോഴാണ് ഒരുനാൾ ജോലി ചെയ്തു തളർന്ന് വളരെ നേരത്തെ തന്നെ അർടുറോ ഉറങ്ങിപ്പോയത്. ദീർഘനിദ്രയുടെ ഏതോ ഒരു ഘട്ടത്തിൽ ഒരു നെരിപ്പോടിനരികെ ഇരുന്ന് തീകായുന്ന ഒരു മുത്തശ്ശിയെ അർടുറോ സ്വപ്നം കണ്ടു. മുത്തശ്ശി പറഞ്ഞു:

ജീവിതം അങ്ങനെ നീങ്ങുമ്പോഴാണ് ഒരുനാൾ ജോലി ചെയ്തു തളർന്ന് വളരെ നേരത്തെ തന്നെ അർടുറോ ഉറങ്ങിപ്പോയത്. ദീർഘനിദ്രയുടെ ഏതോ ഒരു ഘട്ടത്തിൽ ഒരു നെരിപ്പോടിനരികെ ഇരുന്ന് തീകായുന്ന ഒരു മുത്തശ്ശിയെ അർടുറോ സ്വപ്നം കണ്ടു.

“ഇനിയുള്ള യാത്രകൾക്കിടയിൽ ഒരുനാൾ തീർത്തും അപരിചിതനായ ഒരു വ്യക്തിയെ നീ കണ്ടുമുട്ടും. അയാൾ എന്താവശ്യപ്പെടുന്നുവോ അതുപോലെ ചെയ്തുകൊടുക്കണം.... യാതൊരെതിർപ്പും കൂടാതെ...”

സ്വപ്നം മുറിഞ്ഞു. ഉറക്കം അവസാനിച്ചു. അർടുറോ അതിരാവിലെ എഴുന്നേറ്റ് തന്റെ പതിവുയാത്ര ആരംഭിച്ചു. സ്വപ്നത്തിൽ ആ മുത്തശ്ശി പറഞ്ഞതാവും തനിക്കായി കാത്തുവെച്ചിരിക്കുന്ന അത്ഭുതമെന്ന് അർടുറോ മനസ്സിലോർത്തു.

അപ്പോൾ ആരോ പുറകിലൂടെ വേഗത്തിൽ ഓടിയെത്തുന്ന ശബ്ദം. തിരിഞ്ഞു നോക്കുമ്പോൾ അർടുറോയുടെ അടുത്തേക്ക് ഒരാൾ വേവലാതിപ്പെട്ട് ഓടി വരികയായിരുന്നു അയാൾ പറഞ്ഞു:

“താങ്കളെന്നെ ദയവായി സഹായിക്കണം. എന്റെ ഭാര്യ ഇപ്പോൾ പ്രസവിച്ചതേയുള്ളൂ. കുട്ടിയുടെ തലതൊട്ടപ്പനാവാൻ ആരുമില്ല. താങ്കൾ എന്നോടൊപ്പം വരണം. എന്റെ കുഞ്ഞിന്റെ തലതൊട്ടപ്പനാവണം...”

അർടുറോ തന്റെ കണ്ണുകളിൽ തൊട്ടുനോക്കി. രണ്ടും തുറന്നുതന്നെയിരിക്കുന്നു. ഇതാ താൻ അത്ഭുതം കാണുന്നു. തീർത്തും അവിശ്വസനീയമായ ഒരാവശ്യം. എങ്കിലും താനെപ്പോഴൊക്കെയോ ആഗ്രഹിച്ചതും ഇതുതന്നെയാണല്ലോ.”

അർടുറോ സമ്മതിച്ചു. അയാളോടൊപ്പം പോയി. സുന്ദരിയായ ഒരു കൊച്ചു പെൺകുഞ്ഞ്. ചുരുൾമുടിക്കിടയിൽ അവളുടെ മുഖം പൂർണ്ണചന്ദ്രനെപ്പോലെ തിളങ്ങുന്നു. അർടുറോ അവൾക്ക് തലതൊട്ടപ്പനായി.

അതോടനുബന്ധിച്ച് കുട്ടിയുടെ മാതാപിതാക്കൾ ഒരു വിരുന്നൊരുക്കിയിരുന്നു. ആഘോഷത്തിനുശേഷം അർടുറോയോടു സംസാരിച്ചുകൊണ്ടിരുന്ന കുട്ടിയുടെ അച്ഛൻ താൻ കാണാറുള്ള വിചിത്രമായ സ്വപ്നങ്ങളെപ്പറ്റി പറഞ്ഞു:

അതിലൊരു സ്വപ്നം ഇങ്ങനെയായിരുന്നു: ഗ്രാമാതിർത്തികൾക്കപ്പുറത്തെ മരുഭൂമിയിലൂടെ നടക്കുകയായിരുന്നു അയാൾ. കൈയിൽ ചണംകൊണ്ടുണ്ടാക്കിയ ഒരു പന്ത്. പന്ത് മുകളിലേക്ക് എറിയും. പിടിക്കും. അങ്ങനെ ഏതു ദിക്കിലേക്കാണോ പന്തു പോകുന്നത് അവിടേക്ക് അയാൾ നടന്നുകൊണ്ടേയിരിക്കും. ഒടുവിൽ ഒരു ഭൂതത്തിന്റെ അടുത്തെത്തും.

പിന്നെ ആഗ്രഹമുള്ളത്ര സ്വർണ്ണനാണയങ്ങൾ ഭൂതം സമ്മാനിക്കും.

അർടുറോ ചിരിച്ചു കൊണ്ടു പറഞ്ഞു.

ഭൂതങ്ങൾ എന്നൊരു കൂട്ടരില്ല. വിഡ്ഢിത്തം നിറഞ്ഞ സ്വപ്നം... എങ്കിലും അതിനു പുറകേ നമ്മൾ പോവുക തന്നെ വേണം... നമ്മുടെ കണ്ണുകൾ തുറന്നിരിക്കണം... അത്ഭുതങ്ങൾക്കായി കാക്കുകയും വേണം.

അർടുറോക്ക് അന്ന് ഉറങ്ങാൻ കഴിഞ്ഞില്ല. എന്തായിരിക്കാം ആ സ്വപ്നത്തിന്റെ അർത്ഥം? മരുഭൂമി... പന്ത്... സ്വർണ്ണനാണയങ്ങൾ... ഒന്നിനൊന്ന് പൊരുത്തമില്ലാത്ത കാര്യങ്ങൾ. എങ്കിലും അയാൾ പറഞ്ഞ മരുഭൂമിയിലേക്കാവാം അടുത്ത യാത്രയെന്ന് തീരുമാനമെടുത്ത് അർടുറോ ഉറങ്ങി.



അടുത്ത ദിവസങ്ങളിലൊന്നിൽ അർടുറോ മരുഭൂമി ലക്ഷ്യമാക്കി നടന്നു. കൈയിൽ ചണത്തിന്റെ ഒരു പന്തും. പന്തു മുകളിലേക്കെറിഞ്ഞു പിടിച്ച്, അതു നയിച്ച വഴിയിലൂടെ മരുഭൂമിയുടെ മധ്യത്തിലെത്തി.

അപ്പോൾ അതാ അവിടെ ഒരു ഭൂതം! അർടുറോ ഭൂതത്തിന്റെ അടുത്തെത്തി പറഞ്ഞു:

''ഞാൻ അർടുറോ. ഒരു സ്വപ്നമാണെന്നെ ഇവിടെയെത്തിച്ചത്. ഒരാൾക്കു നൽകുവാൻ താങ്കളുടെ കൈയിൽ കുറെ സ്വർണ്ണനാണയങ്ങളുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു.''

ഭൂതം അർടുറോയെ ഒരു ഗുഹയിലേക്കു കൊണ്ടുപോയി. അവിടെ ചാക്കിനുമുകളിൽ ചാക്കുകളിൽ സ്വർണ്ണനാണയങ്ങൾ. അവ കാട്ടിക്കൊണ്ടു ഭൂതം പറഞ്ഞു:

''ഇതു മുഴുവൻ താങ്കൾക്കുള്ളതാണ്. കൊണ്ടുപൊയ്ക്കോളൂ...''

അർടുറോ ഭൂതത്തിനു നന്ദി പറഞ്ഞു: ഭൂതം അപ്രത്യക്ഷമായി. സ്വർണ്ണനാണയങ്ങളടങ്ങിയ ചാക്കുകെട്ടുകൾകൊണ്ടുപോകാൻ ഒരു ഉന്തുവണ്ടി നിർമ്മിക്കുന്നതിനായി കുറച്ചുദിവസങ്ങൾ അർടുറോക്ക് ഗുഹയിൽ താമസിക്കേണ്ടിവന്നു. ഒടുവിൽ ഉന്തുവണ്ടി തള്ളി താൻ തലതൊട്ടപ്പനായ മകളുടെ വീട്ടിലെത്തി. സ്വർണ്ണനാണയങ്ങളുടെ ചാക്കുകെട്ടുകൾ കാണിച്ചുകൊണ്ട് അർടുറോ പറഞ്ഞു:

''ഇത് നമ്മുടെ സ്വത്താണ്. പ്രത്യേകിച്ചും എന്റെ മകൾക്കുള്ളത്. താങ്കൾ സ്വപ്നത്തിൽ കണ്ട സൗഭാഗ്യം!''

അവർ അതിശയിച്ചുപോയി. സൗഭാഗ്യത്തിന്റെ പകുതി അർടുറോക്കു തന്നെ നൽകിക്കൊണ്ട് അവർ പറഞ്ഞു:

''താങ്കൾ ഇല്ലായിരുന്നെങ്കിൽ ഞങ്ങൾക്കൊന്നും കിട്ടുമായിരുന്നില്ല. ഇത് താങ്കൾക്ക് അവകാശപ്പെട്ടതാണ്. ''

അർടുറോ അങ്ങനെ വലിയ സ്വത്തിനുടമയായി. എങ്കിലും യാത്രകൾ അവസാനിപ്പിച്ചില്ല. കണ്ണുകൾ രണ്ടും തുറന്നു പിടിച്ചുതന്നെ യാത്ര ചെയ്തുകൊണ്ടേയിരുന്നു. അവസാനമില്ലാത്ത ഒട്ടേറെ അത്ഭുതങ്ങൾ നിശ്ചയമായും അർടുറോയെ തേടിയെത്തിയിരിക്കണം.

# നഗര പിച്ചകം

ഇ ജിനൻ



വര: ടി ആർ രാജേഷ്

നഗരപാത-
വക്കിലൊരു
പിച്ചകത്തണൽ
അതിനു ചുറ്റു-
മുതിരുകയാ-
ണിതൾമിഴിപ്പൂക്കൾ.

ഇരുൾ മരത്തിൽ
നിന്നടർന്നു
വീണ താരക-
ത്തരിമണികൾ
പോലെ, യീ
വെളുത്ത വിസ്മയം.

വെറുതെയാണീ
ചിരിപൊഴിച്ചി-
ലെന്നറിയാതെ,
തുടരുകയാ-
ണീ വസന്ത
സൗഹൃദമിന്നും.

തണലതിനെ
ചുറ്റിയിട്ട്
പോയവരാരും
മണമറി-
ഞ്ഞതില്ലതിന്റെ
പകുതിയോളവും.

ഝടുതിയിൽ
നടന്നുപോയ
യാത്രികരാരും
കണ്ടതി-
ലതിന്റെ ചന്തം
കടുകിനോളവും.

നഗരമല്ലേ,
സമയമില്ലീ
നറു സുഗന്ധിയെ
പരിഗണിക്കാൻ
പരിചരിക്കാൻ
ഇവിടെയാർക്കുമേ.

രുചികളും
മണങ്ങളും
വിലയ്ക്കു വാങ്ങുവാൻ
കഴിയുമല്ലോ,
പറയരുതേ
പഴയ കാഴ്ചയെ.



# എനിക്കു കണ്ടക്ടറാകണം

അനുഭവം

**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**

ആറാം ക്ലാസിൽ പഠിക്കുമ്പോഴാണ്. അന്ന് ഭാസ്കരൻ സാർ ക്ലാസിൽ വന്നയുടൻ, എല്ലാവരും ബുക്കും പേനയുമെടുത്ത് എഴുന്നേറ്റു നിൽക്കാൻ പറഞ്ഞു. ഞങ്ങൾ അനുസരിച്ചു.

“ഞാൻ ചോദിക്കുന്ന ചോദ്യത്തിന്റെ ഉത്തരം എല്ലാവരും ബുക്കിൽ എഴുതണം. മറ്റുള്ളവരുടെ ബുക്കിൽ നോക്കരുത്.”

ഭാസ്കരൻ സാർ വടി മേശപ്പുറത്ത് അടിച്ചുകൊണ്ട് ഉറക്കെപ്പറഞ്ഞു.



ക്ലാസ് നിശ്ശബ്ദമായി.

“നിങ്ങൾക്ക് ആര് ആകണം?” സാർ ചോദ്യം പറഞ്ഞു.

ഇതുവരെ ആലോചിക്കാത്ത കാര്യമാണ്. നാട്ടിൻപുറത്തെ സർക്കാർ സ്കൂളിൽ അക്കാലത്തു പഠിക്കുന്ന കുട്ടികൾക്ക് ഈ വക കാര്യങ്ങളൊന്നും ആലോചിക്കേണ്ടി വന്നിരുന്നില്ല.

സാർ ചോദ്യം ആവർത്തിച്ചു.

അടി പേടിച്ച് എല്ലാവരും ബുക്കിൽ എഴുതുന്നു. ഞാനും എഴുതി. സാർ നിർദേശിച്ചതുപോലെ ബുക്ക് മടക്കി യഥാസ്ഥാനത്തിരുന്നു.

“ഇനി ഓരോരുത്തരും എഴുന്നേറ്റ് ബുക്ക് തുറന്ന് എഴുതിയത് ഉറക്കെ വായിക്കണം.” ഭാസ്കരൻ സാർ പറഞ്ഞു.

“ഡോക്ടറാവണം.”

“പൈലറ്റാകണം.”

“സാറാകണം.”

“പൂജാരിയാകണം.”

ഓരോരുത്തരും വായിക്കുന്നു. എന്റെ ഊഴമെത്തി.

“എനിക്കു കണ്ടക്ടറാകണം.” ഞാൻ വായിച്ചു.

കുട്ടികൾ ആർത്തു ചിരിച്ചു. ഞാൻ ശരിക്കും ചമ്മി. എല്ലാവരുടെയും വായന കഴിഞ്ഞ് സാർ എന്നെ വിളിച്ചു.

“എന്തുകൊണ്ടാണ് താൻ കണ്ടക്ടറാകണം എന്നെഴുതിയത്? ഉറക്കെപ്പറയൂ. എല്ലാവർക്കും കേൾക്കണം.”



വര: സി വി രഘു

ഞാൻ മടിച്ചുമടിച്ച് പറഞ്ഞു തുടങ്ങി.

''സാർ, ഒരു മണിക്ക് സെന്റ് തോമസ് ബസ്സു വരും. സ്കൂൾ വിട്ട് ഞങ്ങൾ കവലയിൽ ചെല്ലുമ്പോൾ ബസ്സ് ഞങ്ങളെ കാത്ത് അവിടെ കിടക്കും. അമ്മാവനാണ് ഡ്രൈവർ. അവരൊക്കെ ഊണുകഴിക്കാൻ കുട്ടപ്പൻ നായരുടെ ഹോട്ടലിൽ കയറും. ഞങ്ങൾ മൂന്നാലു പേർ വണ്ടിയിൽ കയറി ഹോൺ അടിക്കും. സ്റ്റിയറിങ് പിടിക്കും. ചരടു വലിച്ചു മണിയടിക്കും. കുറച്ചു കഴിയുമ്പോൾ അമ്മാവൻ മുറുക്കിച്ചുവപ്പിച്ചു വന്ന് സീറ്റിൽ കയറിയിരുന്ന് വണ്ടി സ്റ്റാർട്ടാക്കും. 'ഇറങ്ങിക്കോ, കണ്ടക്ടർ വരുന്നുണ്ട്.' എന്നു പറയും. കണ്ടക്ടർ വന്നു ബസ്സിൽ കയറി ചരടുവലിച്ച് രണ്ടു മണി അടിച്ചു, അമ്മാവൻ വണ്ടി വിട്ടു. അമ്മാവനെക്കാൾ കേമൻ കണ്ടക്ടറല്ലേ സാർ.''

സഹപാഠികൾ വീണ്ടും ഉറക്കെച്ചിരിച്ചു. ഭാസ്കരൻ സാർ വടി മേശപ്പുറത്ത് അടിച്ചു.

''എല്ലാവരും കയ്യടിക്കൂ.'' സാർ പറഞ്ഞു.

എല്ലാവരും കയ്യടിച്ചു.

''താൻ പോയിരുന്നോ.'' സാർ തോളിൽ തട്ടി.

ഞങ്ങളുടെ നാട് പുറം ദേശവുമായി ബന്ധപ്പെടുന്ന ഏകവാഹനമാണ് അന്ന് സെന്റ് തോമസ് ബസ്. അതിൽ യാത്ര ചെയ്യുന്നവരോടും, ഡ്രൈവർ, കണ്ടക്ടർ, കിളി എന്നിവരോടും എനിക്ക് ആരാധനയായിരുന്നു. അവരിൽ ഏറ്റവും കേമനായ കണ്ടക്ടർ ആകണം എന്ന ആഗ്രഹം ഞാൻ ആത്മാർഥമായി എഴുതിയതാണ്.

**ഞങ്ങളുടെ നാട് പുറംദേശവുമായി ബന്ധപ്പെടുന്ന ഏക വാഹനമാണ് അന്ന് സെന്റ് തോമസ് ബസ്. അതിൽ യാത്ര ചെയ്യുന്നവരോടും, ഡ്രൈവർ, കണ്ടക്ടർ, കിളി എന്നിവരോടും എനിക്ക് ആരാധന യായിരുന്നു. അവരിൽ ഏറ്റവും കേമനായ കണ്ടക്ടർ ആകണം എന്ന ആഗ്രഹം ഞാൻ ആത്മാർഥമായി എഴുതിയതാണ്.**

ആഗ്രഹം മനസ്സിൽ വേരുറപ്പിച്ചു വളർന്നു.

പത്താം തരത്തിനു ശേഷമുള്ള പഠനം മറ്റു ദേശങ്ങളിലായി. കാലം വേഗത്തിൽ പോയി.

കെ എസ് ആർ ടി സി യിൽ കണ്ടക്ടർ ആയി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടി. അതിനുമുമ്പേ തന്നെ ഇഷ്ടപ്പെട്ട മറ്റൊരു ജോലിയിൽ പ്രവേശിച്ചതിനാൽ കണ്ടക്ടർ ജോലിക്കു പോയില്ല. കാലം മാറി വന്നപ്പോൾ, അറിവിന്റെ വ്യാപ്തി വലുതായപ്പോൾ ഇഷ്ടവും മാറി എന്നു ചുരുക്കം. എങ്കിലും ചെറുപ്പത്തിൽ മനസ്സിലുറച്ച ആഗ്രഹം സഫലമായി.

ഇനിയാണ് ഒരദ്ഭുതം സംഭവിക്കുന്നത്. തിരുവനന്തപുരത്ത് ജോലിക്കാരനായതിനുശേഷം നാട്ടിൽ ചെല്ലുമ്പോഴൊക്കെ സ്കൂളിൽ പഠിപ്പിച്ച അധ്യാപകരെ കണ്ടു വണങ്ങുക പതിവായി. ഗുരുക്കന്മാരുടെ അനുഗ്രഹം കൊണ്ടു മാത്രമേ നമുക്കു വളർച്ചയുണ്ടാകൂ എന്ന് അഞ്ചാം വയസ്സിൽ പഠിച്ചതാണ്.

ഒരിക്കൽ ഞാൻ സുഹൃത്തുക്കളുമൊത്ത് ഭാസ്കരൻ സാറിനെ കാണാൻ മലഞ്ചെരിവിലുള്ള വീട്ടിലെത്തി. വീട്ടിനുള്ളിൽ കടക്കുമ്പോൾ കണ്ട കാഴ്ച ദയനീയമായിരുന്നു. നട്ടെല്ലിനു കാൻസർ ബാധിച്ച് ശരീരം അനക്കാനാവാതെ, ഉണങ്ങിച്ചുളിഞ്ഞ മുഖവുമായി കണ്ണുമിഴിച്ച് ഭാസ്കരൻ സാർ കിടക്കുന്നു. ആളുകളെ തിരിച്ചറിയുന്നില്ല. മുഖത്ത് ഭാവഭേദമേതുമില്ല.

ഞങ്ങൾ സാറിന്റെ കാലിൽ തൊട്ടു തൊഴുതു. ഗുരുപത്നി നീക്കിയിട്ടുതന്ന കസേരയിൽ സാറിന്റെ മുഖത്തുതന്നെ നോക്കി ഞാൻ കുറെ സമയം ഇരുന്നു. കാലിൽ തലോടി.

''സാറേ, സാറേ...'' ഞാൻ വിളിച്ചു.

ഇമ വെട്ടുന്നതായി തോന്നി.

പെട്ടെന്ന് പഴയ അനുഭവം ഓർമ്മയിലെത്തി. ''സാർ ഓർക്കുന്നുണ്ടോ? 'എനിക്കു കണ്ടക്ടറാകണം.' എന്ന് ഞാൻ എഴുതിയതും കുട്ടികൾ ആർത്തുചിരിച്ചതുമൊക്കെ...''

വാക്കുകൾ വാക്യങ്ങൾ ആവർത്തിച്ച് ഞാൻ പൂർവ കാല വൃത്താന്തം നാടകീയമായി അവതരിപ്പിച്ചു.


അദ്ഭുതമെന്നു പറയട്ടെ, സാറിന്റെ മുഖത്ത് ചിരി പടർന്നു. ഒരു തുള്ളിക്കണ്ണീർ വലതു കണ്ണിൽ നിന്ന് അടർന്നുവീണു. പിന്നെ, വാക്കുകൾ എന്റെ തൊണ്ടയിൽ തടഞ്ഞു നിന്നു. കണ്ണുകൾ നിറയുന്നു എന്നു മനസ്സിലാക്കി ഞാൻ എഴുന്നേറ്റു. തൊഴുതു പുറത്തിറങ്ങി.

ഭാസ്കരൻ സാറിന്റെ പത്നി കരഞ്ഞുകൊണ്ടുവന്നു പറഞ്ഞു. ''കുഞ്ഞുങ്ങളേ, നാലു മാസമായിട്ട് സാർ ഇന്നാണൊന്നു പുഞ്ചിരിച്ചത്.''

യാത്ര പറയാൻപോലും ആവാതെ ഞങ്ങൾ പടിയിറങ്ങി നടന്നു. ഭാസ്കരൻ സാർ അകക്കണ്ണായി മാറി.

# വയലേലയുടെ വിരുന്ന്

പി കെ ഗോപി




വര: സുധീഷ് കോട്ടേമ്പ്രം

കിളിക്കുഞ്ഞിൻ
വളർത്തമ്മ
വഴിക്കെങ്ങോ കോരിവയ്ക്കും
മഴത്തുള്ളി നമുക്കായി
കുളിർ പെയ്യുന്നു.

ഉദിക്കുമ്പോൾ
പറന്നെത്തും
വെളിച്ചത്തിൻ ചിറകിന്മേൽ,
ചിരിക്കുന്നോർ മഴവില്ലിൻ
നിറം പൂശുന്നു.

വരയ്ക്കുമ്പോൾ
വിടരുന്ന
മലർ കണ്ടു കൊതിയേറി
ശലഭങ്ങൾ മധുതേടി
പറന്നെത്തുന്നു.

അതുകണ്ടാ-
ലൊരുനുള്ളു
കവിതയ്ക്കായ് കൊതിക്കുന്ന
കടലാസും തൂലികയും
നിനക്കില്ലെന്നോ!

വരൂ...വരൂ...
മനസ്സിലെ
മൗനതാളമുരുവിടും
മലയാളച്ചൊല്ലുകൾക്ക്
മരണമില്ല!

വരൂ... വരൂ...
കഥയിലെ
മഹാബലിയെഴുന്നെള്ളും
തിരുവോണപ്പൂക്കളങ്ങൾ
മാഞ്ഞു പോകില്ല.
വരൂ... വരൂ...
വയലേല
കതിർക്കറ്റപ്പൊലിയോടെ
വിരുന്നൂട്ടാൻ വിളിക്കുന്നു
നീ വരുന്നില്ലേ?

# കുട്ടികളെ കളിപഠിപ്പിച്ച അപ്പൂപ്പൻ

**ബി. മുരളി**



വര: സിമി മുഹമ്മ

ഒരിടത്ത് ഒരു അപ്പൂപ്പനും അദ്ദേഹത്തിന്റെ വീട്ടു പരിസരത്തു കുറേ കുട്ടികളും ഉണ്ടായിരുന്നു. കുട്ടികൾ വലിയ ക്രിക്കറ്റു കളിഭ്രാന്തന്മാർ ആയിരുന്നു. ഈ അപ്പൂപ്പൻ ഉച്ചയ്ക്ക് ഒന്ന് ഉറങ്ങാൻ നേരത്തായിരിക്കും കുട്ടികളുടെ കളിയും കൂക്കുവിളിയും. അങ്ങേരുടെ ഉറക്കം സമ്പൂർണമായി മുടങ്ങി.

ഇവൻമാരോടു പറഞ്ഞിട്ട് ഒരു കാര്യവുമില്ലന്ന് അപ്പൂപ്പന് അറിയാം. അത്രയ്ക്ക് അഹങ്കാരം പിടിച്ച പിള്ളേരായിരുന്നു അവർ. അപ്പൂപ്പൻ പക്ഷേ ഇങ്ങനെ ചെയ്തു.

ഒരു ദിവസം അദ്ദേഹം അവരെ വിളിച്ചു പറഞ്ഞു. ''എല്ലാ ദിവസവും ഉച്ചയ്ക്കു നിങ്ങൾ എല്ലാവരും കൃത്യസമയത്ത് ക്രിക്കറ്റ് കളിക്കണം. 50 രൂപ തരും ഞാൻ.''

പിള്ളേർ 50 രൂപയും വാങ്ങി കളി ഗംഭീരമാക്കി.

പിറ്റേന്ന് അപ്പൂപ്പൻ പറഞ്ഞു: ''എന്റെ കൈയിൽ ഇന്ന് 40 രൂപയേ ഉള്ളൂ. ഇതാ നിങ്ങൾ പോയി കളിച്ചോളൂ.''

പിന്നെപ്പിന്നെ അപ്പൂപ്പൻ കളിയുടെ കൂലി കുറച്ചു.

ഒരാഴ്ച കഴിഞ്ഞപ്പോൾ കളിക്കാൻ വന്ന പിള്ളേരോട് അപ്പൂപ്പൻ പറഞ്ഞു: ''എന്റെ കൈയിൽ കാശു വളരെ കുറവാണ്. ഒരു അഞ്ചുരൂപ തരും. നിങ്ങൾ കളിക്കണം.''

''ഹു! അഞ്ചു രൂപയ്ക്കു കളിക്കാനോ? ഞങ്ങളെ കിട്ടില്ല.'' കുട്ടികൾ അപ്പൂപ്പനുമായി കലഹിച്ച് ഇറങ്ങിപ്പോയി. അപ്പൂപ്പൻ സുഖമായി പിന്നീട് ഉച്ചയുറക്കം ഗംഭീരമാക്കി.

# കൂടങ്കുളം

**ജി ആർ ഇന്ദുഗോപൻ**

"വാട്ട് ദ് ഹെൽ ഈസ് ദിസ് കൂടങ്കുളം...'' പപ്പ ഫോണിൽ അലറി വിളിക്കുന്നതു കേട്ടാണ് മനു ശ്രദ്ധിക്കുന്നത്. മറുഭാഗത്തു നിന്നുള്ള മറുപടി പപ്പയെ തൃപ്തിപ്പെടുത്തിയില്ല. പപ്പ പറഞ്ഞു. "അതിന് ഞാനെന്തു വേണം. എന്റെ സൺ നയൺത്തിലാണ്. അവന്റെ ഫ്രണ്ട്സൊക്കെ ഇവിടാ. നാളെ പോകണമെന്ന് പറഞ്ഞാ...''

എന്താ പ്രശ്നമെന്നു മനുവിനു മനസ്സിലായില്ല. പക്ഷേ പപ്പ പറഞ്ഞത് ന്യായമാണെന്ന് അവന് അറിയാം. അവൻ സ്കൂളിലെ ക്വിസ് ടീമിന്റെ ക്യാപ്ടനാണ്. ന്യൂക്ലിയർ സയൻസിലാണ് അവൻ സ്പെഷലൈസ് ചെയ്യുന്നത്. അങ്ങനെ ടീമിലെ ഓരോരുത്തരും ഓരോ വിഷയത്തിൽ സ്പെഷലൈസ് ചെയ്യേണ്ടതുണ്ട്. വളരെ കഷ്ടപ്പെട്ടാ ഒരു ടീം ഉണ്ടാക്കിയെടുത്തത്. അതിനെ ബാധിക്കുന്ന ഇഷ്യൂവാണ്.

"പപ്പ പിന്നെയും പുലമ്പുകയാണ്. എനിക്കു മനസ്സിലാകുന്നില്ല. കൂടങ്കുളം... കൂടങ്കുളം.''

മനു അമ്മയോടു പറഞ്ഞു: "മമ്മീ, ഐ നോ വാട്ട് ഈസ് കൂടങ്കുളം.''

പപ്പയ്ക്ക് അത് അറിഞ്ഞുകൂടാത്തതിൽ അവന് അദ്ഭുതം തോന്നി. ഇതൊന്നും അറിയാതെ യാണോ പപ്പയ്ക്ക്, അഞ്ചുലക്ഷം രൂപ മാസം ശമ്പളം കിട്ടുന്നത്. ഈ തലസ്ഥാനത്ത് ഏറ്റവുമധികം ശമ്പളം കിട്ടുന്ന ഒരു പത്തു പേരിൽ ഒരാൾ നിന്റെ പപ്പയായിരിക്കുമെന്ന് രാത്രിയിൽ അൽപസ്വൽപം ഡ്രിങ്ക് ചെയ്തിട്ട് പപ്പ





വര: സുനിൽ അശോകപുരം

ഇടയ്ക്കിടെ അഹങ്കാരം പറയാറുള്ളതാണ്.

ഡ്രിങ്കിങ് നല്ലതല്ലെന്ന് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. അപ്പോൾ പപ്പ പറയും. 'ടീം ലീഡറും സീനിയർ വൈസ് പ്രസിഡന്റും എന്ന നിലയിൽ ടീമിനെ ഒന്ന് പ്രചോദിപ്പിക്കാൻ നമ്മളൊന്ന് ചേർന്നു കൊടുത്തേ പറ്റൂ. ഇത് അങ്ങനത്തെ ഒരു വേൾഡാണ്.'

അപ്പോൾ മനു മനസ്സിൽ പറയും. 'എങ്കിൽ ഞങ്ങളുടെ ക്വിസ് ടീമിനെ ഇൻസ്പയർ ചെയ്യാൻ ഞാനും ഡ്രിങ്ക് ചെയ്യേണ്ടതല്ലേ. നാഷനൽ വരെ ടീമിനെ നയിച്ച എനിക്ക് ടെൻഷനില്ലേ.'

പക്ഷേ മനു അതൊന്നും പറയാൻ പോയില്ല.

പപ്പ ആകെ അസ്വസ്ഥനായിരുന്നു. പപ്പ മമ്മിയോടു പറഞ്ഞു:

''നമുക്ക് ഷിഫ്റ്റു ചെയ്യേണ്ടി വരും.''

''നമുക്ക് മീൻസ്...'' മമ്മി ചോദിച്ചു.

''മീൻസ്... ദ ഹോൾ ഫാമിലി... ഐ ഐം ബീയിങ് ട്രാൻസ്ഫേഡ്... പലർക്കും സന്തോഷമാ... എറണാകുളമെന്ന് പറഞ്ഞപ്പോ... അവിടെന്താ തേനും പാലുമാണോ ഒഴുകുന്നത്.''

മനു മനസ്സിൽ പറഞ്ഞു: 'എറണാകുളത്തേക്ക് പോകേണ്ടി വരും. അത്രയല്ലേയുള്ളൂ അതിനെന്താ... ഫ്രണ്ട്സ് അവിടെയും കിട്ടും. ചുമ്മാതെ എന്റെ പേരെന്തിനാ വലിച്ചിഴയ്ക്കുന്നത്.'

മമ്മിയും ഒന്നും പറഞ്ഞില്ല. അതിന്റെ കാരണം മനുവിനും അറിയാം. പപ്പയുടെ സ്വന്തം സ്ഥലം തിരുവനന്തപുരമാണ്. ഭയങ്കര നൊസ്റ്റാൾജിയ ആണ്. പക്ഷേ മമ്മി കോട്ടയംകാരിയായിട്ടും തിരുവനന്തപുരത്തെ ഗവ. എൻജിനീയറിങ് കോളേജിൽ പഠിച്ചതാണ്. നല്ല മാർക്കും വാങ്ങി പാസായി. മമ്മി എന്നിട്ടും ഒരു കാര്യത്തിനും കടുംപിടിത്തം പിടിക്കാറില്ലല്ലോ. എവിടായാലും നമ്മള് ജീവിക്കണം.

മമ്മിയോടു പപ്പ പറഞ്ഞിട്ടുണ്ട്.

'ഒരു ലക്ഷം രൂപയെങ്കിലും ഇല്ലെങ്കിൽ ചുമ്മാ നീ ജോലിയെന്നു പറഞ്ഞ് സമയം മെനക്കെടുത്തരുത്. പ്ലീസ്. കുട്ടിയുടെ പഠിത്തവും നോക്കിയിരിക്ക്.'

കളയുന്ന കാര്യം പല തവണ പപ്പ പറയുകയും വീട്ടിൽ വഴക്കുണ്ടാക്കുകയും ചെയ്തു. കഴിഞ്ഞ വർഷം മനുവിന്റെ എയ്റ്റ്ത്തിന്റെ ഫൈനൽ എക്സാമിനിടയിലാണ് അടി മൂത്തത്.

വീട്ടിൽ സമാധാനമുണ്ടാകട്ടെയെന്ന് കരുതിയാകണം മമ്മി പറഞ്ഞു. ''ഓക്കെ പക്ഷേ എനിക്ക് ഒരു ലക്ഷം രൂപ വീതം മാസം നിങ്ങളു തരുമോ?''

''വൈ നോട്ട്.''

അങ്ങനെയാണ് അത് അടങ്ങിയത്. ആ പണം കൊണ്ട് അമ്മ സമാധാനപരമായി വീടു നയിക്കുന്നു. കുറച്ചു പൈസ പപ്പ

**മമ്മിക്കു ദേഷ്യമുണ്ടായിരുന്നു ആദ്യമൊക്കെ. കാരണം ആദ്യം മമ്മിക്കായിരുന്നു കൂടുതൽ ശമ്പളമുള്ള ജോലി. അന്ന് മമ്മി പറയുന്നത് മമ്മിക്ക് ഒരു വിലയുണ്ടായിരുന്നു എന്നാ. പിന്നെ ഈ ജോലി കിട്ടി. ഭയങ്കരമായി ശമ്പളം കൂടിയേ പിന്നാ പപ്പ ഈ ലക്ഷങ്ങളുടെ കണക്കു പറയുന്നത്.**

മമ്മിക്കു ദേഷ്യമുണ്ടായിരുന്നു ആദ്യമൊക്കെ. കാരണം ആദ്യം മമ്മിക്കായിരുന്നു കൂടുതൽ ശമ്പളമുള്ള ജോലി. അന്ന് മമ്മി പറയുന്നത് മമ്മിക്ക് ഒരു വിലയുണ്ടായിരുന്നു എന്നാ. പിന്നെ ഈ ജോലി കിട്ടി. ഭയങ്കരമായി ശമ്പളം കൂടിയേ പിന്നാ പപ്പ ഈ ലക്ഷങ്ങളുടെ കണക്കു പറയുന്നത്.

മമ്മിയാണ് പപ്പയേക്കാൾ എത്രയോ മിടുക്കിയെന്ന് മനുവിനു തോന്നിയിട്ടുണ്ട്. പക്ഷേ എന്താണോ എന്തോ? മമ്മി തോൽവി സമ്മതിച്ചു. തിരുവനന്തപുരത്ത് ഒരുലക്ഷം കിട്ടുന്ന പണി എളുപ്പമല്ല.

അങ്ങനെ പണി അറിയാതെ ചിട്ടിക്കു കെട്ടുന്നു. ചന്തയിൽ പോകുന്നു. സാധാരണ ഒരു ഇടത്തരം വീട്ടമ്മയെ പോലെ പോകുന്നു. പപ്പയാകട്ടെ ഫൈവ് സ്റ്റാർ ഹോട്ടലിലല്ലാതെ കയറാറില്ല. കാറുകൾ മാറ്റുന്നു. മുന്തിയ മൊബൈലുകൾ വിദേശത്തു നിന്ന് എത്രയും പെട്ടെന്ന് വരുത്താൻ മറ്റുള്ളവരുമായി മത്സരിക്കുന്നു. വാട്ട്സ് ആപ്പിൽ സദാ അമേരിക്കയിലെ കമ്പനി മുതലാളിമാരുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും കിട്ടിയിട്ടും മാസാവസാനം ദാരിദ്ര്യമാണ്. ഇതിനിടയിലാണ് കൂടങ്കുളം വന്നു കേറുന്നത്.

പപ്പ ഓഫീസിലെ മറ്റൊരു

സഹപ്രവർത്തകനെ വിളിച്ചു തുടങ്ങി. 'എനിക്കറിയാം ഇത് കൂടങ്കുളം ഒരു കൂടം കമിഴ്ത്തി വച്ചിരിക്കുന്നതു പോലെയുള്ള സ്ഥലമല്ലേ. അതിങ്ങനെ നമ്മുടെ മണ്ടയിലോട്ട് ചായുമെന്ന് അറിഞ്ഞോ. പണ്ട് മീൻകാരന്മാരെല്ലാം കൂടി വള്ളത്തിൽ കേറി അങ്ങോട്ട് കേറി, അലമ്പുണ്ടാക്കിയ ഒരു സ്ഥലമാ. ഇവന്മാർക്ക് തലയ്ക്ക് സുഖമില്ലേ എന്ന് വിചാരിച്ചതാ. എന്ത് വികസനം വന്നാലും കുറേയെണ്ണമുണ്ടാകും... അലമ്പാക്കാൻ. അപ്പോ അവരു പറയുന്നതിലും കാര്യമുണ്ടോ എന്ന് തോന്നുകയാ...'

പപ്പ ഫോൺ വച്ചിട്ട് എന്നോട് ചോദിച്ചു: ''മോനേ... നീ വലിയ സയൻസുകാരല്ലേ... ടാ ഈ ന്യൂക്ലിയർ റിയാക്ടർ പൊട്ടുമോ?''

''പൊട്ടീട്ടൊണ്ട്... ചെർനോബിൽ ദുരന്തമെന്ന് കേട്ടിട്ടില്ലേ...''

''ഇല്ല.''

പപ്പ സ്മാർട്ട് ഫോണെടുത്തു.

''വേണ്ട... നെറ്റീ നോക്കണ്ട. അത് യുഎസ്എസ്ആറിലായിരുന്നു. ഇപ്പോ ഉക്രൈയ്ൻ എന്ന രാജ്യത്തോ.'' ക്വിസ് മറുപടി പറയുന്നതുപോലെ മനു പറഞ്ഞു കൊടുത്തു. '1986 ലാണ്, റേഡിയോ ആക്ടീവ് മെറ്റീരിയൽസ് അറ്റ്മോസ്ഫിയറിൽ കലർന്നു.'

''ഓ... അതു ശരി. അതാ അവന്മാർക്കിത്ര പേടി.'' പപ്പ വലിയ കണ്ടുപിടിത്തം പോലെ പറഞ്ഞു.

''എന്താ ഒരു കാര്യം പപ്പാ...''

''ഓ... ഒന്നൂല്ല.''

''അല്ല... പപ്പ പറഞ്ഞേ...''

''രഹസ്യമാ...''

''ഞാനാരടുത്തും പറയുകേല.''

''പറഞ്ഞാലും ആരും വിശ്വസിക്കുകേല. പപ്പാടെ കമ്പനി അമേരിക്കയിലുള്ള ഒരു റഷ്യൻ കമ്പനിയാ... എന്നു വച്ചാ, പഴയ യുഎസ്എസ്ആറിൽ നിന്നൊക്കെ എടുത്തു ചാടിയോടി അമേരിക്കയി ലെത്തി പല അലമ്പു ബിസിനസ്സും ചെയ്ത് കോടാനുകോടി ഡോളറുകൾ ഉണ്ടാക്കിയ റഷ്യൻ മാഫിയ. അവന്മാരുടെ കാശിന്റെ കണക്കാണ് സത്യത്തില് പപ്പാടെ കമ്പനി സൂക്ഷിക്കുന്നത്.''

''ചുമ്മാ പുളു.''

''അതാ ഞാൻ പറഞ്ഞത്. പക്ഷേ ഉള്ളതാടാ...''

പപ്പ തുടർന്നു: ''നമ്മുടെ പ്രൈവറ്റ് ബാങ്കുപോലെ. അല്ലേൽ സ്വിസ് ബാങ്കുപോലെ ഇവന്മാരുടെ അക്കൗണ്ടിലെ രഹസ്യഡേറ്റയെല്ലാം കൂടി പോയാ സകലതും തീർന്നു. ഒരുപാട് പണമെന്നു വച്ചാ കടലാസല്ല. കുറേ കണക്കു മാത്രമാ. അതു കൊണ്ട് കമ്പനിയുടെ ഒരു ഡ്യൂപ്ലിക്കേറ്റ് കമ്പനി വേറേതെങ്കിലും ഒരു രാജ്യത്ത് ഒരു ബ്രാഞ്ച് മാത്രമായിട്ട് തുടങ്ങും. അമേരിക്കയിലെ റഷ്യക്കാരുടെ ബാങ്ക് പ്രവർത്തിക്കുന്നപോലെ.



**അവിടെ കംപ്ലീറ്റ് തകർന്നാലും. ബോംബു വീണാലും ഒരു പ്രശ്നവുമില്ല. നമ്മുടെ കയ്യിലുണ്ടല്ലോ ഡേറ്റാ. അപ്പോഴാ ഇവിടെ കൂടംകുളം വന്ന കാര്യം അവന്മാർ അറിയുന്നത്. ഇവിടത്തെ ന്യൂക്ലിയറ് റിയാക്ടറ് ലീക്കായാൽ, ഭയങ്കര റിസ്കല്ലിയോ. അതുകൊണ്ടാ കൊച്ചിയിലേക്ക് ഷിഫ്റ്റ് ചെയ്യാൻ അവന്മാർ പറയുന്നത്.**

അവരുടെ അതേ ഡേറ്റ അതത് സമയം നമ്മൾ അപ്ഡേറ്റ് ചെയ്യും. അവിടെ കംപ്ലീറ്റ് തകർന്നാലും. ബോംബു വീണാലും ഒരു പ്രശ്നവുമില്ല. നമ്മുടെ കയ്യിലുണ്ടല്ലോ ഡേറ്റാ. അപ്പോഴാ ഇവിടെ കൂടംകുളം വന്ന കാര്യം അവന്മാർ അറിയുന്നത്. ഇവിടത്തെ ന്യൂക്ലിയറ് റിയാക്ടറ് ലീക്കായാൽ, ഭയങ്കര റിസ്കല്ലിയോ. അതുകൊണ്ടാ കൊച്ചിയിലേക്ക് ഷിഫ്റ്റ് ചെയ്യാൻ അവന്മാർ പറയുന്നത്. ആലപ്പുഴയ്ക്ക ടുത്തു വരെ കടലിൽ പ്രശ്നമായിരിക്കുമെന്ന്. മീൻ കഴിച്ചാലും പ്രശ്ന മാണെന്ന്. തൂത്തുക്കുടീന്ന് നെമ്മീനും കൊഞ്ചും ഇഷ്ടം പോലെ വരും. അതു കഴിച്ചാ കുഴപ്പമില്ല. പക്ഷേ നമ്മളറിയുകേല. വിഴിഞ്ഞത്തു നിന്നോ കുളച്ചിലിൽ നിന്നോ പിടിക്കുന്ന മീനാണെങ്കീ നമ്മളറിയുമോ?''

''കാൻസറ് പിടിക്കുമ്പോ അറിയും.'' അമ്മ പറഞ്ഞു.

സോഫയിലേക്ക് മലർന്നു കിടന്നു കൊണ്ട് പപ്പ പറഞ്ഞു: ''ആ കുടം പൊട്ടിയാൽ, എന്നാ ചെയ്യുമെന്ന് വിചാരിച്ചാണ് കമ്പനി മാറ്റുന്നത്. എന്തൊരു റബിഷ്. നമ്മളിപ്പോ പഴയ ആക്രി രാജ്യമൊന്നുമല്ല. നല്ല ബന്തവസ്സ് ആയിരിക്കും. നമ്മുടെ റിയാക്ടറുകൾക്ക്... അല്ലേടാ മനുവേ.''

''പേടിത്തൂറികൾ...'' മമ്മി പറഞ്ഞു. ''ഇപ്പോ ലോകത്തെല്ലാം ന്യൂക്ലിയർ എനർജിയല്ലേ... നമ്മുടെ വീട്ടിലിരിക്കുന്ന ഗ്യാസ് കുറ്റി പൊട്ടിയാ എന്നതാ സംഭവിക്കുന്നതെന്ന് നമുക്ക് അറിയരുതോ... എന്നിട്ട് ആരേലും ഗ്യാസ് ഉപ യോഗിക്കാതിരിക്കുവാന്നോ?''

പപ്പ പറഞ്ഞു. ''പക്ഷേ അതുപോലല്ല. ഞങ്ങടെ കമ്പനി.''

''നിങ്ങടെ കമ്പനിക്കെന്താ കൊമ്പൊണ്ടോ?'' മമ്മി ചോദിച്ചു.

പപ്പ വിട്ടു കൊടുത്തില്ല. ''കൊമ്പൊണ്ട്. അതു കൊണ്ടാന്നല്ലോ... ഇത്രേം വലിയ ശമ്പളം തരുന്നത്... ഞങ്ങളുടെ കമ്പനി കൃത്യമായിട്ട് പഠിക്കും. അതിനർത്ഥം പൊട്ടാൻ ചാൻസുണ്ടെന്നാ.''

''പിന്നേ. അമേരിക്ക പറഞ്ഞാൽ ഇപ്പോ ഇന്ത്യ പണ്ടേ പോലൊന്നും പൊട്ടുകേല.'' മമ്മി കളിയാക്കി.

മമ്മിയും പപ്പയും കളിച്ച് കളിച്ച് ഉടക്കിലേക്കാണ് പോകുന്നത്. അതുകൊണ്ട് മനു ഇടയിൽ കേറി പറഞ്ഞു. ''അപ്പോൾ നമ്മളെന്നാണ് പോകുന്നത്? അതിലൊരു തീരുമാനമാകട്ടെ.''

പപ്പ പറഞ്ഞു.

''എത്രയും പെട്ടെന്ന്. രണ്ടു ദിവസം ഷിഫ്ടിങ്ങിനെ ടുത്താ തന്നെ വർക്ക് സഫർ ചെയ്യും. വർക്ക് സ്റ്റേഷനാക്കിയ ബസ് ബാംഗ്ലൂരിന്ന് വരും. വണ്ടികളിലിരുന്ന് വർക്ക് ചെയ്തുകൊണ്ടുതന്നെ കൊച്ചിയിലേയ്ക്ക് നീങ്ങണം. അവരുടെ ഡേറ്റകളും ഇടപാടുകളും അത്രമാത്രം കൂടിവരികയുമാണ്.''

മമ്മി ഇതിനകം സ്വന്തം ബ്ലൗസിലെ തുന്നലിളകിയത് പിടിപ്പിച്ചു കഴിഞ്ഞിരുന്നു. എഴുന്നേറ്റിട്ട് മമ്മി പറഞ്ഞു. ''ഒരു കാര്യം നിങ്ങൾ പറയുന്നത് നേരാ. കള്ള പ്പണക്കാർ ലോകത്ത് കുമിയുകയാണ്. അവന്മാ രുടെ ഇടപാടിങ്ങനെ കൂടിക്കൂടി വരും. അതിന്റെ പത്തിരട്ടി ദരിദ്രവാസികളും ഭൂമിയിൽ ഉണ്ടായി വരും. അവരുടെ ഇടപാട് കുറഞ്ഞു കുറഞ്ഞും വരികയാ...''

''അതൊരു അദ്ഭുതമല്ല.'' പപ്പ ദേഷ്യത്തോടെ പറഞ്ഞു: ''വീടെന്ന് വച്ചാ ഭൂമിയുടെ ഒരു മിനിയേച്ചറാ... കുറേ പേര് പണിയെടുക്കും. കുറേ പേർ പണിയെടുക്കാതെ ആ പണം വച്ച്...''

''എന്നു വച്ചാ...'' ശബ്ദം മാറി. മമ്മി ചാടിയെഴുന്നേറ്റു.

പപ്പ ന്യായീകരിക്കാൻ ശ്രമിച്ചു: ''ഒരു തമാശ പറ ഞ്ഞതാ... ഈ വീട്ടിൽ കള്ളപ്പണക്കാരനും ദാരിദ്ര്യവാസിയുമാണെന്നാ ഞാനുദ്ദേശിച്ചത്.''

''നിങ്ങളുടെ ഉദ്ദേശ്യം...'' മമ്മി കലി തുടങ്ങുകയാണ്.

ഇതിനിനി എന്നു നിൽക്കും? അയ്യോ ദാ... റേഡിയോ ആക്ടീവായ വാചകങ്ങൾ ദാ വന്നു മറിയുകയാണ്...

''ഒന്ന് നിർത്ത്, പപ്പാ... മമ്മീ...?''



വര:സുരേഷ് പരിയാരത്ത്

# മാഞ്ചോട്ടിൽ

**റഫീക്ക് അഹമ്മദ്**

മുറ്റത്തുള്ളൊരു തേന്മാവിൽ
ഒത്തിരിയുണ്ണികൾ കായ്ച്ചല്ലോ
മൂത്തുപഴുത്തവയോരോന്നായ്
മാദകഗന്ധം തൂവുകയായ്
തത്തകളണ്ണാൻ മൈനകളും
മറ്റുള്ളവരും വന്നല്ലോ
എന്തൊരു കലപില ചില്ലകളിൽ
ചന്തയിലെത്തിയമാതിരിയിൽ
നിത്യവുമെന്നുടെ മുറ്റത്ത്
ചക്കരമാവ് പൊഴിക്കുകയായ്
എട്ടോ പത്തോ മാങ്കനികൾ
ഞാനവ ചെന്നു പെറുക്കീടും.
എങ്കിലുമെന്നുടെയുൾക്കൊമ്പിൽ
സങ്കടമൊന്നു കിളുർത്തല്ലോ
ഒക്കെയുമെൻകൈവശമാക്കാൻ
ഇച്ഛയുമൊട്ടു വിളഞ്ഞല്ലോ
ഒറ്റയ്ക്കൊക്കെ വശത്താക്കാൻ
പറ്റിക്കേറാനറിയില്ല
മൊത്തമതൊക്കെ പറിപ്പിക്കാൻ
ഒറ്റയൊരുത്തൻ വന്നില്ല.
അങ്ങനെയെന്നുടെ മാഞ്ചോട്ടിൽ
ഖിന്നതയോടെയിരിക്കുമ്പോൾ
എന്തോ കാതിൽ കേട്ടു ഞാൻ
എന്തേ മാവും മിണ്ടുന്നോ
"നോക്കൂ, നിനക്കായല്ലേ ഞാൻ
വീഴ്ത്തുവതിത്തുടുമാങ്കനികൾ
നിൻ ചെറുവയറു നിറയ്ക്കാനീ
തങ്കക്കനികൾ തികയില്ലേ?
തനിക്കു വേണ്ടതെടുക്കുന്നു
തത്തിപ്പാറിപ്പോകുന്നു
തത്തകൾ മൈനകളണ്ണാനും
മർത്ത്യാ നീയതു കണ്ടില്ലേ?"
അത്തിരുവാക്യം കേട്ടു ഞാൻ
ഞെട്ടിയുണർന്നു മിഴിച്ചു ഞാൻ
അത്യാഗ്രഹമതു കുഴിമൂടി
മുത്തൻമാവിനെ കൂപ്പീ ഞാൻ



# അമ്മിണി എന്ന പോർച്ചുഗീസുകാരി

വി എം ഗിരിജ

അമ്മിണി ചായ കുടിക്കുമ്പോൾ
ജന്നൽപ്പടിയിലിരിക്കുമ്പോൾ
ഇസ്തിരിയിട്ടതെടുക്കുമ്പോൾ
ബുക്കലമാരി തുറക്കുമ്പോൾ
ക്ലോക്കിനു ചാവി കൊടുക്കുമ്പോൾ
എങ്ങനെ പോർച്ചുഗലോർക്കുന്നു.

കാപ്പിക്കോപ്പയെടുത്തിട്ടേ
കടലാസച്ചൻ നോക്കുമ്പോൾ
കപ്പിത്താന്റെ കസേരകളെ-
ക്കുത്തിയിരുന്നു വരയ്ക്കുമ്പോൾ
മേശയിൽ റാന്തൽവെച്ചിട്ടേ
പേനയെടുത്തിട്ടെഴുതുമ്പോൾ

വ്രാന്തയിലേതോ പേരമരം
പുതുതൂവാല നിവർത്തുമ്പോൾ
രാത്രിയപൂർവ സുഗന്ധത്തിൻ
വീപ്പയിൽ വീണു നിറയ്ക്കുമ്പോൾ
അമ്മ *കുനീലിൽക്കൂടിത്തേൻ-
ത്തുള്ളികൾ കുപ്പിയിലാക്കുമ്പോൾ
എന്തിനു വീടിന് പോർച്ചുഗലിൽ-
ച്ചെന്നണയാൻ കൊതി തോന്നുന്നൂ?
അമ്മിണിയച്ഛനു മമ്മയുമീ
നമ്മളുമറിയണമക്കാര്യം!

*ഈ കവിതയിലെ പലവാക്കുകളും പോർച്ചുഗീസ് ഭാഷയിൽ നിന്ന് നാം സ്വന്തമാക്കിയതാണ്.*



വര:അജികുമാർ

# താളങ്ങളുടെ നാട്

**മനോജ് കുറൂർ**

കൂട്ടുകാരേ, ഭൂപടം നോക്കിയാൽ കേരളം എത്ര ചെറിയൊരു നാടാണ്! അല്ലേ? എങ്കിലും ഈ ചെറിയ നാടിന് വലിയൊരു പ്രത്യേകതയുണ്ട്. ഇവിടെ എത്ര കലകളുണ്ട് എന്നു നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളുടെ നാട്ടിൽത്തന്നെ കാണും മറ്റൊരിടത്തുമില്ലാത്ത ഏതെങ്കിലും കല. തെയ്യം, പടയണി, ഗരുഡൻ തൂക്കം, മുടിയേറ്റ്, പൂരക്കളി, കണ്ണിയാർകളി, കുമ്മാട്ടിക്കളി, മാർഗംകളി, ദഫ് മുട്ട്, സംഘക്കളി, പരിചമുട്ടുകളി എന്നിവ അവയിൽ ചിലതു മാത്രം. ഇത്തരം കലകൾ നൂറുകണക്കിനുണ്ട്. ഇവയെ നാടൻകലകൾ എന്നാണു സാധാരണ പറയാറ്.

കഥകളി, കൂടിയാട്ടം, കൃഷ്ണനാട്ടം, മോഹിനിയാട്ടം തുടങ്ങി വേറൊരു തരം കലകളുമുണ്ട്. ഇവയെ ക്ലാസ്സിക്കൽ കലകൾ എന്നു വിളിക്കും. ഇവയിൽ ചെണ്ടമേളം, പഞ്ചവാദ്യം, തായമ്പക തുടങ്ങിയ വാദ്യകലകൾക്കും സ്ഥാനമുണ്ട്. ആദ്യം പറഞ്ഞ നാടോടിക്കലകളുടെ എണ്ണം തിട്ടപ്പെടുത്താൻപോലും ഇതുവരെ സാധിച്ചിട്ടില്ല എന്നോർക്കണം.

ഈ കലകളിലൊക്കെ ഉപയോഗിക്കുന്ന ഒരു കലാസങ്കേതമുണ്ട്. അതാണു താളം. കേരളത്തിലെ കലകളെല്ലാം പലതരം താളങ്ങൾകൊണ്ടു സമൃദ്ധമാണ്.



വര: രാജീവ് എൻ ടി

### എന്താണു താളം?

ഏതെങ്കിലും ഒരു പാട്ടു കേൾക്കുകയോ നൃത്തം കാണുകയോ ഒക്കെ ചെയ്യുമ്പോൾ നിങ്ങളും കൈ കൊണ്ടു താളമിടാറില്ലേ? നിങ്ങൾ ചെയ്യുന്നതെന്താണെന്നു സ്വയം ഒന്നാലോചിച്ചു നോക്കൂ. ആ കൈകൊട്ടലിന് ഒരു ക്രമമുണ്ടെന്നു കാണാം. അതുതന്നെയാണു താളം. അതായത് ക്രമമായ ചലനം.

ക്ലോക്കിലെ സെക്കൻഡ് സൂചിയുടെ ചലനം നോക്കിയാൽ അതിനൊരു ക്രമമുണ്ടെന്നു കാണാമല്ലോ. പാട്ടിന്റെയും നൃത്തത്തിന്റെയും ചലനങ്ങൾക്കനുസരിച്ച് നിങ്ങളും കൈകൊണ്ട് അവയുടെ ക്രമം അളക്കുകയാണു ചെയ്യുന്നത്. അങ്ങനെ ക്രമമായ ചലനത്തെ അളക്കുന്നതിന് കൈകൊണ്ട് അടിക്കുകയോ വിരൽ മടക്കുകയോ ഒക്കെ ചെയ്യുന്നു. താളത്തെ അളക്കാനുള്ള അത്തരം പ്രവൃത്തികൾക്കൊരു പേരുണ്ട്. ക്രിയ!

നിങ്ങൾ കൈകൊണ്ടു താളം പിടിച്ചതുപോലെ ക്രിയകൾ പലതുണ്ട്. പാട്ടുകച്ചേരി അവതരിപ്പിക്കുന്നവർ കൈകൊണ്ട് തുടയിലടിച്ചും വിരലുകൾ മടക്കിയും താളം പിടിക്കുന്നതു കണ്ടിട്ടുണ്ടാവുമല്ലോ. ഇങ്ങനെ കൈകൊണ്ടുള്ള ക്രിയയ്ക്ക് ഹസ്തക്രിയ



എന്നു പേര്. നൃത്തങ്ങളും വാദ്യമേളങ്ങളും അവതരിപ്പിക്കുമ്പോൾ താളം പിടിക്കാനുള്ള വാദ്യങ്ങൾ തന്നെ കാണും. ഇലത്താളം, വീക്കൻചെണ്ട തുടങ്ങിയവ താളം പിടിക്കാനുള്ള വാദ്യങ്ങളാണ്. അമർത്തിയും തുറന്നുമുള്ള അടികൾ കൊണ്ടാണ് ഇവയിൽ താളക്രിയകൾ സൂചിപ്പിക്കുന്നത്. ഇങ്ങനെ താളം പിടിക്കുമ്പോൾ ഓരോ ശബ്ദത്തിനുമുള്ള ഇടവേളകൾക്കുമുണ്ട് കൃത്യമായ ക്രമം. അതായത്, പാട്ടു കേട്ടപ്പോൾ നിങ്ങൾ ചെയ്ത ക്രിയയെന്താണ് എന്നു നോക്കുക. അതിൽ കൈകൊണ്ടുള്ള അടികൾക്കു മാത്രമല്ല, ഓരോ അടിക്കുമുള്ള ഇടവേളകൾക്കും നിശ്ചിതമായ ക്രമമുണ്ടല്ലോ. ഇല്ലേ? അപ്പോൾ രണ്ടു ക്രിയകളാണ് നിങ്ങൾ താളം പിടിക്കാൻ ഉപയോഗിച്ചത്. കൈകൊണ്ടുള്ള അടിക്ക് അടി എന്നുതന്നെ പേരു കൊടുക്കാം. ഇടവേളയ്ക്ക് ഇട എന്നാവട്ടെ പേര്.

ഈ അടിയും ഇടയും ഉപയോഗിച്ചുതന്നെ നിർമ്മിക്കാവുന്ന ധാരാളം താളങ്ങളുണ്ട്. അത്തരത്തിലുള്ള താളങ്ങൾ ധാരാളം നമ്മുടെ കലകളിൽ ഉപയോഗിക്കുന്നുമുണ്ട്. അങ്ങനെയുള്ള കുറച്ചു താളങ്ങൾ നമുക്കൊന്നു പരിചയപ്പെടാം.

അടി, ഇട എന്നീ ക്രിയകൾകൊണ്ടു നിർമ്മിക്കാവുന്ന താളങ്ങളാണ് ഇവയെന്നു നേരത്തേ പറഞ്ഞല്ലോ.

ഓരോ അടിക്കുമുള്ള ഇടവേളയായ ഇടയ്ക്കും അടിയുടെ അത്രതന്നെ സമയമാണെടുക്കുക എന്ന് പ്രത്യേകം ഓർക്കണേ. താഴെ താളങ്ങളുടെ ലക്ഷണം പറഞ്ഞിരിക്കുന്നതു നോക്കുക. അവിടെ 1, 2, 3 തുടങ്ങിയ അക്കങ്ങൾക്ക് ഒന്നാമത്തെ അടി, രണ്ടാമത്തെ അടി, മൂന്നാമത്തെ അടി എന്നിങ്ങനെയാണ് അർത്ഥം. ഇടയെ, അഥവാ ഇടവേളയെ സൂചിപ്പിക്കാൻ x അടയാളം നല്കിയിരിക്കുന്നു. വെറുതേ വായിച്ചാൽ പോരാ. പറയുന്ന ലക്ഷണമനുസരിച്ച് താളം പിടിച്ചുനോക്കുകയും വേണം. കേട്ടോ.

### 1. ഏകതാളം

ഒരു അടി, ഒരു ഇട എന്നാണ് ഏകതാളത്തിനു ലക്ഷണം. 1 x എന്നു താളക്രിയ. അതായത് ഒരു അടി, തുടർന്ന് ഇടവേള എന്നിങ്ങനെ ആവർത്തിച്ചാൽ ഏകതാളമായി. ഈ താളം മയിൽപ്പീലിത്തൂക്കം കൂടാതെ ഗരുഡൻതൂക്കം, തായമ്പക, തീയാട്ട്, തെയ്യം, തിടമ്പുനൃത്തം, ജീവതനൃത്തം, കൂടിയാട്ടം, കഥകളി, കൃഷ്ണനാട്ടം എന്നിങ്ങനെ മിക്ക കലകളിലും ഉപയോഗിക്കുന്നു. തെയ് x എന്ന് ഇതിനെ വായ്ത്താരിരൂപത്തിലും പറയാം.

### 2. രൂപതാളം

രണ്ട് അടി, ഒരു ഇട എന്നാണ് രൂപതാളത്തിനു ലക്ഷണം. 1 2 x എന്നു താളക്രിയ. അതായത് രണ്ട് അടിയും തുടർന്ന് ഒരു ഇട





വേലയും. രൂപതാളം മയിൽപ്പീലിത്തൂക്കം, ഗരുഡൻതൂക്കം, തെയ്യം എന്നീ കലകളിൽ പ്രയോഗിക്കുന്നുണ്ട്. തി തെയ് x എന്ന് ഈ താളത്തിന്റെ വായ്ത്താരിരൂപം.

### 3. ചമ്പടതാളം

മൂന്ന് അടി, ഒരു ഇട എന്നു ചമ്പടതാളത്തിനു ലക്ഷണം. 1 2 3 x എന്നു താളക്രിയ. ഈ താളം കഥകളി, കൃഷ്ണനാട്ടം, കൂടിയാട്ടം, ചെണ്ടമേളം. തായമ്പക, തുള്ളൽ, തെയ്യം, തീയാട്ട്, പടയണി, ശാസ്താംപാട്ട്, മാരൻപാട്ട്, ഗരുഡൻതൂക്കം, മയിൽപ്പീലിത്തൂക്കം, മുടിയേറ്റ്, മുടിയെടുപ്പ്, കണ്ണിയാർകളി എന്നീ കലകളിലെല്ലാം ധാരാളമായി ഉപയോഗിക്കുന്നുണ്ട്. കേരളത്തിലെ കലകളിൽ ഏറ്റവുമധികം ഉപയോഗിക്കുന്ന താളമാണിതെന്നു പറയാം.

### 4. കാരികതാളം

നാല് അടി, ഒരു ഇട എന്നാണ് കാരികതാളത്തിന്റെ ലക്ഷണം. 1 2 3 4 x എന്നാണു താളക്രിയ. ശാസ്താംപാട്ട്, തുള്ളൽ, പടയണി, മയിൽപ്പീലിത്തൂക്കം എന്നീ കലകളിൽ രൂപവൈവിധ്യത്തോടെ കാരികതാളം ഉപയോഗിക്കുന്നു. തി തി തി തെയ് x എന്നാണ് ഈ താളത്തിന്റെ വായ്ത്താരി.

### 5. പഞ്ചാരിതാളം

അഞ്ച് അടി, ഒരു ഇട എന്നു ലക്ഷണമുള്ള പഞ്ചാരിതാളം ചെണ്ടമേളം, കഥകളി, കൃഷ്ണനാട്ടം, തുള്ളൽ, മുടിയേറ്റ്, മുടിയെടുപ്പ്, തീയാട്ട്, കണ്ണിയാർകളി, തിടമ്പുനൃത്തം, തെയ്യം എന്നീ കലകളിൽ കാണാം.
1 2 3 4 5 x എന്നതാണ് ഈ താളത്തിന്റെ ലക്ഷണം. പഞ്ചാരിമേളം കൂട്ടുകാർ കേട്ടിട്ടുണ്ടാവുമല്ലൊ. ചെണ്ടമേളമാണത്. ഇപ്പോൾ പറഞ്ഞ പഞ്ചാരിതാളത്തെ അഞ്ചു കാലങ്ങളിൽ, അതായത്, വളരെ പതിഞ്ഞു തുടങ്ങി ക്രമമായി മുറുകിവരുന്ന അഞ്ചു വേഗതകളിൽ, അവതരിപ്പിക്കുന്ന മേളമാണത്. ത ത്തിന്ത യ്ക്കാം തോം ഓം എന്ന വായ്ത്താരിയാണ് മേളകലാകാരർ ഉപയോഗിക്കുന്നത്. തത്തിന്തക്കത്തോം x എന്നൊരു വായ്ത്താരിയും പ്രയോഗത്തിലുണ്ട്.

### 6. മർമ്മതാളം

ഒരു അടി, ഒരു ഇട, രണ്ട് അടി, ഒരു ഇട, മൂന്ന് അടി, ഒരു ഇട, നാല് അടി, ഒരു ഇട (1 x 1 2 x 1 2 3 x 1 2 3 4 x) എന്നാണ് മർമ്മതാളത്തിന്റെ ഘടന. അതായത് നമ്മൾ ആദ്യം പറഞ്ഞ നാലു താളങ്ങളായ ഏകം,





രൂപം, ചമ്പട, കാരിക എന്നീ നാലു താളങ്ങൾ ചേർന്നതാണ് മർമ്മം. അത്തരത്തിൽ ഒരു താളക്കൂട്ടു കൂടിയായ ഈ താളം മയിൽപ്പീലിത്തൂക്കം, പടയണി, തുള്ളൽ, ശാസ്താംപാട്ട്, തെയ്യം, ജീവതനൃത്തം എന്നീ കലകളിൽ ഉപയോഗിക്കുന്നു. ശാസ്താംപാട്ട്, ജീവതനൃത്തം എന്നിവ അവതരിപ്പിക്കുന്ന കലാകാരർ മർമ്മതാളം എന്നാണ് ഈ താളത്തെ വിളിക്കാറുള്ളത്. തെയ് x തി തെയ് x തി തി തെയ് x തി തി തി തെയ് x എന്നതാണ് മർമ്മതാളത്തിന്റെ വായ്ത്താരി.

### 7. ചമ്പതാളം

മർമ്മതാളം ഒരു താളക്കൂട്ടാണെന്നു പറഞ്ഞല്ലൊ. ഏകം, രൂപം, ചമ്പട, കാരിക എന്നീ താളങ്ങൾ ചേർന്നാൽ മർമ്മതാളമായി! ഇങ്ങനെയെങ്കിൽ ഈ രീതിയിൽ ഇനിയും താളങ്ങളുണ്ടാകാമല്ലൊ. അതേ. അങ്ങനെയുള്ള പ്രസിദ്ധതാളങ്ങളുണ്ട്. കാരിക, രൂപം, ഏകം എന്നീ താളങ്ങൾ ക്രമമായി ഒന്നു പിടിച്ചുനോക്കൂ. അതായത് നാല് അടി, ഒരു ഇട, രണ്ട് അടി, ഒരു ഇട, ഒരു അടി, ഒരു ഇട എന്ന രീതിയിൽ. ഇതു ചമ്പതാളം എന്ന പേരിൽ പ്രസിദ്ധമായ ഒരു താളമാണ്. കഥകളി, ചെണ്ടമേളം, യക്ഷഗാനം, കൂടിയാട്ടം, പടയണി, കണ്ണിയാർകളി, കൃഷ്ണനാട്ടം എന്നീ കലകളിൽ ഈ താളം പ്രയോഗിക്കുന്നു. 1 2 3 4 x 1 2 x 1 x എന്നു താളക്രിയ. ത ത്തി ന്ത ത്താ x തീ തീ x തെയ് x എന്നാണ് ചമ്പതാളത്തിന്റെ പ്രസിദ്ധമായ വായ്ത്താരി.

### 8. അടന്തതാളം

ഇതുപോലെതന്നെ രണ്ടു കാരിക, രണ്ട് ഏകം എന്നു താളങ്ങൾ ചേർത്താൽ അടന്ത എന്ന താളം കിട്ടും. അതായത്, നാല് അടി, ഒരു ഇട, നാല് അടി, ഒരു ഇട, ഒരു അടി, ഒരു ഇട എന്ന രീതിയിൽ താളം പിടിക്കണം. 1 2 3 4 x 1 2 3 4 x 1 x 1 x എന്നാണ് അടന്തയുടെ താളക്രിയ. പടയണി, തുള്ളൽ, കഥകളി, ചെണ്ടമേളം, ശാസ്താംപാട്ട്, തിടമ്പുനൃത്തം, ജീവതനൃത്തം, കൂടിയാട്ടം, കൃഷ്ണനാട്ടം എന്നിങ്ങനെ കേരളത്തിലെ വിവിധകലാരൂപങ്ങളിൽ രൂപവൈവിധ്യത്തോടെ ഉപയോഗിക്കുന്ന താളമാണ് അടന്ത.

### 9. അഞ്ചടന്ത

അഞ്ച് അടി, ഒരു ഇട, അഞ്ച് അടി, ഒരു ഇട, ഒരു അടി, ഒരു ഇട, ഒരു അടി, ഒരു ഇട എന്ന ഘടനയുള്ള അഞ്ചടന്ത എന്നൊരു താളം ചെണ്ടമേളത്തിന് ഉപയോഗിക്കുന്നുണ്ട്. അതായത് രണ്ടു പഞ്ചാരിയും രണ്ട് ഏകവും ചേർന്നാൽ അഞ്ചടന്തയായി. കഥകളിയിൽ കത്തിവേഷത്തിന്റെ തിരനോട്ടത്തിനിടയ്ക്ക് ഈ രൂപത്തിൽ താളം പിടിക്കുന്നുണ്ട്. തത്തിന്തത്തൈത്തെ x തത്തിന്തത്തൈത്തെ x തൈ x തൈ x എന്നാണ് അഞ്ചടന്തതാളത്തിന്റെ വായ്ത്താരി.

താളങ്ങൾ പലതരമുണ്ട്. അവയിൽ അടി, ഇട എന്നീ ക്രിയകൾ ഉപയോഗിച്ചു ലക്ഷണം പറയാവുന്ന ചില പ്രസിദ്ധമായ താളങ്ങളാണ് ഇവിടെ വിവരിച്ചത്. കഴിയുമെങ്കിൽ ഈ കലകൾ നേരിൽ കാണാൻ ശ്രമിക്കുക. അതു പറ്റിയില്ലെങ്കിൽ ടെലിവിഷനിലോ മറ്റോ ഈ കലകൾ കാണുമ്പോഴെങ്കിലും ഇപ്പറഞ്ഞ താളങ്ങൾ അവയിൽ ഉപയോഗിക്കുന്നുണ്ടോ എന്നു നോക്കുക. നമ്മുടെ കലകളെക്കുറിച്ചും അവയിലുപയോഗിക്കുന്ന കലാസങ്കേതങ്ങളെക്കുറിച്ചും ആവുന്നതൊക്കെ ശേഖരിക്കുക. താളങ്ങളുടെ നാട്ടിലാണല്ലോ നമ്മൾ ജീവിക്കുന്നത്. നമ്മുടെ ജീവിതവും താളം പോലെ ക്രമമുള്ളതാവട്ടെ. ഇടർച്ചകളൊന്നുമില്ലാതെ താളാത്മകമാവട്ടെ!

കഥ

# സിനിമ

**തനൂജ ഭട്ടതിരി**

ഡോക്ടർ ധനേഷും ഗൗതവും ടൗൺഷിപ്പിലെ ടൈൽസിട്ട നീണ്ട നടപ്പാതയിലൂടെ പതിയെ നടത്തം തുടർന്നു. വീതി കുറഞ്ഞ ആ പാതയിലൂടെ രാവിലെയോ വൈകിട്ടോയുള്ള നടത്തം അവരുടെ പതിവാണ്. അരികിലൂടെ ഒഴുകുന്ന ചെറുപുഴയും പാതയ്ക്കിരുവശമുള്ള പുൽമേടുകളും അവർക്കേറെ പ്രിയങ്കരമാണ്. ഗൗതം, പാർക്കിനരികിലെത്തുമ്പോൾ മറ്റു കുട്ടികൾക്കൊപ്പം കളിക്കാനായി അങ്ങോട്ടോടും. അവിടെയുള്ള വലിയ ചാരുകസേരയിൽ മലർന്നുകിടന്ന് ആകാശം കാണുകയാണ് ധനേഷ് അപ്പോൾ ചെയ്യാറ്. ഗൗതമിന്റെ അമ്മ ആ സമയമൊക്കെ വളരെ വേഗത്തിൽ മൈതാനത്തിനു ചുറ്റും നടക്കുകയായിരിക്കും. ശരീരഭാരം ഒരേ നിലയിൽ സൂക്ഷിക്കുന്നതിനു ബ്രിസ്ക് വാക്കിങ് അത്യാവശ്യമാണെന്നാണ് മൃദുല പറയുന്നത്. അമ്മ നടന്നു വിയർത്തു തിരിച്ചെത്തുമ്പോൾ വൃക്ഷങ്ങൾ തിങ്ങിവളർന്നുനിൽക്കുന്ന ഒളിമ്പ്രദേശങ്ങളിൽ അച്ഛനും മകനും കൂടി ഒളിച്ചിരിക്കയായിരിക്കും. മൃദുല അവരെ അന്വേഷിച്ചു തളരുമ്പോൾ അപ്രതീക്ഷിതമായി വലിയ ശബ്ദമുണ്ടാക്കിക്കൊണ്ട് അവർ മുന്നിലേക്ക് ചാടിവീഴും. ഇതൊരു പതിവായതിനാൽ, ഒട്ടും പേടിച്ചില്ലെങ്കിലും വലിയ പേടി അഭിനയിച്ച് മൃദുല കണ്ണുകൾ പൊത്തിനിൽക്കും. ഗൗതം ചിരിച്ചു രസിക്കും. തന്റെ അപ്പയേയും മമ്മയേയും പോലെ നല്ല ആളുകൾ വേറെ ആരുണ്ട്.

ഗൗതം അഞ്ചാം ക്ലാസ്സിലാണ് പഠിക്കുന്നത്. അവനേറ്റവും ഇഷ്ടം ഫോട്ടോഗ്രഫിയാണെന്നാണ് ധനേഷിന്റെ കണക്കുക്കൂട്ടൽ അതുകൊണ്ടു കൂടിയാകാം സിനിമ ഗൗതമിന്റെ 'പാഷനാ'ണെന്ന് ധനേഷിനു തോന്നിയത്. ക്യാമറയിലും മൊബൈലിലുമായി മനുഷ്യരെയും പൂക്കളെയും ജന്തുജീവികളെയും ഗൗതം പകർത്തുമ്പോൾ



വര: ടി ആർ രാജേഷ്

ആ അച്ഛൻ അതിശയിച്ചു നിൽക്കാറുണ്ട്. സിനിമകൾ കണ്ട് അവൻ പറയുന്ന അഭിപ്രായങ്ങൾ കേട്ടാൽ വലിയ ആളുകളാരോ സംസാരിക്കുകയാണെന്നു തോന്നും. തമാശയ്ക്കാണെങ്കിലും ഒരിക്കൽ ധനേഷ് ചോദിച്ചു. ''ഗൗതൂ സിനിമയുടെ 'ഡെഫിനിഷൻ' നിന്റെ അഭിപ്രായത്തിലെന്താ?''

''എല്ലാത്തിനും 'ഡെഫിനിഷൻ' വേണം എന്ന് വിചാരിക്കരുത് അപ്പാ... ജീവിതത്തെ നിർവചിക്കാൻ പറ്റുമോ?'' സത്യം പറഞ്ഞാൽ ധനേഷ് പേടിച്ചുപോയി. കുട്ടികൾ ഇങ്ങനെ സംസാരിക്കുന്നത് കുട്ടിത്തം ഇല്ലാതാകുമ്പോഴാണ്. അങ്ങനെ ആവാതിരിക്കുന്നതാണ് നല്ലത്. എന്നാൽ ഗൗതം ഒരു കൊച്ചുകുട്ടിയുടെ എല്ലാ നന്മയോടുംകൂടി വലിയവരുടെ ജീവിതത്തിൽ അവരോടൊപ്പം ജീവിക്കുകയാണെന്ന് ധനേഷ് തിരിച്ചറിയുകയായിരുന്നു.

ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഗൗതം മമ്മയോടു പറഞ്ഞു: ''അടുത്ത സൺഡേ നമുക്ക് 'പാപനാസം' കാണാൻ പോണം മമ്മാ... അപ്പയോടു ഞാൻ പറയാൻ പോവാ...''

അവന്റെ വർത്തമാനം കേട്ടുകൊണ്ടു വന്ന ധനേഷ് പറഞ്ഞു. ''അത് 'ദൃശ്യ'ത്തിന്റെ റീമേക്കല്ലേ? 'ദൃശ്യം' കണ്ടതാണല്ലോ... പിന്നെന്തിനാ?''

ധനേഷിനങ്ങനെ പറയാൻ ഒരു കാരണം കൂടിയുണ്ടായിരുന്നു. 'ദൃശ്യം' കണ്ടപ്പോൾ, ഒരു കൊലപാതകം ചെയ്തശേഷം പലവിധ തിരിമറികൾ നടത്തി കുറ്റത്തിൽ നിന്നും രക്ഷപ്പെടുന്ന നായകനെ കണ്ടപ്പോൾ മകനെ ഈ സിനിമയ്ക്കു കൊണ്ടുവരണമായിരുന്നോ എന്നയാൾ സംശയിച്ചിരുന്നു. ഇനി ഇപ്പോൾ പാപനാസം കൂടി...

''മറ്റൊരു സൂപ്പർസ്റ്റാർ, അതേ കാര്യങ്ങൾ.'' ഗൗതം തുറന്നടിച്ചു.

''ഇതാ എനിക്ക് ദേഷ്യം വരുന്നത്. ബോത് ആർ ഡിഫറന്റ് മൂവീസ്... സ്റ്റോറിലൈൻ സിറ്റ്യുവേഷൻസ് ഒക്കെ ഒന്നായിരിക്കും... പക്ഷേ രണ്ടും വേറെ വേറെ സിനിമയാ... നല്ല ഒരു മെസേജില്ലേ അപ്പാ അതിൽ...ആൺകുട്ടികൾ പെൺകുട്ടികളോടു നന്നായി പെരുമാറിയില്ലെങ്കിൽ ആപത്താണെന്ന്...''

പിന്നെ അയാൾ തർക്കിക്കാൻ പോയില്ല. പുതിയ തലമുറ വ്യത്യസ്തരാണ്. വീണ്ടും അയാൾ അതിനടിവരയിട്ടു.

നേവൽബേസിലെ ആശുപത്രിയിൽ വലിയ തിരക്കൊന്നുമില്ല. സ്പെഷ്യലിസ്റ്റുകളുടെ ആവശ്യത്തിനൊക്കെ മറ്റു ആശുപത്രികളിലേക്കു 'റഫർ' ചെയ്യുകയാണ് പതിവ്. എന്നാലും, പനി, ശർദ്ദിൽ, മുറിവ്, തലവേദന തുടങ്ങിയ ലക്ഷണങ്ങളുമായി നിരവധി രോഗികൾ എത്താറുണ്ട്. മരുന്നു കൊടുത്ത് വിശ്രമിപ്പിക്കുകയാണ് പൊതുവെ ചെയ്യേണ്ടത്. അധികം തിരക്കില്ലാത്ത ആശുപത്രിയാണെങ്കിലും ധനേഷിനു തിരക്കിനൊരു കുറവുമില്ല. ഇതിനിടയിൽ സിനിമയെക്കുറിച്ചൊന്നും ആലോചിക്കാൻ പോലും സമയം കിട്ടാറില്ല. എന്നാലും ഗൗതമിന്റെ ഇഷ്ടങ്ങളൊന്നും അയാൾ തള്ളിക്കളഞ്ഞിട്ടില്ല. എന്തായാലും അടുത്ത ഞായറാഴ്ച പാപനാസം കാണാൻ മകനെ കൊണ്ടുപോകണം.

''അപ്പാ...'' ഗൗതം സ്കൂളിൽ നിന്നു വന്നതും ധനേഷിനെ ഫോണിൽ വിളിച്ചു.

''അപ്പാ... ഇന്ന് സ്കൂളിൽ ഞങ്ങളെ ഒരു സിനിമ കാണിച്ചു... അപ്പ വരുമ്പോൾ കഥ പറഞ്ഞുതരാം...''

കഥ പറയാനുള്ള ഇഷ്ടം കാണുമ്പോൾ അവൻ വലുതായാൽ ഒരു എഴുത്തുകാരനാവുമെന്ന് ധനേഷിന് തോന്നിയിട്ടുണ്ട്. കുട്ടികളെക്കുറിച്ച് അങ്ങനെയൊന്നും ചിന്തിക്കാൻ പാടില്ല എന്നയാൾക്കറിയാമായിരുന്നെങ്കിലും...

**മമ്മിക്കു ദേഷ്യമുണ്ടായിരുന്നു ആദ്യമൊക്കെ. കാരണം ആദ്യം മമ്മിക്കായിരുന്നു കൂടുതൽ ശമ്പളമുള്ള ജോലി. അന്ന് മമ്മി പറയുന്നത് മമ്മിക്ക് ഒരു വിലയുണ്ടായിരുന്നു എന്നാ. പിന്നെ ഈ ജോലി കിട്ടി. ഭയങ്കരമായി ശമ്പളം കൂടിയേ പിന്നാ പപ്പ ഈ ലക്ഷങ്ങളുടെ കണക്കു പറയുന്നത്.**

ധനേഷിനും മൃദുലയ്ക്കും മുന്നിൽ നിന്ന് അഭിനയിച്ചുകൊണ്ട് ഗൗതം കഥ പറഞ്ഞുതുടങ്ങി. ''നല്ല സിനിമയായിരുന്നു അപ്പാ... 'കാക്കമുട്ടൈ' എന്നായിരുന്നു പേര്. തെരുവിലെ രണ്ടു കുട്ടികൾ. കോഴിമുട്ടയില്ലാത്തതുകൊണ്ട് കാക്കമുട്ട കഴിക്കുന്നവർ. അതുകൊണ്ട് 'പെരിയ കാക്കമുട്ടൈ' എന്നും 'ചിന്ന കാക്കമുട്ടൈ' എന്നും അവരെ എല്ലാവരും വിളിച്ചു.

ഭക്ഷണത്തിനു പോലും പൈസയില്ലാത്തവർ... പാവം കുട്ടികൾ മമ്മാ...''

ഗൗതം മൃദുലയുടെ അരികിലേക്കു നീങ്ങി. അവൾ അവനെ കെട്ടിപ്പിടിച്ച് ഒരുമ്മ നൽകി. ഗൗതം കുറച്ചുനേരം ഒന്നും പറയാതെ നിന്നു. പിന്നീട് കഥ തുടർന്നു... ''ആ കുട്ടികളുടെ ഹീറോ പിസ്സ കഴിക്കുന്നതു കണ്ടതു





മുതൽ അതു കഴിക്കാൻ അവർക്കു കൊതിയായി. പക്ഷേ അതിനു കൊറേ കാശു വേണം. അതില്ലല്ലോ. അതിനായി അവർ പണം സൂക്ഷിച്ചുവയ്ക്കാൻ തുടങ്ങി. പിസ്സയ്ക്കുള്ള പണം തികഞ്ഞപ്പോൾ അവർ കടയിലേക്കോടി. നല്ല ഉടുപ്പ് ഇടാത്തതുകൊണ്ട് കടയിൽ അവരെ കയറ്റിയില്ല.

പാവം! പിന്നീട് അവർ പുതിയ ഉടുപ്പ് വാങ്ങാൻ പണം കൂട്ടിവെച്ചു തുടങ്ങി. അതുമിട്ട് പിസ്സ വാങ്ങി കഴിച്ചപ്പോഴാണ് അവർക്കൊരു കാര്യം മനസ്സിലായത്.''

ഗൗതം ഒന്നും പറയാതെ കുറച്ചുനേരം അപ്പയുടെയും മമ്മയുടെയും മുഖത്തു തന്നെ നോക്കിനിന്നു.

''അതെന്താ?'' ധനേഷും മൃദുലയും ഒരുമിച്ചു ചോദിച്ചു.

ഗൗതം പറഞ്ഞു. ''അമ്മൂമ്മ ഉണ്ടാക്കിത്തരുന്ന ദോശയുടെ സ്വാദ് പിസ്സക്കില്ലെന്ന്...''

ധനേഷ് അറിയാതെ തന്റെ കുട്ടിക്കാലം ഓർത്തുപോയി. ഒരു നേരത്തെ ആഹാരത്തിനു വിഷമിച്ചതും വാശിക്കു പഠിച്ചതും ഒക്കെ ഒക്കെ... കണ്ണുകൾ നനയുന്നുണ്ടോ?

അയാൾ ഉറക്കെ ചിരിച്ചതേയുള്ളൂ....

''ഗൗതം യൂ ആർ എ ഗുഡ് ആക്ടർ ടൂ...''

അപ്പയുടെയും മമ്മയുടെയും കൈ പിടിച്ച് ഗൗതം പതിയെ ചോദിച്ചു. ''അപ്പാ, ഒരു കാര്യം പറഞ്ഞോട്ടേ?'' വല്ലാത്ത ഒരു വാത്സല്യത്തോടെ ധനേഷ് ഗൗതമിനെ ചേർത്തു പിടിച്ചു.

''എന്താടാ?, പറയ്''

''നമ്മൾ ഞായറാഴ്ച സിനിമയ്ക്കു പോകുമ്പോൾ വിനോദിനെക്കൂടെ കൊണ്ടുപോകാം..''

വീട്ടിലെ പണിക്കാരിയുടെ മകനാണ് വിനോദ്... നേവൽ ഓഫീസർമാർക്ക് അനുവദിക്കുന്ന സർവന്റ്ക്വാർട്ടേഴ്സിലാണ് വിനോദും അമ്മയും താമസിക്കുന്നത്. വീടിനു വാടക വളരെയധികം കൂടുതലുള്ള നഗരങ്ങളിൽ സൗജന്യമായി സർവന്റ്ക്വാർട്ടേഴ്സ് കിട്ടുക അവരൊക്കെ വലിയ ഭാഗ്യമായാണ് കാണുന്നത്. പകരം അവർ ശമ്പളമില്ലാതെ ഓഫീസർമാരുടെ വീട്ടിലെ പണികളൊക്കെ ചെയ്തു കൊടുക്കും.

''അപ്പാ, വിനോദ് സിനിമ കാണാൻ സാധാരണ തിയേറ്ററിലെ കുറഞ്ഞ ടിക്കറ്റിനെ പോയിട്ടുള്ളു. ഒരു മാളിലെ തിയേറ്ററിൽ അവൻ പോയിട്ടില്ല. ലുലുമാളിലെ പി വി ആറിൽ 'പാപനാസം' കാണാൻ പോകുമ്പോൾ അവനെ കൂടി കൊണ്ടു പോകാം അപ്പാ...''

ഗൗതമിന്റെ കൈപിടിച്ചു അത്ഭുതം കൊണ്ടു കണ്ണുകൾ മിഴിച്ച് എസ്കലേറ്ററിൽ പരിഭ്രമിച്ചു കയറി മാളിന്റെ മുകളിലത്തെ നിലയിലേക്കു പോകുന്ന വിനോദിനെ കണ്ടപ്പോൾ സിനിമയുടെ നിർവചനം ധനേഷിന് മനസ്സിലായി.

# സ്വപ്നം കാണുക കുട്ടികളേ

ഗിരീഷ് പുലിയൂർ

കടലോളം നീ സ്വപ്നം
കണ്ടാൽ
ഒരു കൈക്കുമ്പിൾ കിട്ടീടാം
കുന്നോളം നീ സ്വപ്നം
കണ്ടാൽ
കുന്നിക്കുരുമണി കിട്ടീടാം

കടലും കുന്നും
കിട്ടണമെങ്കിൽ
കഠിനാദ്ധ്വാനം ചെയ്യേണം
അദ്ധ്വാനം
വിജയിക്കണമെങ്കിൽ
വേണം പുത്തൻ വിജ്ഞാനം

എപ്പോഴും പുതുസ്വപ്നം
കാണാ
നുത്സാഹം കഠിനാദ്ധ്വാനം
നിങ്ങൾക്കറിയാവുന്നതിൽ
വലിയൊരു
സ്വപ്നം കാണുക കുട്ടികളേ.



വര: കെ സുധീഷ്

കഥ

# കളികൾക്കിടയിൽ

**ചന്ദ്രമതി**

ഒരു വൈകുന്നേരം കൂട്ടുകാർക്കൊപ്പം കളിക്കാനായി ആവേശത്തോടെ ഓടിയിറങ്ങി വന്നതായിരുന്നു. നിമ്മി. ഫ്ളാറ്റ്സമുച്ചയത്തിന്റെ വിശ്രമസ്ഥലത്ത് കുട്ടികൾക്കു കളിസ്ഥലവും ഊഞ്ഞാലുൾപ്പെടെയുള്ള കളിസാധനങ്ങളുമുണ്ട്. നിമ്മി ചെല്ലുമ്പോൾ കൂട്ടുകാർ കളി തുടങ്ങിയിരുന്നില്ല. അവർ കൂട്ടംകൂടി നിൽക്കുകയായിരുന്നു.

''ഇതു ദേവി.'' പുതുമുഖത്തെ അവർ നിമ്മിക്കു പരിചയപ്പെടുത്തി.'' 12 ബി യിലെ പുതിയ താമസക്കാരാണ്.''

''ഹലോ ദേവീ.'' നിമ്മി അവൾക്കു നേരേ കൈനീട്ടി.

''ഹലോ'' അവൾ ചെറുനാണത്തോടെ തിരികെ കൈനീട്ടി.

''ഇവൾക്ക് നമ്മളുടെ ഗെയിംസിലൊന്നും താല്പര്യമില്ലെന്ന്. പുസ്തകം വായിച്ചിരിക്കാനാണത്രേ ഇഷ്ടം.'' നിതിൻ പറഞ്ഞു.

''അങ്ങനെയല്ല പറഞ്ഞത്.'' ദേവി പറഞ്ഞു. കളികളെക്കാൾ പുസ്തകങ്ങളെയാണ് ഇഷ്ടമെന്നേ പറഞ്ഞുള്ളൂ.''

''കേട്ടില്ലേ കൂട്ടുകാരേ, ഇവളൊരു പുസ്തകപ്പുഴുവാണ്. പുസ്തകം കരണ്ടുതിന്ന് അവിടെങ്ങാനും ഇരുന്നോട്ടെ വരിൻ, നമുക്കു കളിക്കാം.'' ജോജി ഉറക്കെ പറഞ്ഞു.

''ഞാനും കളിക്കാൻ വരാം.'' ദേവി പറഞ്ഞു.

''ഓ, അത്ര വലിയ ത്യാഗമൊന്നും ആരും സഹിക്കണ്ട.'' നിതിൻ ചൊടിച്ചു.

''നീ ഇന്നല്ലേ വന്നുള്ളൂ? ഞങ്ങൾ എന്നും ഒത്തു കളിക്കുന്നവർ.''

''പുഴു, പുസ്തകപ്പുഴു.'' ജോജി താളത്തിൽ പാടി.

''പുഴു, പുസ്തകപ്പുഴു.'' എല്ലാവരും ഏറ്റുപാടി.

നിമ്മി ഏറ്റുപാടുന്നവരുടെ കൂട്ടത്തിൽ കൂടിയില്ല.


വര: ജയേന്ദ്രൻ

അവൾക്ക് ദേവിയോട് സഹതാപമോ ഇഷ്ടമോ എന്തോ ഒന്ന് തോന്നിത്തുടങ്ങിയിരുന്നു. മങ്ങിയ നിറമാണെങ്കിലും നല്ല കണ്ണും പല്ലുമൊക്കെയുള്ള സുന്ദരിക്കുട്ടി. നിമ്മിയുടെ പല്ലിൽ കമ്പിയിട്ടിട്ടുണ്ട്. പല്ലുകൾ താഴാൻ വേണ്ടിയാണ് കമ്പി കെട്ടിയത്. കമ്പി കെട്ടിയശേഷം ആദ്യമായി കളിക്കാൻ വന്നപ്പോഴും നിതിനും ജോവനുമൊക്കെ ഇതുപോലെ കളിയാക്കിയിരുന്നു.

''നിമ്മീടെ വായിലെ വയറിംഗ് കഴിഞ്ഞെടാ, ഇനി സ്വിച്ചിട്ടാൽ മതി.'' എന്നാണ് ജോവൻ പറഞ്ഞത്.

പല്ലുകൾ പുറത്തുകാട്ടിച്ചിരിക്കാൻപോലും അന്നൊക്കെ മടിയായിരുന്നു. അല്ലെങ്കിലും ഈ നിതിനും ജോവനും ഇത്തിരി കുറച്ചു കൂടുതലാ. അവർക്കൊപ്പം കൂടുന്ന കുറുമ്പിയാണ് പ്രീതു. ഭാഗ്യത്തിന് ഇന്നു പ്രീതു വന്നിട്ടില്ല.

''നിമ്മീ, വാ ഇവിടെ.'' കൂട്ടുകാർ വിളിച്ചു.

വിഷമിച്ചു നിൽക്കുന്ന ദേവിയോടു ''കുട്ടി പോകണ്ട. ഇവിടെയിരിക്ക്, ഞാനുടനെ വരാം.'' എന്നു പറഞ്ഞ് നിമ്മി ക്രിക്കറ്റ്ടീമിനൊപ്പം കൂടി.

കളിക്കിടയിൽ അവൾ നോക്കുമ്പോഴൊക്കെ ദേവി മരച്ചുവട്ടിൽ വെറുതെയിരിക്കുകയായിരുന്നു.

ടീമിൽ നിന്നു പുറത്തായപ്പോൾ നിമ്മി ഓടി പുതിയ കൂട്ടുകാരിക്കൊപ്പം ചേർന്നു. ആകെ വിയർത്തു കുളിച്ച് ഓടിവന്ന നിമ്മിയോട്, ''കളിച്ചുതളർന്നു അല്ലേ?'' എന്ന് ദേവി ചോദിച്ചു. ''തനിച്ചിരുന്നു മുഷിഞ്ഞു, അല്ലേ?'' എന്ന് നിമ്മി തിരിച്ചു ചോദിച്ചു.

''മുഷിഞ്ഞില്ല. നിങ്ങൾ കളിക്കുന്നതുനോക്കി

അവൾക്ക് ദേവിയോട് സഹതാപമോ ഇഷ്ടമോ എന്തോ ഒന്ന് തോന്നിത്തുടങ്ങിയിരുന്നു. മങ്ങിയ നിറമാണെങ്കിലും നല്ല കണ്ണും പല്ലുമൊക്കെയുള്ള സുന്ദരിക്കുട്ടി. നിമ്മിയുടെ പല്ലിൽ കമ്പിയിട്ടിട്ടുണ്ട്. പല്ലുകൾ താഴാൻ വേണ്ടിയാണ് കമ്പി കെട്ടിയത്. കമ്പി കെട്ടിയശേഷം ആദ്യമായി കളിക്കാൻ വന്നപ്പോഴും നിതിനും ജോവനുമൊക്കെ ഇതുപോലെ കളിയാക്കിയിരുന്നു.

ഇരിക്കുകയായിരുന്നു.''

''ക്രിക്കറ്റ് അറിയുമോ?''

''കളിച്ചിട്ടില്ല. ടിവിയിൽ കണ്ടിട്ടുണ്ട്.'' ദേവിപറഞ്ഞു. ''എന്റെ അച്ഛൻ ഭയങ്കരഫാനാ. ചിലപ്പോൾ ഓഫീസിൽ പോകാതെയിരുന്നു കളി കാണും. അമ്മയ്ക്കാണെങ്കിൽ ക്രിക്കറ്റെന്നു കേൾക്കുന്നതേ ദേഷ്യമാ. അച്ഛനെപ്പോലെ അടിമയായിപ്പോകുംന്നു പറഞ്ഞ് എന്നെ കാണാൻ സമ്മതിക്കില്ലായിരുന്നു.''

ദേവിയുടെ സംസാരം നിമ്മിക്ക് ഇഷ്ടമായി അവൾ പറഞ്ഞു.

''എന്റെ ഡാഡിയും ക്രിക്കറ്റ്ഫാനാ. കുട്ടീടെ വീട്ടീന്ന് ഒരു വ്യത്യാസമേയുള്ളൂ. എന്റെ മമ്മിയും ക്രിക്കറ്റ്ഭ്രാന്തിയാ!''

രണ്ടുപേരും ഉറക്കെച്ചിരിച്ചു. അതോടെ അവർ നല്ല സുഹൃത്തുക്കളായി.

പിറ്റേദിവസം നിതിൻ ദേവിയോടു ചോദിച്ചു. ''എയ് പുസ്തകപ്പുഴൂ, നീ മാലയുണ്ടാക്കുമോ?''

അത് നിമ്മിക്ക് അതിശയമായിരുന്നു.

''ഞാനും അമ്മയും ഉണ്ടാക്കാറുണ്ട്. മാലയും കമ്മലുമൊക്കെ.''

''ഇന്നലെ എന്റെ ചേച്ചി നിന്റെ ഫ്ളാറ്റിൽ വന്ന് അതൊക്കെ കണ്ടു.'' നിവിൻ പറഞ്ഞു.

''ആണോ?'' ദേവി സന്തോഷവതിയായി. ''എന്താ കുട്ടീടെ ചേച്ചീടെ പേര്?''

''നിലീന.'' നിതിൻ പറഞ്ഞു.

''നിലീന, ഓ, ലീനച്ചേച്ചി. ഞാൻ പരിചയപ്പെട്ടു. ലീനചേച്ചീടെ മോള് ദിയയും വന്നിരുന്നു കൂടെ.''

''അതൊരു മഹാശല്യം പെണ്ണാ.'' നിവിൻ പറഞ്ഞു.

''എന്നെ അങ്ങോട്ടുമിങ്ങോട്ടും വിടില്ല. ശാഠ്യവും കരച്ചിലും. ഒരുദിവസം ഞാൻ നല്ലതുകൊടുക്കും.''

''ദിയ കൊച്ചുകുഞ്ഞല്ലേ.'' നിമ്മി പറഞ്ഞു.

കൊച്ചുകുഞ്ഞ്! അയ്യട! അതിനെപ്പോലെ ഒരു ശല്യം വേറെയില്ല. കരയാൻ തുടങ്ങിയാൽ നിർത്തില്ല. കരയുന്നതിനുവരെ വഴക്ക് എനിക്കാ.

അപ്പോഴേക്കും എല്ലാവരും എത്തിയിരുന്നു. അവർ ടീം തിരിഞ്ഞ് കളിക്കാനൊരുങ്ങി. ''നീയും വേണമെങ്കിൽ കൂടിക്കോ.'' എന്ന് നിതിൻ ദേവിയോടു പറഞ്ഞു. ''ഇല്ല.'' എന്നു ദേവിയും പറഞ്ഞു.

''ഇന്നു ഞാനുമില്ല. കൂട്ടുകാരേ.'' നിമ്മി പറഞ്ഞു. ''ദേവിയും ഞാനും ഒരിടം വരെ പോകുന്നു.''

''എവിടെയാ? ജോജി തിരികെ മറുപടി പറയാൻ തുടങ്ങിയ ദേവിയെ തടഞ്ഞ് നിമ്മി പറഞ്ഞു. ''പറയില്ല. ചുണയുണ്ടെങ്കിൽ കണ്ടുപിടിക്ക്.''

അവർ പോയത്. ഫ്ളാറ്റിന്റെ താഴത്തെ നിലയിൽ ഓഫീസിനോടടുത്തുള്ള

ചെറിയ ലൈബ്രറിയിലേക്കായിരുന്നു. അങ്ങോട്ട് നടക്കുമ്പോൾ നിമ്മി പറഞ്ഞു.

''നിന്റെ അമ്മ മാലയും വളയുമുണ്ടാക്കുമെന്ന് നിതിന്റെ ചേച്ചി എങ്ങനെയറിഞ്ഞു?''

''ആലപ്പുഴയില് ഞങ്ങടെ വീടിനടുത്തുണ്ടായിരുന്ന ശോഭചേച്ചി ലീനചേച്ചീടെ കൂടെ പഠിച്ചതാ. അവര് പറഞ്ഞറിഞ്ഞു വന്നതാണ്.''

''എന്തു മാലയും കമ്മലുമൊക്കെയാ അമ്മ ഉണ്ടാക്കുന്നത്?''

''പളുങ്ക്... മുത്ത്... മാല.... ചെറിയ ശംഖ്... അങ്ങനെ...''

''ഞാനും വരാം അമ്മയേയും കൂട്ടി.'' നിമ്മി പറഞ്ഞു.

''വരണം, നിനക്കൊരു മാല ഫ്രീ ആയിത്തരാം.''

ലൈബ്രറിയിൽ നിന്ന് ദേവി സുമംഗലയുടെ മിഠായിപ്പൊതിയും നിമ്മി മാലിയുടെ സർക്കസ്സും തെരഞ്ഞെടുത്തു. പുതിയ കൂട്ടുകാരിയെക്കുറിച്ച് ലൈബ്രറിയങ്കിൾ നിമ്മിയോടു ചോദിച്ചു. ദേവിയുടെ വായനാശീലവും അമ്മയുടെ മാലനിർമ്മാണവുമൊക്കെ നിമ്മി പറയുകയും ചെയ്തു. ''എന്റെ ഭാര്യക്ക് പുതിയ ഫാഷൻ മാലകളിഷ്ടമാ. സ്വർണ്ണമെന്നുവച്ചാൽ കണ്ടുകൂടാ. ഇതൊക്കെ എവിടെ ക്കണ്ടാലും വാങ്ങിച്ചുകൂട്ടും.'' ലൈബ്രറിയങ്കിൾ പറഞ്ഞു.

''ഞാനങ്ങോട്ടു പറഞ്ഞുവിടാം. 12 ബി അല്ലേ?''

പുതിയ അയൽക്കാരൊക്കെ നല്ലവരാണെന്നു ദേവിക്കു തോന്നി.

അങ്ങനെ ഒരു ദിവസം ദേവിയും നിമ്മിയുംകൂടി കളിസ്ഥലത്തെ മരച്ചുവട്ടിനു താഴെ ഇരിക്കുകയായിരുന്നു. നിതിൻ വരുമ്പോൾ അവന്റെ ചുമലിൽ അള്ളിപ്പിടിച്ച ഒരു കൊച്ചുകുഞ്ഞുണ്ടായിരുന്നു.

''അയ്യോ ദിയ.'', നിമ്മി ഓടിച്ചെന്നു. പിറകേ ദേവിയും.

''അതേ, ദിയ. ഇന്നാ പിടിച്ചോ.'' നിതിൻ കുഞ്ഞിനെ നിമ്മിയുടെ കൈകളിലേക്കിട്ടു. ഒരുവിധത്തിൽ എന്നെ വിടുകില്ല. കീറലോടു കീറൽ. ജീവിക്കാൻ സമ്മതിക്കില്ല.''

''ആരുമില്ലേ വീട്ടിൽ?'' ദേവി ചോദിച്ചു.

''എല്ലാരും ഓഫീസിലൊക്കെ പോയില്ലേ? എന്റെ അമ്മ മാത്രമേയുള്ളൂ. അതു കുളിക്കുവാ. ഈ സാധനത്തിനെ നോക്കാൻ പറഞ്ഞു. ഇതടങ്ങിയിരിക്കുമോ? എല്ലാം വലിച്ചെറിയും. ഉണ്ടാക്കുന്ന നാശത്തിനൊക്കെ എനിക്കു വഴക്കുംകിട്ടും.''

''അമ്മയറിഞ്ഞോ ഇങ്ങു കൊണ്ടുവന്നത്?''

''ഇല്ല.''

''അന്വേഷിക്കില്ലേ?''

''അന്വേഷിക്കട്ടെ.''

ദിയ നിലത്തെ പൂഴിമണ്ണു വാരിക്കളിക്കാൻ തുടങ്ങി. ''ഇവൾ ആദ്യമായിട്ടാണു മണ്ണുകാണുന്നതെന്നു തോന്നുന്നു.'' ദേവി പറഞ്ഞു.

''ശരിയാ. ഫ്ളാറ്റിലെവിടെയാ മണ്ണ്?'' നിമ്മി ശരിവെച്ചു.

പല്ലില്ലാത്ത മോണ കാട്ടി ച്ചിരിച്ചുകൊണ്ട് ദിയ മണ്ണിലിഴഞ്ഞു കല്ലും ഇലയുമൊക്കെ നുള്ളിപ്പെറുക്കാൻ തുടങ്ങി. കല്ലോ ഇലയോ കണ്ടാലുടനെ അതീവശ്രദ്ധയോടെ അവൾ വിരലുകൾ കൊണ്ട് അതെടുക്കുന്നതു കാണാൻ നല്ല ചന്തമായിരുന്നു. ഒന്നും വായിലിടാതെ ശ്രദ്ധിച്ച് നിമ്മിയും ദേവിയും കൂടെ നടന്നു.

നിതിനും കൂട്ടരും പൊരിഞ്ഞ ക്രിക്കറ്റ് യുദ്ധത്തിലായിരുന്നു. പുറത്താക്കപ്പെട്ട നിതിൻ നേരത്തെ പുറത്തായ തന്റെ കൂട്ടുകാരൻ പോളിയുമൊത്ത് പോളിയുടെ സൈക്കിളിൽ കയറി. ''ഇപ്പോൾ വരാമേ.'' എന്നു പറഞ്ഞ് രണ്ടുപേരും മറഞ്ഞു.

ദിയയെ ''കാക്കേ കാക്കേ കൂടെവിടെ'' പഠിപ്പിക്കാൻ ശ്രമിച്ചു പരാജയപ്പെട്ട നിമ്മിയോട് ''അവൾ സംസാരിച്ചു തുടങ്ങിയില്ലല്ലോ'' എന്നു ദേവി ഓർമ്മിപ്പിച്ചു. കളിച്ചു തളർന്ന ദിയ ഉറങ്ങാനുള്ള കരച്ചിൽ തുടങ്ങി.

''നമുക്കു വാവയെ നിതിനെ ഏല്പിച്ചിട്ടു പോകാം.'' ദേവി പറഞ്ഞു. ''സന്ധ്യയാകുന്നു. വീട്ടിൽ തിരക്കും.''

പക്ഷേ നിതിനെ കണ്ടില്ല. കളി കഴിഞ്ഞുകയറിയവർ ഓരോരുത്തരായി വന്ന് ഉറങ്ങുന്ന ദിയയെ നോക്കിച്ചിരിച്ച് പൊയ്ക്കൊണ്ടിരുന്നു. ജോജി മാത്രം ഒരു നിമിഷം നിന്നു– ''നിതിനെവിടെ?'' എന്നു ചോദിച്ചു.

''പോളിയോടൊപ്പം പോയതാ.'' നിമ്മി പറഞ്ഞു

''എവിടേക്കായിരിക്കും?''

''ആ.... എനിക്കറിയില്ല.''

**പല്ലില്ലാത്ത മോണ കാട്ടിച്ചിരിച്ചുകൊണ്ട് ദിയ മണ്ണിലിഴഞ്ഞു കല്ലും ഇലയുമൊക്കെ നുള്ളിപ്പെറുക്കാൻ തുടങ്ങി. കല്ലോ ഇലയോ കണ്ടാലുടനെ അതീവശ്രദ്ധയോടെ അവൾ വിരലുകൾ കൊണ്ട് അതെടുക്കുന്നതു കാണാൻ നല്ല ചന്തമായിരുന്നു. ഒന്നും വായിലിടാതെ ശ്രദ്ധിച്ച് നിമ്മിയും ദേവിയും കൂടെ നടന്നു.**



വിയർത്ത മുഖം ഷർട്ടിന്റെ കൈയിൽ ഏന്തിത്തുടച്ചു കൊണ്ട് ജോജി പറഞ്ഞു.

''ഈ വാവയെക്കൂടെ കൊണ്ടുപോകാമോ?'' ദേവി ചോദിച്ചു. ''ഞങ്ങൾക്കു പോകണം.''

''ഇതിനെക്കൂടെ ഞാൻ കൊണ്ടുപോകാനോ? നന്നായി.'' ജോജി ചിരിച്ചു. ''എന്റെ വീട്ടിൽ ഇതുപോലെ രണ്ടെണ്ണമുണ്ട്. അതിനെക്കൊണ്ടേ പൊറുതിമുട്ടിയിരിക്കുമ്പോഴാ ഇനി മൂന്നാമതൊന്ന്.''

കളിക്കളവും ചുറ്റുപാടും ഇരുണ്ടുതുടങ്ങിയിരുന്നു.

''അയ്യോ! അമ്മ വഴക്കു പറയുമല്ലോ.'' ദേവി പറഞ്ഞു. ''നമുക്കൊരു കാര്യം ചെയ്യാം. കുഞ്ഞിനെ നിവിന്റെ വീട്ടിൽ കൊടുത്തിട്ടുപോകാം. എത്രയാണ് അവന്റെ ഫ്ളാറ്റ് നമ്പർ?''

''അയ്യോ എനിക്കറിയില്ല.'' നിമ്മി തലയിൽ കൈവച്ചു.

''ഇത്രയും നാൾ തന്റെ കൂട്ടുകാരനായിരുന്നിട്ടും തനിക്ക് അവന്റെ ഫ്ളാറ്റു നമ്പർ അറിയില്ലേ?''

''ഇത്രേം കുട്ടികളുടെ ഫ്ളാറ്റ് നമ്പർ ഞാനെങ്ങനെ അറിയും.'' നിമ്മി നിസ്സാഹയത വെളിവാക്കി.

ഒരു കാര്യം ചെയ്യാം. ദേവി പറഞ്ഞു. ''നമുക്കിവനെ എന്റെ ഫ്ളാറ്റിലേക്കു കൊണ്ടുപോകാം. ഇന്നലെ അവന്റെ ചേച്ചി വന്നതല്ലേ മാലയൊക്കെ നോക്കാൻ? എന്റെയമ്മക്ക് ചിലപ്പോൾ അവന്റെ ഫ്ളാറ്റ് നമ്പർ അറിയാമായിരിക്കും.''

അതൊരു നല്ല ഐഡിയയാണെന്ന് നിമ്മിക്കു തോന്നി.

''കൊള്ളാം ദേവീ. പക്ഷേ ഞാൻ വരണോ? നേരം വൈകി. അമ്മ വഴക്കുപറയും.''

''അത്, എന്നേം വഴക്കു പറയുമെന്നേ. ദിയ മോളെ കൊടുത്തിട്ട് ഞാനും അമ്മേം കൂടി കുട്ടിയെ കൊണ്ടുവിടാം.''

ഉറങ്ങുന്ന ദിയയെ ദേവിയുടെ അമ്മ ഏറ്റുവാങ്ങി ചുംബിച്ചു. ''ഞാനോർക്കുന്നുണ്ട്. ലീന പറഞ്ഞത്, 48 എ എന്നോ ബി എന്നോ ആണ്. ഏതായാലും 48 ആണ്. നമുക്കു വേഗം കുഞ്ഞിനെ കൊടുക്കാം. അവർ വിഷമിച്ചിരിക്കുകയാവും.''

നിമ്മിക്ക് അവർ ഉണ്ടാക്കുന്ന മാലയും വളയും കണ്ടാൽ കൊള്ളാമെന്നു തോന്നിയെങ്കിലും സമയം വൈകിയതുകൊണ്ട് അതു മിണ്ടിയതേയില്ല.

ലിഫ്റ്റിൽ നിന്നിറങ്ങിയപ്പോൾ, 48 എ യുടെ മുന്നിൽ ശങ്കർ നാരായണൻ എന്ന പേരു കണ്ടപ്പോൾ, നിമ്മി പെട്ടെന്നോർത്തു. നിതിൻ നാരായണൻ എന്നാണു നിതിന്റെ പേര്. അപ്പോൾ ഇതുതന്നെയാവണം.

അവർ 48 എ യുടെ ബെല്ലടിച്ചു.

ആവേശത്തോടെ നിലീന കുഞ്ഞിനെ വാരിയെടുത്തു കരഞ്ഞുകൊണ്ട് ഉമ്മവയ്ക്കാൻ തുടങ്ങി. ''എന്റെ മോളേ.. എന്റെ മോളേ.. എന്റെ പൊന്നുമോളേ..'' എന്നവൾ പറഞ്ഞുകൊണ്ടിരുന്നു.

കഥ മുഴുവൻ കേട്ടു കഴിഞ്ഞപ്പോൾ ലീന പറഞ്ഞു ''നിമ്മിയുടെ അച്ഛനെയും അമ്മയെയും ഇവിടത്തെ അസോസിയേഷൻ മീറ്റിം



**അമ്മമാർ സംസാരിക്കുമ്പോൾ നിമ്മിയും ദേവിയും സ്വീകരണമുറിയിലെ കൗതുകക്കാഴ്ചകൾ കണ്ടു ചുറ്റി നടന്നു. ലീന അവർക്കു തണുപ്പിച്ച മാമ്പഴച്ചാർ നൽകി. അപ്പോഴേക്കും അന്വേഷണസംഘം തിരിച്ചെത്തി. അച്ഛനും ചേട്ടനും പിന്നിലായി കരഞ്ഞു തളർന്ന കണ്ണുകളോടെ നിതിൻ കയറിവന്നു. അവൻ ദേവിയെയോ നിമ്മിയെയോ നോക്കിയില്ല.**



ഗുകളിൽ കണ്ടിട്ടുണ്ട് എന്നല്ലാതെ ഏതു ഫ്ളാറ്റിലാണ് എന്നൊന്നുമറിയില്ല. പേരും അറിയില്ല. നിതിനെയും കുട്ടിയെയും അന്വേഷിച്ചു പോയിരിക്കുകയാണ് എന്റെ അച്ഛനും ഭർത്താവും. ഞാൻ വിളിച്ചു പറയട്ടെ.''

നിതിന്റെ അമ്മയുടെ കൈയിൽ കുഞ്ഞിനെ ഏല്പിച്ചിട്ട് നിലീന മൊബൈൽ കൈയിലെടുത്തു.

''നിങ്ങൾ ഇരിക്കൂ.'' നിതിന്റെ അമ്മ പറഞ്ഞു. ''ഞാൻ കുഞ്ഞിനെ കിടത്തിയിട്ടുവരാം.''

''നമ്മൾ അടുത്തടുത്തു താമസിക്കുന്നുവെന്നല്ലാതെ പരസ്പരം അറിയുന്നില്ല.'' ദേവിയുടെ അമ്മ പറഞ്ഞു.

''കുട്ടികൾ കളിസ്ഥലത്തു കാണുന്നു, പിരിയുന്നു. പേരല്ലാതെ ഒന്നും അവരും അറിയുന്നില്ല. അതാണു കുഴപ്പം.''

''ശരിയാണ്.'' നിതിന്റെ അമ്മ പറഞ്ഞു. ''മീറ്റിംഗുകൾക്കു വന്നാലും പരസ്പരം അറിയാൻ താത്പര്യം കാട്ടാറില്ല. തൊട്ടടുത്തു താമസിക്കുന്നവരെപ്പോലും പലപ്പോഴും അറിയില്ല.''

''നമ്മൾ വിചാരിച്ചാൽ ഒരളവുവരെ അതുമാറ്റാം.''

അമ്മമാർ സംസാരിക്കുമ്പോൾ നിമ്മിയും ദേവിയും സ്വീകരണമുറിയിലെ കൗതുകക്കാഴ്ചകൾ കണ്ടു ചുറ്റിനടന്നു. ലീന അവർക്കു തണുപ്പിച്ച മാമ്പഴച്ചാർ നൽകി.

അപ്പോഴേക്കും അന്വേഷണസംഘം തിരിച്ചെത്തി. അച്ഛനും ചേട്ടനും പിന്നിലായി കരഞ്ഞു തളർന്ന കണ്ണുകളോടെ നിതിൻ കയറിവന്നു. അവൻ ദേവിയെയോ നിമ്മിയെയോ നോക്കിയില്ല.

''എന്നാലും കുഞ്ഞിനെ മറന്ന് വഴിയിലിട്ടു വീട്ടിൽ വരാൻ നീയല്ലാതെ ആരുമുണ്ടാവില്ലെടാ.'' ലീന പറഞ്ഞു.

''അതുപോകട്ടെ. അവനെ കൂടുതൽ വിഷമിപ്പിക്കണ്ട.'' വാവയുടെ അച്ഛൻ പറഞ്ഞു. അയാൾ ഒരു കൈകൊണ്ടു അവനെ സ്വശരീരത്തോടു ചേർത്തുനിർത്തി.

സ്വന്തം ഫ്ളാറ്റുകളിലേക്കു മടങ്ങുമ്പോൾ ദേവിയും നിമ്മിയും ഒരു തീരുമാനമെടുത്തു. മുതിർന്നവർക്കു സമയമില്ലെങ്കിൽ വേണ്ട, നമ്മൾക്ക് പരസ്പരം അറിയണം. കളിക്കാൻ വരുന്ന എല്ലാവരെയും നല്ലവണ്ണമറിയണം.

ഒരു ചെറിയ തുടക്കമാകട്ടെ.

# സൗന്ദര്യലഹരി

ഡോ. നെടുമുടി ഹരികുമാർ

ചെമ്മാനത്തിൻ സൗന്ദര്യം
ചെമ്പകമൊട്ടിൻ സൗന്ദര്യം
പൊന്നോണത്തിനു സ്വാഗതമോതും
തുമ്പപ്പൂവിൻ സൗന്ദര്യം
വാർമഴവില്ലിൻ സൗന്ദര്യം
വാകപ്പൂവിൻ സൗന്ദര്യം
നീലക്കാടും മലനിരയും ചേ-
ർന്നേകുമൊരുജ്ജ്വല സൗന്ദര്യം
പൂത്തുമ്പികളുടെ സൗന്ദര്യം
പൂഞ്ചോലകളുടെ സൗന്ദര്യം
പൊന്നിൻ പൂക്കണിയേകാനെത്തും
കൊന്നപ്പൂവിൻ സൗന്ദര്യം
മാമലനാടിൻ സൗന്ദര്യം
മലയാളത്തിൻ സൗന്ദര്യം
പ്രകൃതികനിഞ്ഞരുളുന്നൂനിത്യം
സൗന്ദര്യോത്സവ മധുലഹരി.



വര: സുവർണ



# ശ്രാവണസ്മൃതി

**സുമേഷ്കൃഷ്ണൻ എൻ എസ്**

ചിങ്ങമെന്നാത്മാവിനുള്ളിലെന്നും
തെങ്ങിളനീരിൻ കുളിർമയല്ലോ
ഓർമയിലായിരം താരിതളിൻ
നേർമ്മയും തേനും മണവുമല്ലോ
അത്തക്കിനാവിൽ ചിരിപ്പതെന്റെ
ചിത്തക്കൊലുസ്സിൻ മണികളല്ലോ
പുത്തൻ പുലർച്ചയിൽ പൂവിറുക്കാ-
നെത്തുന്നതെൻ ബാല്യകാലമല്ലോ
തോട്ടുവക്കിൽ പുഞ്ചിരിപ്പതെന്റെ
കൂട്ടുകാരിക്കുനുതുമ്പയല്ലോ
ചെഞ്ചേലചുറ്റിയൊരുങ്ങിയോളെൻ
പഞ്ചാരപ്പുന്നാരത്തെച്ചിയല്ലോ
ഏലേലം പാടിയണഞ്ഞവളെ-
ന്നോലവാലിക്കളിത്തോഴിയല്ലോ
നെഞ്ചിലെ പച്ചിച്ചൊരെൻഞരമ്പിൽ
പുഞ്ചവയലിൻ ചെറുപ്പമല്ലോ
വെറ്റക്കൊടിയിൽ പടർന്നതുനാ-
മൊറ്റയല്ലെന്നുള്ള സത്യമല്ലോ
ഓർമകളുള്ളിൽത്തെളിഞ്ഞു നിൽപ്പൂ
കാർമേഘമില്ലാത്ത വിണ്ണുപോലെ
നാക്കിലത്തുമ്പത്തെന്നമ്മ നൽകും
വാക്കിന്നിനിപ്പിരട്ടിച്ചിടുമ്പോൾ
ഓണമൊരുത്സവം മാത്രമല്ലെ-
ന്നാണയിട്ടുള്ളിൽ പറഞ്ഞിതാരോ
ഓണമൊരുത്തമ പൈതൃകമെ-
ന്നീണത്തിൽ പാടിത്തരുന്നിതാരോ
ത്യാഗസംസ്കാരം ജ്വലിച്ചുനിൽക്കും
യാഗമെന്നോതിത്തരുന്നിതാരോ

വര: മിഥുൻ മോഹൻ

# ഒരോർമ്മ

## സുഗതകുമാരി

എന്റെ കുട്ടിക്കാലത്തെ ദീപ്തമായ ഓരോർമ ഇവിടെ കുറിക്കുന്നു. ഞങ്ങളുടെ അച്ഛൻ (ബോധേശ്വരൻ) പഴയ കോൺഗ്രസ്സുകാരനും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്നു. ഖദർ വേഷം, ഗാന്ധിത്തൊപ്പി. ഒത്ത പൊക്കവും വിരിഞ്ഞ മാറിടവും നീണ്ട ഭുജങ്ങളും വിടർന്ന നെറ്റിയും വിശാലമായ ഇളം ചുവപ്പുകലർന്ന വലിയ കണ്ണുകളും ചേർന്ന ആ രൂപം ഏതാൾക്കൂട്ടത്തിലും ഉയർന്ന് ഒറ്റപ്പെട്ടു നിന്നു.

അച്ഛൻ ഞങ്ങളെ എന്റെ ചേച്ചി ഹൃദയകുമാരിയെയും എന്നെയും പലപ്പോഴും നടക്കാൻ കൊണ്ടുപോകുമായിരുന്നു. ഞങ്ങളുടെ അനുജത്തി സുജാത പിന്നീട് ഏറെ കഴിഞ്ഞാണു പിറന്നത്. അങ്ങനെയുള്ളൊരു സായാഹ്നനടത്തത്തിനിടയിലെ ഒരു സംഭവമാണ് ഈ സ്വാതന്ത്ര്യദിനവേളയിൽ ഞാൻ വീണ്ടും ഓർമിക്കുന്നത്.

തിരുവനന്തപുരം തൈക്കാട് റസിഡൻസി കെട്ടിടം അന്ന് ബ്രിട്ടീഷു പ്രസിഡന്റിന്റെ ഭരണകേന്ദ്രമായിരുന്നു. സായിപ്പു ഭരിക്കുന്ന കാലം. ഉയർന്ന കൊടിമരത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പതാക, യൂണിയൻ ജാക്ക് അഹങ്കാരത്തോടെ പാറിക്കളിക്കുന്നു. വെളുത്ത ചുമന്ന മുഖമുള്ള വെള്ളപ്പട്ടാളക്കാർ തോക്കുമേന്തി ഗേറ്റിൽ കാവൽ നിൽക്കുന്നു. റോഡിൽ നിന്ന് ആ കൊടി ചൂണ്ടിക്കാണിച്ചു കൊണ്ട് അച്ഛൻ പറഞ്ഞു, ''നോക്കൂ നാളെ ആ കൊടിമരത്തിൽ നമ്മുടെ കൊടി, ത്രിവർണപതാക പാറിപ്പറക്കും. ഈ ഗേറ്റിൽ കാവൽ നിൽക്കുന്നത് നമ്മുടെ നാട്ടുകാരായ പട്ടാളക്കാരായിരിക്കും. നിങ്ങൾക്ക് ആ കാഴ്ച കാണാൻ സാധിക്കും.''

അമ്പരപ്പോടെ ഞാനാ കൊടിയിലും പട്ടാളക്കാരുടെ രൂക്ഷമുഖങ്ങളിലും മാറിമാറി നോക്കിനിന്നു. ഗാന്ധിത്തൊപ്പി വെച്ച ഖദർവേഷം ധരിച്ച ഈ മനുഷ്യൻ രാജദ്രോഹിയാണെന്ന ഭാവം അവരുടെ മുഖഭാവത്തിലുണ്ടായിരുന്നു. രോഷവും പുച്ഛവും നിറഞ്ഞ യജമാനഭാവം! മുകളിൽ ഉയർന്നു പറക്കുന്ന ബ്രിട്ടീഷ് പതാക!

ഞാനിന്നും ഓർക്കുക യാണ്. ആ കൊടി താഴുന്നതും നമ്മുടെ കൊടി ഉയർന്നു പറക്കുന്നതും കാണാൻ ഞങ്ങൾക്കു ഭാഗ്യമുണ്ടായി. നമ്മുടെ കൊടിയുടെ തണലിലാണ് ജനാധിപത്യത്തിന്റെ മഹാശക്തിയിലാണ് നാമിന്ന് അഭിമാനത്തോടെ ജീവിക്കുന്നത്. ഈ അഭിമാനം എന്നും നിലനിർത്തുവാൻ ഇന്ത്യയുടെ കുഞ്ഞുങ്ങൾക്കു കഴിയുമാറാകട്ടെ.



വര: സുധീർ പി വൈ

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70
Regd KL/TV (N)/399/2015-2017

August 2015
Published on 29-7-2015 Vol:21, Issue:8, ₹15


# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകങ്ങൾ




**മലയാളക്കളികൾ**
കാഞ്ഞിരമറ്റം സുകുമാരൻ
വില ₹100

**കഥ പറയും കാട്**
ആബിദ യൂസഫ്
വില ₹40







**സ്കൂൾക്കഥകൾ**
എം കൃഷ്ണദാസ്
വില ₹60

**കല്ലിൽ നിന്നും കടലാസിലേക്ക്**
ബീന ജോർജ്
വില ₹50




കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്